തലനാട് ഗ്രാമപഞ്ചായത്ത്



വികസനരേഖ



എന്റെ സ്വപ്നത്തിലുള്ള സ്വരാജ്
ദരിദ്രന്റെ സ്വരാജാണ്

ഒരു ധനവാനു ലഭിക്കുന്ന എല്ലാ ജീവിത സൗകര്യങ്ങളും
ദരിദ്രനായവനും ലഭിക്കണം

ആ സൗകര്യങ്ങൾ നിങ്ങൾക്കു കിട്ടാത്തിടത്തോളം
സ്വരാജ് പൂർണ്ണസ്വരാജാവുകയില്ല.



ജനകീയാസൂത്രണം

ഗ്രാമവികസനത്തിന് ഒരാമുഖം

തലനാട് ഗ്രാമപഞ്ചായത്ത്

സമഗ്ര വികസന രേഖ



പഞ്ചായത്ത് വികസന സെമിനാർ

തലക്കാട് ഗ്രാമ പഞ്ചായത്ത്

വികസനം ആസൂത്രണത്തിലൂടെ

അധികാരം ജനങ്ങൾക്ക്

തലനാടിന്റെ ശില്പി



ശ്രീ. മാടപ്പാട്ടു ഗോപാലപിള്ള

പ്രഥമ പഞ്ചായത്തുപ്രസിഡന്റ്

മുൻകാല ഭരണസമിതി അംഗങ്ങൾ

1969—79

ശ്രീ. മാടപ്പാട്ടുഗോപാലപിള്ള
(പ്രസിഡൻറ്)

,, മുഹമ്മദ് പാലേറ്റ്
(വൈ. പ്രസിഡൻറ്)

,, മുഹമ്മദ് മുതുകാട്ടിൽ

,, M. K. സുകുമാരൻ മേക്കുന്നേൽ

,, നാരായണൻ കരിപ്പുകാട്ടിൽ

,, കൃഷ്ണൻ നടുക്കരോട്ട്

1979—87

ശ്രീ. കെ. എച്ച്. ഇബ്രാഹിം
(പ്രസിഡൻറ്)

,, കെ. കെ. ചാക്കോ
(വൈ. പ്രസിഡൻറ്)

,, സി. കെ. ചന്ദ്രൻ

,, ടി. കെ. രാഘവൻ

ശ്രീ. കുര്യൻ മുതുകാട്ടിൽ

,, ജോസഫ് ഞായറുകുളം

,, രാമൻകുട്ടി അടുകാട്

,, നളിനി നടുക്കരോട്ട്

1987—95

ശ്രീ. എം. എസ്. തോമസ്
(പ്രസിഡൻറ്)

ശ്രീമതി മേരിജോൺ
(വൈ. പ്രസിഡൻറ്

,, അച്ചാമ്മ ജോസഫ്

ശ്രീ. എൻ.ടി. ലൂക്കാ


,, പി. എസ്. ബാബു

,, പി. കെ. ഹുസൈൻ

,, പി. എസ് നാരായണൻ

,, രാഘവൻ ആദിച്ചൻ

മുൻകാല പ്രസിഡൻറുമാർ



K H ഇബ്രാഹിം




M. S. തോമസ്

നിലവിലുള്ള ഭരണസമിതി



മേരിക്കുട്ടി മാത്യു
വൈസ് പ്രസിഡൻറ്



K. H. ഇബ്രാഹിം
പ്രസിഡൻറ്




രോഹിണിഭായ്
സ്റ്റാൻറിംഗ് കമ്മിറ്റി
ചെയർപേഴ്സൺ



K. D. കുര്യൻ



K. S. രമണൻ



K. രാജു



ജോർജ് ലാസർ



ഇന്ദിര ശിവദാസ്



പ്രസിദ്ധീകരണ സമിതി



കെ. എച്ച് ഇബ്രാഹിം
ചെയർമാൻ

△△

രോഹിണീഭായ് ഉണ്ണിക്കൃഷ്ണൻ
കൺവീനർ

△△

ബേബി ജോർജ്
ചീഫ് എഡിറ്റർ

△△


എഡിറ്റോറിയൽ സ്റ്റാഫ്

തോമസ് തലനാട്
എം. ജി. ഉണ്ണിക്കൃഷ്ണൻ
അബ്ദുൾ റഹിം
വിനോദ് ചന്ദ്രൻ
ഫിലോ രാജൻ

കവർ
റഹിം

രൂപകല്പന
തോമസ്

അച്ചടി
പ്രസിഡൻസി, ഈരാറ്റുപേട്ട


തലനാട് ഗ്രാമ പഞ്ചായത്ത്
വാർഡ് 8
വാർഡ് 7
വാർഡ് 6
വാർഡ് 5
വാർഡ് 3
വാർഡ് 4
വാർഡ് 2
വാർഡ് 1
ദിശകൾ
N
E
W

ഉള്ളടക്കം

1 ആമുഖം
2 പ്രസക്ത വിവരങ്ങൾ
3 ചരിത്ര പശ്ചാത്തലം
4 ഭൂപ്രകൃതി
5 സാമൂഹിക സാമ്പത്തിക മേഖലകൾ
5-1 കൃഷിയും ജലസേചനവും
5-2 മൃഗസംരക്ഷണം
5-3 വ്യവസായം
5-4 വിദ്യാഭ്യാസം
5-5 കുടിവെള്ളവും പൊതുജനാരോഗ്യവും
5-6 ഗതാഗതം ഊർജ്ജം
5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5-8 സംസ്കാരം
5-9 വനിതാക്ഷേമം
5-10 സഹകരണ മേഖല
5-11 പട്ടികജാതി പട്ടികവർഗ്ഗം
5-12 ടൂറിസം
5-13 വിവേസ്മാഹരണം
6 ഉപസംഹാരം

ആമുഖം

സ്വതന്ത്ര ഭാരതത്തിൽ എട്ടുപദ്ധതികളും കഴിഞ്ഞിട്ടും ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നില്ല. ഗാന്ധിജിയുടെ സ്വപ്നമായിരുന്ന "ഗ്രാമപഞ്ചായത്തുകളും" പോലും നിലവിൽ വന്നത് സ്വാതന്ത്ര്യം ലഭിച്ച് 47 വർഷങ്ങൾക്കു ശേഷമാണ്. വികസന പ്രക്രിയയിൽ സ്ത്രീ പങ്കാളിത്തത്തിന്റെ കുറവുണ്ടായിരുന്നു. ഭാരതത്തിൽ സ്ത്രീകളിൽ 80 ശതമാനവും വീട്ടമ്മമാരാണ്. പ്രസവിക്കാനും കുഞ്ഞുങ്ങളെയും ഭർത്താവിനെയും പ്രായമായവരെയും ശുശ്രൂഷിക്കാനും വിധിക്കപ്പെട്ടവർ. ഇതിനൊരു മാറ്റം ഉണ്ടായെ തീരൂ.

സാമൂഹ്യക്ഷേമരംഗത്ത് പുതിയ കാൽവയ്പുകൾ നടത്തിയ കേരളം, വീണ്ടും മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാവാൻ പോവുകയാണ്. നമ്മുടെ ഇപ്പോഴത്തെ സർക്കാരിന്റെ പൊതുജന പങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകരണ ആസൂത്രണ പ്രസ്ഥാനം നമ്മുടെ വികസനത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കുകയാണ്.

പൊതുജനപങ്കാളിത്തത്തോടെ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്ന ഒരു പാരമ്പര്യം കേരളത്തിനുണ്ട്. പുരോഗതിയുടെ പാതയിലെ ഒരു നാഴികകല്ലാണത്. സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ സംസ്ഥാനത്ത് ആരംഭിച്ച ഗ്രന്ഥശാലാപ്രസ്ഥാനം സാമ്രാജ്യത്വ ശക്തികൾക്കെതിരെ പോരാടാൻ നമ്മെ സഹായിച്ചു. 1980-കളിൽ കേരളം മറ്റൊരു ഉൽകൃഷ്ടസാഹസത്തിനു സാക്ഷ്യം വഹിച്ചു:- സമ്പൂർണ്ണ സാക്ഷരതാപ്രസ്ഥാനം.

നമ്മുടെ രാജ്യത്തെ ആസൂത്രണസങ്കൽപ്പത്തെക്കുറിച്ച് പുനർചിന്തനം ചെയ്യുന്നതിനുള്ള ഒരു മുന്നറിയിപ്പാണ്, ഇപ്പോഴത്തെ ജനകീയാസൂത്രണപ്രസ്ഥാനം.

1957-ൽ ആരംഭിച്ച നമ്മുടെ ആസൂത്രണ പരിപാടികളും കേന്ദ്രീകൃതമായിരുന്നു. മുകളിൽ നിന്നും പദ്ധതികളും ആവിഷ്ക്കരിച്ച നടപ്പിലാക്കുകയായിരുന്നു പതിവ്. അധികാരത്തിന്റെ ദണ്ഡഗോപുരങ്ങളിൽ നിന്നും ചോദിക്കാതെ ലഭിക്കുന്ന സമ്മാനമായി മാത്രമെ ജനങ്ങളും ഇതിനെ കണക്കാക്കിയിരുന്നുള്ളു. നാടിന്റെ വികസനപ്രവർത്തനം നടത്തേണ്ടത് ഉദ്യോഗസ്ഥരാണെന്നും, ജനങ്ങൾക്ക് അതിൽ യാതൊരു പങ്കും ഇല്ലെന്നുള്ള ധാരണ ഇതുമൂലം ഉണ്ടായി. ഇത് നമ്മുടെ വികസനപ്രക്രിയയെ പിന്നോക്കം കൊണ്ടുപോയി.

അതുകൊണ്ടാണ് ഒൻപതാംപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചത്.

വികസന പദ്ധതികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നതിൽ സംസ്ഥാനത്തെ ഒരോ പൗരനും തന്റേതായ പങ്കുണ്ട്. ചുരുക്കത്തിൽ ഒൻപതാംപദ്ധതി ജനങ്ങൾക്കു വേണ്ടിയുള്ള ജനങ്ങളുടെ പദ്ധതിയാണ്. അതുകൊണ്ടാണല്ലോ മറ്റു സംസ്ഥാനങ്ങളും ഇക്കാര്യത്തിൽ കേരളത്തെ മാതൃകയാക്കുന്നത്.

ജനകീയാസൂത്രണത്തോടനുബന്ധിച്ചുള്ള ജില്ലാ പരിശീലനത്തിൽ പഞ്ചായത്തിൽ നിന്നും 4 പേർ പങ്കെടുത്തു. പഞ്ചായത്തുതല പരിശീലനം 22-9-96-ൽ തലനാട് എം. ജി. പി. എൻ. എസ്. എസ്. ഹൈസ്ക്കൂൾഹാളിൽ നടത്തി. 107 പേർ പങ്കെടുത്തു.

ഗ്രാമസഭകളിൽ സ്ത്രീപങ്കാളിത്തം ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിച്ചു. വാർഡുമെമ്പറന്മാർ ഉണർന്നു പ്രവർത്തിച്ചതിനാൽ ഗ്രാമസഭകളിൽ ജനപങ്കാളിത്തം കൂടുതൽ ഉണ്ടാവുകയും ചർച്ചകൾ ഫലപ്രദമാവുകയും ചെയ്തു. നാടിന്റെ വികസനത്തിൽ തങ്ങൾക്കും പങ്കുണ്ടെന്ന അവബോധം നാട്ടുകാരിൽ ഉണർത്താൻ ഗ്രാമസഭകൾക്കു കഴിഞ്ഞു.

ബ്ലോക്കുതല പരിശീലനത്തിൽ 9 പേർ പങ്കെടുത്തു. 50 പേർ പങ്കെടുത്ത രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനം തലനാട് എം. ജി. പി. എൻ. എസ്. എസ്. ഹൈസ്ക്കൂളിൽ 16-11-96-ൽ നടന്നു.

ദ്വിതീയ വിവരശേഖരണത്തിൽ 12 പേർ പങ്കെടുത്തു. ഇതോടൊപ്പം പഠനപര്യടനവും നടന്നു.

20 പേർ ഏഴുദിവസം ശ്രമിച്ചതിന്റെ ഫലമായി ഈ വികസന റിപ്പോർട്ട് രൂപം കൊണ്ടു.

സേവനസന്നദ്ധരായ കുറെ പേർ ഈ പഞ്ചായത്തിലുണ്ട് എന്നത് ആശ്വാസകരമാണ്.

പുതിയ ലോകക്രമങ്ങൾ നമ്മുടെ സാമ്പത്തിക സമവാക്യങ്ങളെ തകിടംമറിച്ചിരിക്കുന്നു. കമ്പോളവത്ക്കരണത്തിന്റെ അമിതസ്വാധീനവും വികസിതരാഷ്ട്രങ്ങളുടെ ചൂഷണവ്യഗ്രതയും നമ്മുടെ സംസ്കാരത്തെ മാറ്റിമറിച്ചു. ഈ പശ്ചാത്തലത്തിൽ ഏതു തരത്തിലുള്ള ജീവിത വീക്ഷണമാണ് നാം ഉയർത്തിപ്പിടിക്കേണ്ടതെന്നതും ഏതു തരത്തിലുള്ള ആസൂത്രമാണ് അവലംബിക്കേണ്ടതെന്നതും ഇന്ന് സജീവചർച്ച ആവശ്യപ്പെടുന്നു. വർത്തമാന കേരളിയ സമൂഹത്തിന് നേരിട്ട വിപര്യയങ്ങളെ തിരിച്ചറിയുകയും അവ ദൂരികരിക്കുവാനുള്ള മഹാസംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയുമാണ് ഇന്നു വേണ്ടത്.

ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി. ഈ ആസൂത്ര പ്രസ്ഥാനത്തിൽ പങ്കാളിയാവാൻ **തലനാട് ഗ്രാമപഞ്ചായത്ത്** ഒരുങ്ങിയിരിക്കുന്നു. അതിന് ഈ വികസനറിപ്പോർട്ട് നമ്മെ സഹായിക്കട്ടെ.

തലനാട് ഗ്രാമ പഞ്ചായത്ത്
പ്രസക്ത വിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	തലനാട് ഗ്രാമ പഞ്ചായത്ത്
വില്ലേജ്	:	പൂഞ്ഞാർ വടക്കേക്കര
ബ്ലോക്ക് പഞ്ചായത്ത്	:	ഈരാറ്റുപേട്ട
താലൂക്ക്	:	മീനച്ചിൽ
ജില്ല	:	കോട്ടയം
അസംബ്ളി മണ്ഡലം	:	പൂഞ്ഞാർ
വിസ്തീർണ്ണം	:	32.24 ച. കി: മീറ്റർ
ജനസംഖ്യ	:	7442
സ്ത്രീകൾ	:	3690
പുരുഷന്മാർ	:	3752
വാർഡുകൾ	:	എട്ട്
അതിരുകൾ	:	വടക്ക് മൂന്നിലവ് പഞ്ചായത്ത് കിഴക്ക് ഉപ്പുതറ പഞ്ചായത്ത് പടിഞ്ഞാറ് മൂന്നിലവ് പഞ്ചായത്ത് തെക്ക് തീക്കോയി പഞ്ചായത്ത്

പലപ്പോഴും ചെറിയ ഗ്രാമങ്ങൾ
മഹത്വത്തിലേക്കു വളർന്നിട്ടുള്ളത്
അവിടങ്ങളിലെ മനുഷ്യരുടെ
ഗുണവിശേഷം കാരണമാണ്.
എണ്ണം കാരണമല്ല.

ജവഹർലാൽ നെഹൃ

III

സാമൂഹിക സാംസ്ക്കാരിക ചരിത്ര പശ്ചാത്തലം

ഇന്ന് തലനാട് എന്നറിയപ്പെടുന്ന ഗ്രാമം മുൻകാലങ്ങളിൽ ,ഇല്ലിക്കക്കല്ല് അടിവാരം' എന്നാണറിയപ്പെട്ടിരുന്നത്. ഏതാണ്ട് എണ്ണൂറോളം വർഷങ്ങൾക്കു മുൻപുതന്നെ ഇവിടെ ജനവാസമുണ്ടായിരുന്നതായി പറയപ്പെടുന്നു. ആദ്യ കാലങ്ങളിൽ ഈ പ്രദേശത്തിന് തലൈനാട് എന്ന് പറഞ്ഞിരുന്നതായും പിന്നീട് തലനാട് എന്ന് മാറിയതായും കരുതുന്നു. ഉയർന്നപ്രദേശം എന്ന അർത്ഥമായിരിക്കാം ഈ പേരുകൊണ്ട് വിവക്ഷിച്ചിരുന്നത്. ഹൈന്ദവ സംസ്ക്കാരമാണ് ആദികാലങ്ങളിൽ നിലനിന്നിരുന്നത്. മലയരയർ, നായർ, ഈഴവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർ അന്നിവിടെ ഉണ്ടായിരുന്നു. മുട്ടത്ത് വെള്ളാപ്പള്ളിൽ, മാടപ്പാട്ട് പാറക്കൽ കുമ്പിളുങ്കൽ തുടങ്ങിയ കുടുംബക്കാർ അക്കാലത്ത് ഇവിടെ വസിച്ചിരുന്നു.

കൊല്ലവർഷം 387-ാം ആണ്ടോടുകൂടി പാണ്ടിനാട്ടിൽനിന്നും തമിഴർ കച്ചവടത്തിനായി തലനാട് വഴി സഞ്ചരിക്കാൻ തുടങ്ങി. അവർ പുള്ളിക്കാനം, അടുക്കം വഴി തലനാട് എത്തുകയും ഇന്നു മുസ്ളീംപള്ളി സ്ഥിതിചെയ്യുന്ന ഭാഗത്ത് വിശ്രമിച്ചതിനുശേഷം ഈരാറ്റുപേട്ടയിലേക്ക് പോവുകയും ചെയ്തിരുന്നു. ഇതുവഴി സഞ്ചരിച്ചിരുന്ന മുസ്ളീങ്ങൾക്ക് മതപ്രചരണവും ഒരു ലക്ഷ്യമായിരുന്നു. അവർ വിശ്രമസങ്കേതമായി ഉപയോഗിച്ചിരുന്ന സ്ഥലത്ത് ഒരു ചെറിയപള്ളിക്ക് രൂപം നൽകുകയും ചെയ്തു.

ഇന്നത്തെ കപ്പിടാംകാവ് ഭഗവതിക്ഷേത്രത്തിന്റെ പ്രാഗ്രൂപം ഒരു കാവായിരുന്നു. ഈ കാവിന്റെ ഉടമസ്ഥാവകാശം പൂഞ്ഞാർ രാജവംശത്തിനായിരുന്നു. പിൽക്കാലത്ത് ക്ഷേത്രകാര്യങ്ങൾ നോക്കി നടത്തുന്നതിനുവേണ്ടി ശ്രീ മാടപ്പാട്ട ഗോപാലപിള്ളയെ ഈ കാവ് ഏല്പിച്ചു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാട്ടുകാരുടെയും പൂഞ്ഞാർ കോയിക്കൽകാരുടേയും സഹായത്താൽ ഇന്നു കാണുന്ന ക്ഷേത്രം നിർമ്മിച്ചു. തലനാട് വടക്കുഭാഗത്ത് വർഷങ്ങൾക്കുമുൻപ് ഒരു ഭജനമഠം ഉണ്ടായിരുന്നു. അവിടെ ജാതി മത ഭേദമെന്യേ എല്ലാവരും ഒത്തുകൂടുകയും ഭജന നടത്തുകയും ചെയ്തിരുന്നു. കാലക്രമേണ ഈ ഭജനമഠം നിന്നുപോവുകയും S N D P വക ശ്രീജ്ഞാനേശ്വരക്ഷേത്രം ഉയർന്നുവരികയും ചെയ്തു.

ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ എട്ടാംവാർഡായ വെള്ളാനിഭാഗം പണ്ട് വന്യമൃഗങ്ങൾ നിറഞ്ഞ വനപ്രദേശമായിരുന്നു. ഇവിടെ അടുകാട്ട്, കൊച്ചുപറമ്പിൽ എന്നിങ്ങനെ രണ്ടു കുടുംബങ്ങൾ ഉണ്ടായിരുന്നു. ഇവരുടെ സന്തതിപരമ്പരകളും അന്യദേശങ്ങളിൽനിന്ന് എത്തിച്ചേർന്നവരും ചേർന്നതാണ് ഇന്നത്തെ വെള്ളാനിയിലെ ജനസമൂഹം. ആദ്യകാലത്ത് ഓലപ്പുരയിൽ ആരംഭിച്ച ആരാധനാകേന്ദ്രമാണ് ഇന്ന് ശ്രീദേവിവിലാസം അമ്പലമായി അറിയപ്പെടുന്നത്.

1882–ൽ റവ. A E. പെയ്ൻറുടെ ആഗമനത്തോടെ ചൊവ്വൂർ, അടുക്കം മേഖലകളിൽ മിഷനറി പ്രവർത്തനം ആരംഭിച്ചു. മലയരയവിഭാഗത്തിൽപ്പെട്ട വളരെയധികം ആളുകളെ ക്രിസ്തുമതത്തിലേക്ക് ആകർഷിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി C S I പള്ളികളും പള്ളിക്കൂടങ്ങളും ഉണ്ടായി.

പൂഞ്ഞാർ രാജകുടുംബം വകയായിരുന്ന സ്ഥലത്ത് സിലോൺ ആസ്ഥാനമായുള്ള താരാസ് മെയ്ൻ കമ്പനി കൊല്ലവർഷം 1077–ാം ആണ്ടിൽ ആരംഭിച്ചതാണ് ഇന്നത്തെ തീക്കോയി എസ്റ്റേറ്റ്. ഈ കമ്പനിയുടെ ആസ്ഥാനമായ ഡിക്കോയ എന്ന പേരുതന്നെ ഈ എസ്റ്റേറ്റിനും നൽകി. ഡിക്കോയ എന്ന പേര് പിന്നീട് തീക്കോയി എന്നായി മാറി. ആദ്യം തേയിലകൃഷിയാണ് ഉണ്ടായിരുന്നത്. പിൽക്കാലത്ത് കൂടുതൽ ലാഭകരം റബ്ബർ കൃഷിയാണെന്ന് മനസ്സിലാക്കിയതോടെ ആ രംഗത്തേക്ക് തിരിയുകയാണ് ചെയ്തത്.

പാലാ, ഭരണങ്ങാനം, ഇടപ്പാടി, അമ്പാറ, ഭാഗങ്ങളിൽ നിന്നും കുടിയേറ്റക്കാരായി വന്നിട്ടുള്ളവരാണ് ഇവിടത്തെ റോമൻ കത്തോലിക്കർ. മൂലയിൽ, പ്ലാത്തോട്ടം, തട്ടാരിമാക്കൽ, ഓലായം, പരുന്തും കൂട്ടിലായ പുന്നത്താനത്ത്, നമ്പുടാകം തുടങ്ങിയവരായിരുന്നു ആദ്യകാലക്രിസ്തീയ കുടുംബങ്ങൾ. ക്രമേണ കൂടുതൽ കുടുംബങ്ങളും ഇവിടെ എത്തിച്ചേർന്നു. ഇവരുടെ ശ്രമഫലമായി അയ്യമ്പാറയിൽ വിശുദ്ധകൊച്ചുത്രേസ്യായുടെ നാമത്തിലും, അടുക്കത്ത് സെൻറ് സേവ്യറുടെ നാമത്തിലും പള്ളികളും സ്ഥാപിച്ചു.

പൂഞ്ഞാർ വടക്കേക്കര വില്ലേജിന്റെ ഭാഗങ്ങളായ മൂന്നിലവും തലനാടും ഉൾപ്പെട്ട പൂഞ്ഞാർ വടക്കേക്കര പഞ്ചായത്ത് 1962–63 കാലഘട്ടത്തിൽ നിലവിൽ വന്നു.

1963–ൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു. യശ്ശശരീരനായ ശ്രീ. മാടപ്പാട്ടു ഗോപാലപിള്ള പ്രസിഡൻറും സർവ്വശ്രീ. റ്റി. ജെ. ജോഷ്വാ, വാഴയിൽ കുരുവിള, പായിപ്പാട്ട് ശാമുവൽ, ജോസഫ് താളനാനി, കരിപ്പുകാട്ടിൽ നാരായണൻ, കൊച്ചെട്ടൊന്നിൽ ദേവസ്യാ എന്നിവർ കമ്മറ്റി അംഗങ്ങളുമായിരുന്നു. വനിതാ മെമ്പറായി പത്മം ചെമ്പോലിക്കുടിയെ നോമിനേറ്റ് ചെയ്തു. പിന്നീട് അവർ രാജിവെച്ച ഒഴിവിൽ പൂതംകുന്നേൽ ഏലിയാമ്മ മെമ്പറായി. ഈ കമ്മറ്റിയുടെ കാലത്താണ് തീക്കോയി തലനാട് റോഡിന്റെ ടാറിംഗ് ജോലികളും നടക്കുന്നത്. ടാറിംഗിന് ആവശ്യമായ റോളർ തറപ്പേൽ ഭാഗത്തു നിന്നും താലനാട്ടേക്ക് കയറുവാൻ ബുദ്ധിമുട്ടനുഭവപ്പെട്ടു. അപ്പോഴും ജനങ്ങളും ഒത്തുകൂടി റോളറിൽ വടം കെട്ടി വലിച്ചു കയറ്റി. ജനപങ്കാളിത്തമുണ്ടെങ്കിൽ ഏതു സദ്പ്രവൃത്തിയും സാധിതപ്രായമാകും എന്നതിന് തെളിവാണ് പ്രസ്തുത സംഭവം.

1967–ൽ പഞ്ചായത്തിന്റെ ഹെഡ്കാർട്ടേഴ്സ് തലനാട്ട് പണിയുന്നതിന് കമ്മറ്റി ഐകകണ്ഠ്യേന തീരുമാനിക്കുകയും ഇന്നത്തെ കരയോഗം ആഫീസ് ഇരിക്കുന്ന സ്ഥലത്ത് കല്ലിടീൽ കർമ്മം നിർവഹിക്കുകയും ചെയ്തു. തത്സമയം മൂന്നിലവിലെ ആളുകളും ഹെഡ്കാർട്ടേഴ്സ് മൂന്നിലവിൽ വേണമെന്ന് ആവശ്യപ്പെടുകയും തലനാട്ട് ആഫീസ്കെട്ടിടം പണിയുന്നതിന് എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തു. തുടർന്ന് തർക്കം രൂക്ഷമാകുകയും ഇരുകൂട്ടരും സർക്കാരിനെ സമീപിച്ച് തങ്ങളുടെ വാദഗതികളും നിരത്തുകയും ചെയ്തു. ഗവ:ഭാഗത്തുനിന്നും അനേഷണത്തിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചു. തെളിവുകളും തലനാട്ടിന് അനുകൂലമായിരുന്നു എങ്കിലും രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് പഞ്ചായത്ത് ഓഫീസ് വലിയകുമാരമംഗലത്തേക്ക് സ്ഥാപിക്കത്തക്ക സർക്കാർ

ഉത്തരവ് സമ്പാദിക്കുവാൻ മൂന്നിലവിലെ ആളുകൾക്ക് സാധിച്ചു. ഇതിനെതിരേ ഹൈക്കോടതിയെ സമീപിക്കുന്നതിനു വേണ്ടി ശ്രീ. മാടപ്പാട്ട ഗോപാലപിള്ളയും, ശ്രീ. പാലേറ്റ് മുഹമ്മദും കൂടി അഡ്വക്കേറ്റ് കളത്തിൽ വേലായുധൻനായരെ കണ്ടു. സർക്കാർ തലത്തിൽ മാത്രമേ ഇക്കാര്യത്തിന് ഒരു അന്തിമ തീരുമാനം ഉണ്ടാക്കുവാൻ കഴിയുകയുള്ളൂ എന്ന അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട് ശ്രീ. മാടപ്പാട്ട ഗോപാലപിള്ളയും, ശ്രീ. പാലേറ്റ് മുഹമ്മദും ആ വഴിക്കുള്ള ശ്രമം ആരംഭിച്ചു. അന്ന് തിരുവിൽ പ്രാക്ടീസ് ചെയ്തിരുന്ന ശ്രീ. വി. എം. എ. കരീം സാഹിബിനെ കണ്ട് സംസാരിച്ചു. അദ്ദേഹത്തിന്റെ സഹായത്താൽ തിരൂർ എം. എൽ. എ. ആയിരുന്ന മൊയ്തീൻകുട്ടി ഹാജി എന്ന ബാവാഹാജി ഈ പ്രശ്നത്തിൽ ഇടപെട്ട് മൂന്നിലവിനു അനുകൂലമായ ഉത്തരവ് സ്റ്റേ ചെയ്യിച്ചു. പഞ്ചായത്ത് പ്രവർത്തനം നിലച്ചു. തുടർന്ന് ഇരുകൂട്ടരും ഹൈക്കോടതിയെ സമീപിക്കുകയും പല റിട്ട് ഹർജികളും ഉണ്ടാവുകയും ചെയ്തു. തങ്ങളുടെ സ്ഥാപനം യാതൊരു കാരണവശാലും കൈവിട്ടു പോകരുതെന്ന ലക്ഷ്യത്തോടുകൂടി തലനാട്ടുള്ള ഒരോ വ്യക്തിയും ഈ പ്രശ്നത്തിനു വേണ്ട സഹായസഹകരണങ്ങളും നിർലോഭം നൽകി. ദീർഘനാളം നീണ്ടുനിന്ന അനിശ്ചിതത്തിനുശേഷം ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണുന്നതിനുവേണ്ടി ശ്രീ. മാടപ്പാട്ട ഗോപാലപിള്ളയുമായി ആലോചിച്ചതിനു ശേഷം ശ്രീ. പാലേറ്റ് മുഹമ്മദ്, വി. എം. എ. കരീം സാഹിബ് തുടങ്ങിയവർ തിരുവനന്തപുരത്തു പോവുകയും ഉത്തരവാദപ്പെട്ടവരുമായി പലവട്ടം ചർച്ചകളും നടത്തുകയും ചെയ്തു. പഞ്ചായത്ത് വിഭജിക്കുക മാത്രമേ കരണീയമായിട്ടുള്ളൂ എന്ന് തലനാട്ടുകാർ മന്ത്രി ശ്രീ. അവുക്കാദർകുട്ടിനഹയെ ബോദ്ധ്യപ്പെടുത്തി. തുടർന്ന് വലിയകുമാരമംഗലം പഞ്ചായത്തും തലനാടു പഞ്ചായത്തും രൂപീകരിച്ചുകൊണ്ട് 1969-ൽ സർക്കാർ തീരുമാനം ഉണ്ടായി. 17-9-1969-ൽ ശ്രീ. മാടപ്പാട്ടു ഗോപാലപിള്ള പഞ്ചായത്ത് പ്രസിഡണ്ട് ആയിട്ടുള്ള അഡ്മിനി സ്റ്റേറേറീവ് കമ്മറ്റി നിലവിൽ വന്നു. സർവ്വ ശ്രീ. മുഹമ്മദ് പാലേറ്റ്, മുഹമ്മദ് മുതുകാട്ടിൽ, എം. കെ. സുകുമാരൻ മേക്കുന്നേൽ, നാരായണൻ കരിപ്പകാട്ടിൽ, കൃഷ്ണൻ നടുക്കരോട്ട് എന്നിവരായിരുന്നു കമ്മറ്റി അംഗങ്ങൾ. വിഭജനത്തിനുശേഷം പബ്ലിക്ക് ലൈബ്രറി ഹാളിൽ പഞ്ചായത്ത് പ്രവർത്തനം ആരംഭിച്ചു. അന്നത്തെ എൻ. എസ്. എസ്. കരയോഗം വക കെട്ടിടം വിലക്കും സ്ഥലം സൗജന്യമായും പഞ്ചായത്തിന് ലഭിച്ചു. ഇന്നു കാണുന്ന വികസന പ്രവർത്തനങ്ങളുടെ അടിത്തറ പാകാൻ ഈ കമ്മറ്റിക്കു സാധിച്ചു എന്നുള്ളത് ശ്രദ്ധേയമാണ്.

1979-ലെ തെരഞ്ഞെടുപ്പോടു കൂടി നിലവിൽ വന്ന ഭരണസമിതി അംഗങ്ങളാണ് ശ്രീ. കെ. എച്ച്. ഇബ്രാഹിം പ്രസിഡൻറ്, കെ. കെ. ചാക്കോ കുന്നേൽ വൈസ് പ്രസിഡൻറ്, സി. കെ. ചന്ദ്രൻ ചെമ്പേലിക്കുടിയിൽ, നളിനി നടുക്കരോട്ട്, രാഘവൻ കുമാരൻ തുണ്ടിയിൽ, ജോസഫ് ഞായറുകുളം, കുര്യൻ മുതുകാട്ടിൽ, രാമൻകുട്ടി അടുകാട്ട് എന്നിവർ 1987-ൽ ശ്രീ. എം. എസ്. തോമസ് പ്രസിഡൻറും മേരി ജോൺ വൈസ് പ്രസിഡൻറും എൻ. റ്റി. ലൂക്കാ, പി. എസ്. ബാബു, അച്ചാമ്മ ജോസഫ്, പി. കെ. ഹുസൈൻ, പി. എസ്. നാരായണൻ, രാഘവൻ ആദിച്ചൻ എന്നിവരും അംഗങ്ങളായുള്ള ഭരണസമിതി നിലവിൽ വന്നു. ഈ രണ്ടു ഭരണ സമിതിക്കും നല്ല ഭരണം കാഴ്ച വയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

1995-ലെ തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന ഭരണസമിതി അംഗങ്ങളാണ് കെ. എച്ച്. ഇബ്രാഹിം. (പ്രസിഡൻറ്) ശ്രീമതി മേരിക്കുട്ടി മാത്യു (വൈ. പ്രസിഡൻറ്)

രോഹിണി ഉണ്ണികൃഷ്ണൻ (സ്റ്റാൻറിംഗ് കമ്മറ്റി ചെയർപേഴ്സൺ) കെ. ഡി. കുര്യൻ ശ്രീ. കെ. എസ്. രമണൻ, ശ്രീ. കെ. രാജു, ശ്രീ. ജോർജ് ലാസർ, ശ്രീമതി ഇന്ദിരാ ശിവദാസൻ എന്നിവർ.

സ്ഥാപനങ്ങൾ


ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും നാല് ലോവർ പ്രൈമറിസ്ക്കൂളുകളും ഉൾപ്പെടെ ആറ് വിദ്യാലയങ്ങളും ഉണ്ട്. അവ മാടപ്പാട്ട് ഗോപാലപിള്ള മെമ്മോറിയൽ N. S. S. ഹൈസ്ക്കൂൾ, ഗവൺമെൻറ് ഹൈസ്ക്കൂൾ അടുക്കം, ഗവൺമെൻറ് എൽ. പി. സ്ക്കൂൾ വെള്ളാനി, ഗവ. എൽ. പി. സ്ക്കൂൾ തലനാട്, ലിറ്റിൽ ഫ്ളവർ എൽ. പി. സ്ക്കൂൾ അയ്യമ്പാറ, സി. എം. എസ്. എൽ. പി. സ്ക്കൂൾ ചൊവ്വൂർ, എന്നിവയാണ്, കൂടാതെ എസ്. എൻ. ബാലവാടി തലനാട്, പുഷ്പാബാലവാടി അയ്യമ്പാറ എന്നീ പ്രീപ്രൈമറി കേന്ദ്രങ്ങളും ബ്ലോക്കിൻെറ കീഴിലും പ്രവർത്തിക്കുന്നു. ചൊവ്വൂരും അടുക്കത്തും ഉള്ള നഴ്സറി സ്കൂളുകളുടെ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1956-ൽ പ്രവർത്തനം ആരംഭിച്ച തലനാട് പോസ്റ്റോഫീസ് കാവുങ്കൽ ജംഗ്ഷനിൽ പ്രവർത്തിക്കുന്നു. 1970-ൽ ആരംഭിച്ച തലനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇന്ന് വളരെ നല്ല രീതിയിൽ പ്രവരത്തിച്ചുവരികയാണ്. ഈ ബാങ്കിന് സ്വന്തമായി സ്ഥലവും മനോഹരമായ ഒരു മന്ദിരവും ഉണ്ട് എന്നുള്ളത് അഭിമാനകരമായ വസ്തുതയാണ്. ഫെഡറൽബാങ്കിൻെറ ഒരു ശാഖയും ഈ പഞ്ചായത്തിൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ശ്രീ. മാടപ്പാട്ടു ഗോപാലപിള്ള സംഭാവന ചെയ്ത ഒരേക്കർ സ്ഥലത്ത് പ്രൈമറി ഹെൽത്ത് സെൻറർ 1978-നവംബർ 25 മുതൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ അടുക്കം തലനാട് എന്നിവിടങ്ങളിൽ ഓരോ കുടുംബക്ഷേമകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. അടുക്കത്തുള്ള കുടുംബക്ഷേമകേന്ദ്രത്തിനു സ്ഥലം സൗജന്യമായി നൽകിയത് ഞായർകുളത്ത് ശ്രീ. കെ. എം. ജോസഫാണ്. തലനാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ പ്രവർത്തിക്കുന്ന കൃഷിഭവൻ ഇവിടത്തെ കർഷകർക്കു വേണ്ട സഹായങ്ങളും ഉപദേശങ്ങളും നൽകുന്നു. എൻ. എസ്. എസ് കരയോഗം വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസ് കാലാകാലങ്ങളിൽ സർക്കാർ ആവിഷ്ക്കരിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളും ഇവിടത്തെ ജനങ്ങളിൽ എത്തിക്കുന്നതിൽ കാര്യമായ പങ്കു വഹിക്കുന്നുണ്ട്. 1980-ൽ വിദ്യുച്ഛക്തി തലനാട് പഞ്ചായത്തിൽ എത്തിച്ചേർന്നു. പക്ഷേ ചൊവ്വൂർ, വെള്ളാനി മേഖലകളിൽ കൂടി വൈദ്യുതി എത്തിയെങ്കിൽ മാത്രമേ പഞ്ചായത്തിൽ വൈദ്യുതീകരണം പൂർത്തിയായി എന്നു പറയാൻ നിർവ്വാഹമുള്ളു. ഈ പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും ഇപ്പോൾ ടെലഫോൺ സൗകര്യമുണ്ട്. നമുക്ക് ഒരു ടെലഫോൺ എക്സ്ചേഞ്ച് ഉണ്ടാവേണ്ടത് ആവശ്യമായിരിക്കുന്നു. പൂഞ്ഞാർ വടക്കേക്കര വില്ലേജ് വർഷങ്ങളായി പഞ്ചായത്ത് കെട്ടിടത്തിലാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്. എന്നാൽ തലനാട് കാവുങ്കൽ ജംഗ്ഷനിൽ ശ്രീ. മാടപ്പാട്ട് ഗോപാലപിള്ള സംഭാവന ചെയ്ത സ്ഥലത്ത് അടുത്തകാലത്തായി പുതിയ മന്ദിരം പണിയുകയും ഓഫീസ് പ്രവർത്തനം അവിടേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. വർഷങ്ങൾക്കു മുൻപ് ആരംഭിച്ച ശുദ്ധജലവിതരണ പദ്ധതി ഏതാണ്ട് സാധിതപ്രായമായി എന്നുള്ളത് നമുക്ക് സന്തോഷത്തിന് വക നൽകുന്നു. ഒരു ഐ. സി. ഡി. പി. കേന്ദ്രമെന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്ഥാപനം ഇന്ന് മൃഗാശുപത്രിയായി വളരുകയും പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു.

ഇൻഡ്യാ ചൈനയുദ്ധകാലത്ത്, വേണ്ടിവന്നാൽ സൈന്യത്തെ സഹായിക്കുന്നതിനു വേണ്ടി സർക്കാർ രൂപീകരിച്ച ദളവാകമ്മറ്റിയിൽ ഈ പഞ്ചായത്തിൽ നിന്ന് മുഹമ്മദ് പാലേറ്റ്, സി. കെ. കുമാരൻ ചൊറിക്കാവിൽ, ജോൺ കൊച്ചെട്ടാന്നിൽ തുടങ്ങിയവർ പ്രവർത്തിച്ചിരുന്നു. ദളപതിയായിരുന്നു മുഹമ്മദ് പാലേറ്റ്. യുദ്ധാവശ്യത്തിനായി ഭാരതസർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിയ സ്വർണ്ണബോണ്ടു പദ്ധതിയിൽ ഈ പഞ്ചായത്തിൽപ്പെട്ട ധാരാളം പേർ സഹകരിക്കുകയുണ്ടായി.


1950-കളം മുതൽ കർഷക സംഘടനകളം ഇവിടെ പ്രവർത്തിക്കുന്നുണ്ട്. വർഷങ്ങളായി കർഷകത്തൊഴിലാളികളുടെ ഉന്നമനത്തിന് യത്നിച്ചവർ സംഘംചേർന്നും മറ്റു സ്ഥലങ്ങളിൽ നടത്തിയ നിരന്തരസമരത്തിന്റെ അനുരണനങ്ങളം ഈ പഞ്ചായത്തിലും എത്തിയിട്ടുണ്ട്. സംഘടിത തൊഴിലാളിവർഗ്ഗത്തിനു നിഷേധിച്ച പല ആനുകൂല്യങ്ങളും ഇന്നാട്ടിലെ തൊഴിലാളി വർഗ്ഗത്തിന് ലഭിച്ചു. ടാപ്പിംഗ് തൊഴിലാളികളം നടത്തിയ ഐതിഹാസിക സമരചരിത്രങ്ങളം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഇന്നാട്ടിലെ വളർച്ച വിളിച്ചോതുന്നവയാണ്. മറെറവിടെയും തൊഴിലാളിക്ഷേമനിധികളം നടപ്പിലാക്കിയ അതേസമയത്തുതന്നെ ഇവിടെയും തൊഴിലാളി ക്ഷേമനിധികളം നടപ്പിലാക്കിയിരുന്നു. 1993-ൽ 325 കർഷക തൊഴിലാളികളെ ക്ഷേമനിധിയിൽ ചേർത്തതുതന്നെ ഇതിന്റെ മികച്ച നേട്ടമായി കണക്കാക്കാം. സംഘടിത ശക്തിയും ശേഷിയും തെളിയിക്കുന്ന ചരിത്രം തന്നെയുള്ള വിവിധ ട്രേഡ്യൂണിയനുകളം ഇന്നാട്ടിൽ ഉണ്ടെന്നുള്ളതു അഭിമാനകരമായ കാര്യമാണ്.

തലനാട് പഞ്ചായത്തിന്റെ ചരിത്രവും സാമൂഹ്യപരമായ വസ്തുതയിലേയ്ക്കുള്ള ദിങ്മാത്ര ദർശനമാണ് ഇവിടെ കൊടുത്തിരിക്കുന്നത്. നാനാജാതി മതസ്ഥരായ ജനങ്ങളം ഇവിടെ ഒത്തുചേർന്നു പ്രവർത്തിക്കുന്നു എന്നുള്ളതു എല്ലാവർക്കും അഭിമാനകരമായ വസ്തുതയാണ്. പരസ്പര സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും ചരിത്രമാണ് നമുക്കുള്ളത്. 'നാനാത്വത്തിൽ ഏകത്വം' എന്ന ചൊല്ല് ഏറെവും അന്വർത്ഥമായിട്ടുള്ള പ്രദേശമാണ് തലനാട് ഗ്രാമ പഞ്ചായത്ത്.



കുട്ടിതേവാങ്ക്

(വാശനാശത്തിന്റെ ഭീഷണിയിൽ)



ഇല്ലിക്കൻ മല

IV

ഭൂപ്രകൃതി

കോട്ടയം ജില്ലയുടെ കിഴക്കേ അതിർത്തിയിൽ ഇടുക്കി ജില്ലയോട് ചേർന്നു കിടക്കുന്ന ഈ പഞ്ചായത്തിന് ഒൊത്തുവേ ഹൈറേഞ്ചിന്റെ ഭൂപ്രകൃതിയാണുള്ളത്. നിരപ്പായ ഭൂമി ഇല്ല എന്നതന്നെ പറയാം. പഞ്ചായത്തിന്റെ 70% ഭാഗവും ചരിഞ്ഞ പ്രദേശങ്ങളാണ്. ഇല്ലിക്കക്കല്ലിനോട് ചേർന്നുകിടക്കുന്ന ചൊവ്വൂർ, ചോനമല ഭാഗങ്ങളും തലനാടു തോടിന്റെ ഇരുവശങ്ങളിലുമായി ചരിഞ്ഞുകിടക്കുന്ന മരവിക്കല്ല് പ്രദേശവും ഈ മേഖലയിലേയ്ക്ക് വരുന്നു. അറുകോൺമല, ചേരിപ്പാട്, സ്റ്റായം, തീക്കോയി എസ്റ്റേറ്റ്, കരിമ്പേക്കഴി, അടുക്കം, വെള്ളാനി ഭാഗങ്ങളും ഉൾപ്പെട്ട നീർമറി പ്രദേശവും മലമടക്കുകൾക്കിടയിൽ ഏതാണ്ട് നിരപ്പായി കിടക്കുന്ന തലനാട് ഭാഗവും ചേർന്നാൽ തലനാട് പഞ്ചായത്തായി.

കാലാവസ്ഥ

ഡിസംബർ, ജനുവരി മാസങ്ങളിലെ വരണ്ടകാറ്റും മഞ്ഞും ഹൈറേഞ്ചിന്റെ പ്രതീതി ഉളവാക്കുന്നു. വർഷപാതം കൂടുതൽ ലഭിക്കുന്ന പ്രദേശമാണെങ്കിലും ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വേനൽ ശക്തിപ്പെടുന്നതോടു കൂടി മിക്ക പ്രദേശങ്ങളിലും കടിവെള്ളക്ഷാമം രൂക്ഷമാകും. ഈ കാലത്ത് നീരൊഴുക്കു നിലയ്ക്കുകയും തോട്ടം പുഴയും വറ്റി വരളുകയും ചെയ്യുന്നു.

കോട്ടയം ഇടുക്കി ജില്ലകളുടെ അതിർത്തിയായ വഴിക്കടവിൽ നിന്നും ആരംഭിക്കുന്ന തീക്കോയി ആറ് ഒരു കാലത്ത് ഇടമുറിയാതെ ഒഴുകിയിരുന്നു. എന്നാൽ പാഴ്മരങ്ങളും പുല്ലും നശിപ്പിച്ച് കൃഷി വ്യാപകമാക്കിയതോടെ വേനൽക്കാലങ്ങളിൽ നദികളിലെ നീരൊഴുക്ക് ഇടയ്ക്ക് മുറിയുകയും ക്രമേണ ഒഴുക്ക് നിലയ്ക്കുകയും ചെയ്തു. എങ്കിലും ഉയർന്ന പ്രദേശങ്ങളായ ചൊവ്വൂർ, വെള്ളാനി, അടുക്കം ഭാഗങ്ങളിലുള്ള നീരുറവകളും ജനങ്ങൾക്ക് അല്പം ആശ്വാസം പകരുന്നു. മെയ്മാസം അവസാനത്തോടെ ആരംഭിക്കുന്ന കാലവർഷം ജൂൺ, ജൂലൈയ് മാസങ്ങളിൽ ശക്തി പ്രാപിച്ച് ഒക്ടോബർ ആദ്യം വരെ തുടരുന്നു. കാല വർഷം തുലാവർഷം ഇവ സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണ്.

വിളൈക്കമവും മണ്ണും

പൊതുവെ വളക്കൂറുള്ള കരിമണ്ണും ചെമ്മണ്ണുമാണ് ഈ ഗ്രാമത്തിൽ കാണപ്പെടുന്നത്. ക്വാറൻ പാറക്കെട്ടുകളും അവയോട് ചേർന്ന മുഴപടർപ്പുകളും പുൽമേടുകളും ഉണ്ട്. അതിനാൽ 32.24 ച.K. M വിസ്തൃതിയുള്ള ഈ പഞ്ചായത്തിന്റെ ഏറിയ ഭാഗവും കൃഷിക്ക് യോഗ്യമല്ല. പാറക്കെട്ടുകളുടെ തുടർച്ചയായി കാണപ്പെടുന്ന ഒരു മീറ്ററിൽ അധികം

ആഴമില്ലാത്ത മണ്ണ് നാണ്യവിളകൃഷിക്ക് അനുയോജ്യമാണ്. മലഞ്ചെരിവും ശക്തമായ വർഷപാതവും ഉള്ള ഈ പ്രദേശത്ത് രൂക്ഷമായ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു. ഇടയ്ക്കിടെ ഉരുൾപൊട്ടലുകളും അധികം ആഴമില്ലാത്ത മണ്ണ് ഒഴുക്കികളയുന്നു. ഹൃസ്വകാല വിളയായ മരച്ചീനികൃഷി മണ്ണൊലിപ്പിനനുകൂലസാഹചര്യം സൃഷ്ടിക്കുന്നു. വർദ്ധിച്ച രീതിയിലുള്ള ഉരുൾപൊട്ടലുകളും കൃഷിക്കും കർഷകനും ഭീഷണിയായി മാറിയിട്ടുണ്ട്. ഓരോ വർഷവും ഉരുൾപൊട്ടൽ മൂലം ലക്ഷകണക്കിന് രൂപയുടെ നാശനഷ്ടങ്ങളും ഉണ്ടാവുന്നു.

പഞ്ചായത്തിലെ പ്രധാനകൃഷി റബ്ബർ ആണ്. കൂടാതെ തെങ്ങ്, ഗ്രാമ്പു, ജാതി തുടങ്ങിയ കൃഷികളും ഇവിടെയുണ്ട്. മിശ്രവിള എന്നനിലയിൽ കുരുമുളക്, ഏലം, കൊക്കൊ, കാപ്പി ഇവയും കൃഷിചെയ്യുന്നു. നെൽകൃഷി ഈ ഗ്രാമത്തിൽ ഇന്നില്ല എന്നുള്ളതും എടുത്തുപറയേണ്ട കാര്യമാണ്. പണ്ട് പൂണ്ടൻകിള എന്ന രീതിയിൽ നെൽകൃഷി ചെയ്തിരുന്നു. തിക്കോയി എസ്റ്റേറ്റുവഴി മലേഷ്യയിൽ നിന്നുള്ള റബ്ബർകൃഷി വ്യാപകമായതോടെ കർഷകരുടെ ശ്രദ്ധ റബ്ബർ കൃഷിയിലേക്ക് മാറി.

ജൈവവൈവിദ്ധ്യം

മലനാട്ടിൽ പൊതുവേ കാണപ്പെടുന്ന എല്ലാവിധ വൃക്ഷങ്ങളും ചെടികളും ഇവിടെയുണ്ട്. വീട്ടി, തേക്ക്, പ്ലാവ്, മാവ്, ആഞ്ഞിലി, കറുവേങ്ങ, മരുത്, ആൽ, ഇരുൾ, പാല തുടങ്ങിയ വൃക്ഷങ്ങളും ഒരു കാലത്ത് വ്യാപകമായി മലഞ്ചെരുവുകളിൽ വളർന്നിരുന്നു. ഇന്നും ഇവയൊക്കെ അവിടിവിടെയായി കാണാം. മുള, ഈറ, വിവിധയിനം പുല്ലുവർഗ്ഗങ്ങളും തുടങ്ങിയവയും പാറക്കൂട്ടങ്ങൾക്കിടയിൽ വളരുന്നു. വനങ്ങളിൽ മാത്രം കണ്ടുവരുന്ന പല ഔഷധസസ്യങ്ങളും വേരറ്റു പോകാതെ ഇവിടെ നിലനില്ക്കുന്നു.

ഈ പഞ്ചായത്തു പ്രദേശത്തു സുലഭമായി ലഭിക്കുന്ന ഔഷധ ചെടികളുടെ പേര് ചുവടെ ചേർക്കുന്നു.

അമൃത്		
അടപതിയൻ	—	ഹോളോസെറമ്മാ അടകൊടിയൻ
ആനച്ചുവടി	—	എലിഫന്റോ ഫസ്ക്കാബർ
ഇടംപിരി വലംപിരി	—	ഐലിക്റസ് ഐസറ
ഇഞ്ച	—	അക്കേഷ്യ ഇന്ത്യ
കുറുന്തോട്ടി	—	സിഡാ റോംബി ഫോളിയ
ഓരില	—	സെസ് മോഡിയം ഗാൻജറികം
കണിക്കൊന്ന	—	കാഷ്യാ ഫിസ്റുല
കരിങ്കുറിഞ്ഞി	—	ഇക്ബോളിയം വിറിസെ
കല്ലൂർവഞ്ചി	—	റോട്ടല അകപാറിക്ക
കല്ലുവാഴ	—	മ്യൂസാ സൂപ്പർബ
കാട്ടുപയർ	—	വിഗ്നോ ട്രൈലോബേറ
നൂറോൻ	—	സയാസ് കോറിയ ബംബിഫോറ
കുടകപ്പാല	—	ഹോളറീന പത്സെൻഡ്
കുളമാവ്	—	പേർസിയ മക്കറാന്ത
പാണൽ	—	സ്റ്റൈക്കോസ് വിസ്പെൻറാഫെല്ല
കൊടംപുളി	—	ഗർസിനിയ ഗമ്മിഗട്ട

ചതുരമുല്ല	—	ഒകെക്ലാ പൈറം സെറേറ്റം
നറുനീണ്ടി	—	ഹെവിസെസ്മസ് ഇൻഡിക്കോസസ്
തുമ്പ	—	സീനോപീജിയ കാൽഡോലബ്രും
നാഗന്ദി	—	ബലിയോസ്പെർമം ചൊങ്ങാനം
തെച്ചി	—	എംബ്ളിക്ക ഒഫിഷ്യനാലിസ്
പാച്ചോറ്റി	—	സീം പ്ലിക്കോസ് റസീമോസ
പുല്ലാഞ്ഞി	—	കാലിക്കോസ് ഫേളോറിസെൻസ്
പൂവം	—	ബ്ളേച്ചിറ ഓഫിയോസ
പെരുകിലം	—	ക്ലിറോസെൻഡ്രം വാസ്ക്കോസ
മുക്കുറ്റി	—	ബ്രയോഫൈറം റയിൽവാസ്ട്രി
വള്ളിക്കാഞ്ഞിരം	—	സ്ട്രിക്നസ് അയ്നിയ
വേനൽപച്ച	—	ലെപ്പിസാഗാ മത്തിസ് കേരളൻസീസ്
ശതാവരി	—	ആസപര ഗസ്റസിമോൻ
സർപ്പഗന്ധി	—	റഫോൽഫിയ പെർവൻറീന
വയൽച്ചുള്ളി	—	റംഹെട്രാഫില്ല ഒറിക്കലേറ
അത്തി	—	ഫൈക്കസ് റേസിമോൻ
അപ്പ	—	അജിറാറം കോനിസോയ്ഡസ്
അരയാൽ	—	ഫൈകസ് റെലിജിയോസ
ആടലോടകം	—	അത്തോഡാ വസീക്ക
ഇലഞ്ഞി	—	മൈമസോവ്സ് ഇലഞ്ഞി
ഇലിപ്പ	—	കധുകോലൻ തിഫോളിയ
വെട്ടി	—	അപോറോസലിൻഡ് ലയാന
ഏഴിലംപാല	—	ആൽസ്റ്റോണിയ സ്കൊളാരിസ്
കരിങ്ങോട്ട	—	കപാസിയ ഇൻഡിക്ക
കരിനെച്ചി	—	ഐറെക്സ് നെഗിണ്ടോ വെറൈറിവർ ഫ്യൂസറ്വിവ്
കാഞ്ഞിരം	—	സ്ട്രിക്നസ് നക്സ്വോവിക്ക
കാട്ടുകുരുമുളക്	—	പെപ്പർ നൈട്രം
കാട്ടുകൂവ	—	കുർമക അംചുസ്ററിഫോളിയ
കാട്ടുതുളസി	—	ഓസീമം കാനം
കൃഷ്ണതുളസി	—	ഓസീമം സാങ്ക്റീറം
ആവണക്ക്	—	സൊസ്റ്റിനിയ പമീലിയ
ചൂരൽ	—	കലാക്സ് റൊട്ടാങ്ങ്
ചെറുകടലാടി	—	സയാതുലവോസ്റ്റേറ
ഞാവൽ	—	സിസിജിയം കചീനി
താന്നി	—	ടെർമ നേലിയ സെല്ലരിക്ക
തേരകം	—	ഹെലിയോ ട്രോപ്പിയം കേരളൻസിസ്
തൊട്ടാവാടി	—	മൈമോസാ വസീക്കാ
നിലക്കാഞ്ഞിരം	—	നാരഗാമിയ അലേറ
നിലപ്പന	—	കുർക്കിലിഗോ ഓർക്കിയോസ്സസ്
നിലബണ്ട	—	സെസ്മോഡിയം ട്രൈഫ്ളേറം

പാൽമുളക്	—	ഐമോലിയ സിജിറേറ
പൂവാം കുന്നില	—	മെർണോണിയ
പേരാൽ	—	ഫൈക്കസ് ബംഗാളൻസിസ്
മുത്തങ്ങ	—	സെ്രഡസ് റോട്ടൻഡസ്
മുയൽച്ചെവി	—	എവീലിയാ സെൻചിഫോളിയ
വാതക്കൊടിയില	—	ജസ്റ്റീഷ്യാ ഇൻഡമൂസ
ഗെരുഡക്കൊടി	—	അറിസ്റ്റോലോക്കിയ ഇൻഡിക്കാ
പുത്തരിച്ചുണ്ട	—	സോലോനം ഇൻഡിക്കം
നായ്ക്കുരണം	—	മുക്കുനാ പറൂറസ്
തഴ	—	പണ്ടാനസ് ഓഡാറാറിയസ്
കൊടിത്തൂവ	—	ജൻറം ഉല
മുരിങ്ങ	—	മാരിജു ഓലിഫോറ
ആടലോടകം	—	അഡൻ തോഡാമാസിക്ക
നന്ത്യാർ വട്ടം	—	ഇരുവറോമിക് കാർനോവീകാ
ചെത്തി	—	ഐക്സോറ കൊയിനിയ

കൊടുവേലി	ചെറുകടലാടി	താന്നിക്ക
ഇരുവേലി	ആരിവേപ്പ്	ചെ്രമവള്ളി
അമരി	ആവണക്ക്	പ്രസാരണി
പന്നൽ	ഉമ്മം	ജാതി
ഇലക്കള്ളി	ഞരമ്പോടൽ	ഗ്രാമ്പു
വെളുത്തനച്ചി	നീർമരി	ഏലം
കാട്ടുമുതിര	ഏഴിലംപാല	ആവീരം
തുളസി	ശംഖുപുഷ്പം	കാട്ടുതിപ്പൊലി
	ചൂളമഞ്ഞ	പട്ടിച്ചെവിയൻ
പച്ചകർപ്പൂരം	പന്നീരടി	നൂൽക്കൈത
	കച്ചോലം	
വള്ളിപ്പാല	ചുമക്കൂർക്ക	
കല്ലുരുക്കി	കയ്യൂന്യം	
നിലംതെങ്ങ്	ചെറുപൂള	
തഴുതാമ	ഏകനായകം	
മുറുതലകുത്തി	നെല്ലിക്ക	

ഇ്രതയേറെ ഔഷധ സസ്യങ്ങളും കാണപ്പെടുന്ന നാട്ടിൻ പുറങ്ങളും ഒരു പക്ഷെ വിരളമായിരിക്കും. ഒരു ആയുർവേദ ആശുപത്രി തലനാട് പഞ്ചായത്തിന് അനുവദിച്ചു കിട്ടിയാൽ ഈ ഔഷധസസ്യങ്ങളും പൂർണ്ണമായും നമുക്കുപയോഗത്തിൽ വരുത്താവുന്നതാണ്.

വംശനാശത്തിന്റെ വക്കിൽ ചെറു മൃഗങ്ങൾ

കേഴ, കാട്ടുപന്നി, മുള്ളൻ പന്നി എന്നിവ ഈ ഗ്രാമ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും ഉണ്ടായിരുന്നു. എന്നാൽ ഇന്ന് വിരലിൽ എണ്ണാവുന്ന വിധത്തിൽ കുറഞ്ഞിരിക്കുന്നു. അവ വംശനാശ ഭീഷണിയെ നേരിടുകയാണ്. കാട്ടുപന്നികളും 6, 7, 8 വാർഡുകളിൽ പലപ്പോഴും കൂട്ടമായി വന്നിരുന്നു. കാളക്കൂട്, ചോനമല മാർമല എന്നീ പ്രദേശങ്ങളിൽ മുള്ളൻപന്നികളെ ഇപ്പോഴും കാണാം. കാട്ടു മുയലുകളും അന്യം നിന്നുപോ

കാതെ ഇന്നും ഇവിടെ ജീവിക്കുന്നു. ഉരഗജീവി ഇനത്തിൽ പ്രധാനമായും കണ്ടിരുന്ന ഉടുമ്പുകളും ഇപ്പോഴും ഇവിടെ ഉണ്ട്. എണ്ണത്തിൽ കുറവാണെന്നുമാത്രം. പെരുമ്പാമ്പുകളും ഉണ്ട്. വെരുക് വലിയ ഇനം പുള്ളിയുള്ള (മലബാർ സിവിറ്റ്) ഇടനാടുകളിൽ മാത്രമായി ഇന്നും നിലനിൽക്കുന്നു. നമ്മുടെ പഞ്ചായത്തിലും അവയെ എണ്ണത്തിൽ കുറവായിട്ടുണ്ടെങ്കിലും കാണാം. K F R I രേഖകളനുസരിച്ച് ഈ മൃഗം ഇന്ന് നിലവിൽ ഇല്ലാത്തതാണെന്ന കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. ലെമൂർ ഇനത്തിൽപ്പെട്ട സ്ലെൻഡർ ലോറിസിനെ (കുട്ടിത്തേവാങ്ക്) നമ്മുടെ നാട്ടിൽ ഇന്നും കാണാം. ഈ മൃഗവും വംശനാശത്തിൽ എത്തിയതായി രേഖപ്പെടുത്തിയതാണ്.

ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടി ഒഴുകുന്ന മീനച്ചിലാറിലും അതിന്റെ പോഷക നദികളിലും ധാരാളം മത്സ്യങ്ങൾ ഉണ്ട്. മുഷി, വരാൽ, ചൊട്ടവാള, കല്ലേമുട്ടി, പരൽ, കടഞ്ഞോൻ എന്നിങ്ങനെ അവയുടെ പേരുകളും പോകുന്നു. എന്നാൽ തോട്ടയും, നഞ്ചും ഇവയുടെ സംഖ്യ കുറയ്ക്കുന്നു. വിഷം കലർത്തൽ (നഞ്ച്) ആറിലെ കൊഞ്ചിന്റെ വംശത്തിനു തന്നെ ഭീഷണിയായി തീർന്നിരിക്കുന്നു. ആറുകൊഞ്ചും, തോട്ടിൽ കാണുന്ന ചെറിയ കൊഞ്ചും ഇന്ന് അപൂർവ്വമായി മാറിയിരിക്കുന്നു. ഇവ ജല ജന്തുക്കളുടെ ഭക്ഷ്യശൃംഖലയിലെ പ്രധാന കണ്ണികളാണ് എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. മിഴാഞ്ഞൽ മത്സ്യവും ഇന്ന് അപൂർവ്വമായി തീർന്നിരിക്കുന്നു. വേനൽ കാലത്തിന്റെ വരവോടെ പറന്നെത്തിയിരുന്ന മലബാർ ഗ്രേഹോൺസിൽ പക്ഷികളെ (കൊന്നക്കൻ, ചരടൻ) ഇന്നു കാണാൻപോലും കഴിയുന്നില്ല. കൃഷിരീതി മാറിയതും കെടുസൻസുള്ളതും ഇല്ലാത്തതുമായ തോക്കുകളുടെ അമിത ഉപയോഗവും ഇന്ന് മേൽപ്പറഞ്ഞ അമൂല്യമായ പക്ഷി ജന്തു സമ്പത്തു കുറയ്ക്കുന്നതിനും നശിക്കാൻ കാരണമായി തീർന്നിരിക്കുന്നു.

ഇവിടെ കണ്ടുവരുന്ന പക്ഷികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

സ്ഥിരമായി കാണുന്നവ

1. മഞ്ഞക്കുരുവി
2. തീപ്പക്ഷി
3. മണൽപ്പുള്ള്
4. വാലുകുലുക്കി
5. കാവി
6. മരംകൊത്തി
7. പച്ചിലക്കുട്ടക്ക
8. പൂകവിഴുങ്ങി
9. പൊൻമാൻ
10. താട്ടവേലിത്തത്ത
11. പനം പുള്ള്
12 മൂങ്ങ
13. ചക്കുപ്പുണ്ടോ കുയിൽ
14. ഉപ്പൻ
15. കരിംകുയിൽ
16. പനംതത്ത
17. പഞ്ചവർണ്ണക്കിളി
18. കുളക്കോഴി
19. കരിയിലംപിട
20. സൂചിമുഖി
21. ചുണ്ടങ്ങാപ്പക്ഷി
22. മാടത്ത
23 ഓലേൽഞാലി
24. മഞ്ഞപ്പക്ഷി
25. മലങ്കാക്ക (ബലി)
26. നാട്ടുകാക്ക
27. ആനറാഞ്ചി
28. ഇരട്ടവാലൻ
29. കരിമ്പരുന്ത്
30. ചൂള
31. നാകമോഹനൻ
22. ഇരട്ടത്തലയൻ
33. ചക്കിപ്പരുന്ത്
34. എറിയൻ
35. പൊട്ടൻ ചെങ്ങാലി
36. വാഴക്കിളി
37. ചവരൻ കോഴി
38. പുള്ള് (പാം സ്വിഫ്റ്റ്)
39. കടികാവി

മനുഷ്യവിഭവം

1991 കാനേഷ്‌മാരി കണക്കുപ്രകാരം ആകെയുള്ള ജനസംഖ്യ 7442 ഇതിൽ സ്ത്രീകൾ 3690 ഉം പുരുഷന്മാർ 3752 ഉം ആണ്.

പട്ടിക വർഗത്തിൽപ്പെട്ട പുരുഷന്മാർ	—	593
പട്ടികവർഗത്തിൽപ്പെട്ട സ്ത്രീകൾ	—	626
പട്ടികജാതിയിൽപ്പെട്ട പുരുഷന്മാർ	—	175
പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾ	—	176

സാക്ഷരത നേടിയവരാണ് സ്ത്രീകളിൽ 95 ശതമാനവും. ഭൂരിപക്ഷം ജനങ്ങളും കൃഷിക്കാരാണ്. നാണ്യവിള കൃഷി വ്യാപകമാകുന്നതിന് മുൻപ് മരച്ചീനി, ചേമ്പ്, വാഴ, കാച്ചിൽ തുടങ്ങിയ ഒരുപ്പൂ കൃഷി വ്യാപകമായി ചെയ്തിരുന്നു.

അക്കാലത്ത് കാർഷികവൃത്തി കുടുംബത്തിന്റെയാകെ പങ്കാളിത്തമുള്ളതായിരുന്നു. എന്നാൽ നാണ്യവിള കൃഷി വ്യാപകമായതോടെ കൃഷി കുടുംബത്തിലെ ഒന്നോ രണ്ടോ വ്യക്തികളിലേക്ക് ഒതുങ്ങിയിരിക്കുന്നു. തൊഴിലില്ലായ്മ ഈ ഗ്രാമത്തിൽ അത്രവ്യാപകമല്ല. കാരണം കൃഷിയും അതിനോടനുബന്ധതൊഴിലുകളിലും ജനങ്ങളും ഏർപ്പെടുന്നു.



V

സാമൂഹിക

സാമ്പത്തിക

മേഖലകൾ

ലക്ഷ്യം നന്നെങ്കിൽ ഏതുമാർഗം ഉപയോഗിച്ചും
അതുനേടാം എന്ന വിചാരം തെറ്റാണ്. കളകൾ
നട്ടുപിടിപ്പിച്ചാൽ റോസാപ്പൂ പറിച്ചെടുക്കാം
എന്നു പറയുന്നതു പോലാണത്. സമുദ്രം കടക്കാൻ
കപ്പലിൽ തന്നെ പോകണം. അതല്ല കാളവണ്ടിയിലേ
പോകൂ എന്നാണെങ്കിൽ വണ്ടിയും ആളും
കടലിനടിയിൽ ആയതുതന്നെ.
മാർഗം വിത്താണ്. ലക്ഷ്യം വൃക്ഷവും.

മഹാത്മാഗാന്ധി

IV

കൃഷിയും ജലസേചനവും

പൂർണ്ണമായും മലമ്പ്രദേശങ്ങളും മാത്രം നിറഞ്ഞ പഞ്ചായത്തിന്റെ ഭൂവിസ്തൃതി 32.24 ച. കിലോമീറ്ററാണ്. അതായത് 5292 ഏക്കർ. ഇതിൽ 3175.2 ഏക്കർ (60%) കൃഷിക്ക് ഉപയുക്തമായതും ബാക്കി 2116.8 ഏക്കർ പാറക്കൂട്ടങ്ങളും നിറഞ്ഞതും കൃഷിക്ക് അത്ര ഉപയുക്തമല്ലാത്തതുമാണ്. ഈ പ്രദേശത്തിന്റെ ഉയരം മിക്കവാറും ഭാഗങ്ങളിൽ സമുദ്രനിരപ്പിൽനിന്ന് ഏകദേശം 1000 അടിക്കും 2000 അടിക്കും ഇടയിലാണ്. എന്നാൽ തലനാട്-മൂന്നിലവ് പഞ്ചായത്തുകളുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന ഇല്ലിക്കൻ മലയുടെ ഉയരം ഉദ്ദേശം അയ്യായിരം അടിക്കും മുകളിലാണ്.

പട്ടിക—1 ഭൂപ്രകൃതി

തീരപ്രദേശങ്ങളും	ഇല്ല	
കൃത്തനെയുള്ള ചെരിവ്	1587.6 ഏക്കർ	30%
മിതമായ ചെരിവ്	3704 4 ഏക്കർ	70%
ആകെ	5292 ഏക്കർ	
പുഴ/തോട്	66 കി. മീ	22 എണ്ണം

അവലംബം : റവന്യൂ രേഖകൾ

കാർഷികവൃത്തിയെ മാത്രം ആശ്രയിച്ച് ഉപജീവനം ചെയ്തിരുന്ന ആളുകളായിരുന്നു ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നത്. ചെറുപൂപ്പുകൃഷികൾക്കായിരുന്ന മുൻതൂക്കം പൊതുവേ ഫലഭൂയിഷ്ഠമായ ഈ പ്രദേശങ്ങളിൽ മരച്ചീനി, വാഴ, നെല്ല് (കരകൃഷി) ചേമ്പ്, ചേന തുടങ്ങിയ ഭക്ഷ്യവിളകളാണ് കൃഷി ചെയ്തിരുന്നത്. വേണ്ടത്ര സാമ്പത്തിക വളർച്ചയോ, വിദ്യാഭ്യാസമോ ഇല്ലാതിരുന്നിട്ടുപോലും അക്കാലത്തെ ജനങ്ങൾ പൊതുവെ ആരോഗ്യവാന്മാരായിരുന്നു. പ്രകൃതിയെ മാത്രം ആശ്രയിച്ചുള്ള കൃഷി രീതിയുടെ ഒരു നല്ലവശമായി ഇതു ചൂണ്ടിക്കാണിക്കപ്പെടുന്നു.

ജനസംഖ്യാ വർദ്ധനവ് അനുഭവപ്പെട്ട തുടങ്ങിയതോടെ ജനങ്ങൾ കൂടുതൽ സാമ്പത്തിക പകപുതയിൽ കണ്ണുനട്ട. പരമ്പരാഗത ഭക്ഷ്യവിളകളുടെ സ്ഥാനത്ത് നാണ്യവിളകൾക്ക പ്രചാരം സിദ്ധിച്ചു. തലനാട്, അടുക്കം, വെള്ളാനി, ചൊവ്വൂർ തുടങ്ങിയ പ്രദേശങ്ങളിൽ കുരുമുളകുകൃഷി വ്യാപകമായി. തുടർന്ന് ദീർഘകാലനാണ്യവിളകളായ തെങ്ങ് കമുക്, കാപ്പി, കശുമാവ് മുതലായവ പ്രചാരത്തിലായി. ഉയർന്ന പ്രദേശങ്ങളിൽ തേയിലകൃഷിയും നിലനിന്നിരുന്നു. കർഷകരിൽ ബഹുഭൂരിപക്ഷവും ചെറുകിട ഇടത്തരം കർഷകരാണ്. ഒരു കുടുംബത്തിന്റെ ശരാശരി കൃഷിഭൂമി 4.33 ഏക്കർ വരും.

ഭൂപ്രകൃതിയും കാലാവസ്ഥയും

അടുക്കം, വെള്ളനി, [6, 7, 8 വാർഡുകൾ] ഭാഗങ്ങൾ ചേർന്ന നീർമറിപ്രദേശവും, തീക്കോയി തലനാട് പഞ്ചായത്തുകളെ വേർതിരിച്ചൊഴുകുന്ന മീനച്ചിലാറിന്റെ കിഴക്കൻ ആവാഹ പ്രദേശമായ 4, 5 വാർഡുകൾ ഉൾപ്പെടുന്ന എസ്റ്റേറ്റ് കരിമ്പേക്കുഴിഭാഗവും തലനാടു തോടിന്റെ ഇരുവശങ്ങളിലുമായി ചെരിഞ്ഞുകിടക്കുന്ന മരവിക്കല്ല് ചേരിപ്പാട് അയ്യമ്പാറ, ഞണ്ടുകല്ല് പ്രദേശങ്ങളും (വാർഡ്–1) മലമടക്കുകൾക്ക മീതേ ഏതാണ്ട നിരപ്പെന്നു പറയാവുന്ന (2, 4 വാർഡുകളും) ഗ്രാമഹൃദയത്തെ പൂർണ്ണമായും സ്പർശിച്ചു ചൊവ്വൂർ താഴ്വരയിലേയ്ക്ക് വ്യാപിച്ചു കിടക്കുന്ന 3–ാം വാർഡും, സഹ്യന്റെ തുടർച്ചയായി ഉയർന്നു നിൽക്കുന്ന ഇല്ലിക്കൽ മലയുടെ അടിവാരത്തിൽ വ്യാപിച്ചു കിടക്കുന്ന ചോനമല പ്രദേശവും ചേർന്നാൽ തലനാട് പഞ്ചായത്തായി. ലാറ്ററൈറ്റ് വിഭാഗത്തിൽപെട്ട മണ്ണാണ് പഞ്ചായത്തു പ്രദേശത്തു കാണപ്പെടുന്നത്.

ജൂൺ മാസത്തോടെ ആരംഭിക്കുന്ന കാലവർഷം ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ ശക്തമാകും. ഒക്ടോബർ നവംബർ മാസങ്ങളിൽ കനത്ത തുലാവർഷവും ലഭിക്കുന്നു. വർഷപാതം സംസ്ഥാന-ജില്ലാ ശരാശരിയേക്കാൾ ഉയർന്നതാണ്. കാലവർഷക്കാലം തലനാട് പഞ്ചായത്തു നിവാസികൾക്ക് ഒരു പേടിസ്വപ്നമാണ്. മലയിടിച്ചിലും ഉരുൾപൊട്ടലും ഒരു തുടർക്കഥപോലെ കൊല്ലം തോറും ആവർത്തിക്കുന്നു. ഉരുൾ പൊട്ടലിന്റെ കാരണത്തെക്കുറിച്ച് ജിയോളജി വിഭാഗം പഠനങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതു പ്രസിദ്ധപ്പെടുത്തിയിട്ടില്ല.

കനത്ത വർഷപാതം ലഭിക്കുന്നുണ്ടെങ്കിലും അതേശക്തിയോടെ വേനലും തലനാടു പഞ്ചായത്തിനെ ആക്രമിക്കാറുണ്ട്. വർഷപാതത്തിലൂടെ ലഭിക്കുന്ന ജലം മുഴുവൻ കിഴക്കാം തൂക്കായ ഭൂപ്രദേശത്തുകൂടി ഒഴുകി പാഴായി പോകുന്നതുകൊണ്ട് വേനലിനെ ഫലപ്രദമായി നേരിടാൻ കഴിയുന്നില്ല. കൊടുങ്കാറ്റാണ് കർഷകർ നേരിടുന്ന മറ്റൊരു ഭീഷണി. വർഷകാലത്ത് മഴയ്ക്കുമ്പടിയായെത്തുന്ന പടിഞ്ഞാറൻ കാറും, ഡിസംബർ ജനുവരി മാസങ്ങളിൽ ഉണ്ടാകുന്ന വേനൽ കാറും കൃഷിനാശത്തിനിടയാക്കുന്നു.

പ്രകൃതി ക്ഷോഭത്തെ സംബന്ധിക്കുന്ന പട്ടിക-3 കാണുക.

പട്ടിക—2 **പ്രകൃതിക്ഷോഭ സൂചിക**

നമ്പർ	പ്രകൃതിക്ഷോഭത്തിന്റെ സ്വഭാവം	അനുവദിച്ച ധനസഹായം			ബ്രാക്കറ്റിൽ അപേക്ഷകരുടെ എണ്ണം		
		1991–92	1992–93	1993–94	1994–95	1995–96	1996–97
1	ഉരുൾ പൊട്ടൽ	2,19,14,74 (261)	20,841 (18)	1903,05 (157)		തുക അനുവദിച്ചില്ല (16)	7,853 (13)
2	വെള്ളപ്പൊക്കം		46,672 (37)				
3	കൊടുങ്കാറ്റ്		39,818 (69)	തുക അനുവദിച്ചിട്ടില്ല (29+115)	തുക അനുവദിച്ചിട്ടില്ല (60)	തുക അനുവദിച്ചിട്ടില്ല (8)	1,92604 (288)
4	വേനൽ			3,14453 (527)			

അവലംബം : കൃഷിഭവൻ രേഖകൾ

ജൈവ വൈവിധ്യം

ആദ്യകാലങ്ങളിൽ കൃഷിയെ ആണ് ജനങ്ങളും പൂർണ്ണമായും ആശ്രയിച്ചിരുന്നതെന്നു പറഞ്ഞുവല്ലോ. എന്നാൽ നാണ്യവിളകളും വ്യാപകമായിട്ടും ആധുനിക സാങ്കേതിക വിദ്യകളും കൃഷിയിൽ പ്രയോഗിക്കുന്ന കാര്യത്തിൽ കർഷകർ വിമുഖരായിരുന്നു. നാടൻ വിത്തിനങ്ങളും, വളപ്രയോഗവുമായിരുന്നു നിലവിലിരുന്നത്. കാലിവളമാണ് മുഖ്യമായും ഉപയോഗിച്ചുപോന്നത്.

കുരുമുളകു കൃഷി

കറുത്ത മുത്ത് പ്രസിദ്ധമാണല്ലോ, രാജ്യത്തിന് വൻ തോതിൽ വിദേശനാണ്യം നേടിത്തരുന്ന കുരുമുളകിന്റെ ആകെ ഉല്പാദനത്തിന്റെ 93 ശതമാനവും ഉല്പാദിപ്പിക്കുന്നത് കേരളത്തിലാണ്. സംസ്ഥാനത്തിന്റെ ഈ ഉയർന്ന ഉല്പാദനശേഷിയെ പോഷിപ്പിക്കാൻ പോന്നതായിരുന്നു ഒരു കാലത്ത് തലനാട് പഞ്ചായത്തിലെ കുരുമുളക് ഉല്പാദനം. കാര്യമായ ജലസേചനം ആവശ്യമില്ല എന്നുള്ളതും, മണ്ണിന്റെയും കാലാവസ്ഥയുടെയും യോജ്യതയുമായിരിക്കാം. ഇതിന് പ്രേരകമായ ഘടകങ്ങളും ഗുണമേന്മയുടെ കാര്യത്തിലും നമ്മുടെ കുരുമുളക് ഒട്ടും പിന്നിലായിരുന്നില്ല. കരിമുണ്ട, കാണിയേക്കാടൻ മുതലായ നാടൻ ഇനങ്ങളായിരുന്നു പ്രചാരത്തിലിരുന്നത്. പഞ്ചായത്തിൽ മൊത്തം കൃഷിഭൂമിയുടെ 50 ശതമാനത്തിലേറെ പ്രദേശത്തു വ്യാപിച്ചിരുന്ന കുരുമുളകു കൃഷി പിന്നീട് ക്രമേണ കുറഞ്ഞുവന്നു. ഇന്നത് ആകെ കൃഷിഭൂമിയുടെ വെറും 1.76 ശതമാനം മാത്രമാണ്. (ഭൂവിനിയോഗത്തെ സംബന്ധിക്കുന്ന പട്ടിക 3 കാണുക.) ഹൈറേഞ്ചിലും, വയനാട്ടിലും, വടക്കൻ മലബാറിലും കുരുമുളക് കൃഷി വ്യാപകമാവുകയും, മീനച്ചിൽ താലൂക്കിൽ റബ്ബർകൃഷിക്കു വൻപ്രചാരം സിദ്ധിക്കുകയും ചെയ്തതോടെ തലനാട് പഞ്ചായത്തിൽ കുരുമുളകു കൃഷിക്ക് പ്രചാരം കുറഞ്ഞു.

തെങ്ങ്

കേരം തിങ്ങും കേരളനാട് എന്നാണല്ലോ പഴമൊഴി. ഇന്നത്തു നിരർത്ഥകമായ ഒരു പ്രയോഗമായിക്കൊണ്ടിരിക്കുകയാണെന്നും നമുക്കറിയാം. 1991–92 മുതൽ പത്തു വർഷക്കാലത്ത് തെങ്ങ് കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ കേരളത്തിലാകെ 2 ലക്ഷം ഹെക്ടറിന്റെ വർദ്ധനവുണ്ടായി. (Economic Review 1993) എന്നാൽ തദ്ദേശസ്വതമായ ഉൽപ്പാദന വർദ്ധനവ് സാദ്ധ്യമായില്ല. തലനാട് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷി ഭൂമിയുടെ വിസ്തൃതിയിലും, ഉൽപ്പാദനത്തിലും പിന്നോക്കം പോവുകയാണു ചെയ്തത്. മുമ്പ് ആകെ കൃഷിയോഗ്യമായ ഭൂമിയുടെ 40% വരുന്ന ഭാഗങ്ങളിൽ തെങ്ങ് കൃഷി ചെയ്തിരുന്നു. ജലസേചനം ചെയ്താൽ ഉൽപ്പാദനം വളരെയധികം ഉയർത്താൻ കഴിയുന്ന വിളയാണ് തെങ്ങ്. പഞ്ചായത്തു പ്രദേശത്തുകൂടി കടന്നു പോകുന്ന മൊത്തം തോടുകളുടെ നീളം 66 കി. മീയാണെന്നു പറഞ്ഞുവല്ലോ. ഈ തോടുകളിലൂടെ ഏകദേശം*1.1mcm ജലം കൊല്ലം തോറും ഒഴുകി പോകുന്നുവെന്നാണ് കണക്ക്. ഇത് കൃഷിക്കുപയോഗിക്കാൻ കഴിയാതെ പോയതുകൊണ്ട് നാളികേര ഉൽപ്പാദനത്തിൽ ഒരു കുതിച്ചുചാട്ടത്തിന് നമുക്കൊരിക്കലും സാധിച്ചില്ല.

വൻകിട ജലസേചന പദ്ധതികൾക്കുള്ള സാധ്യത പഞ്ചായത്തു പ്രദേശത്തു ഇല്ലതന്നെ. എന്നാൽ ചെറുകിട ജലസേചന പദ്ധതികളും (ചെക്കുഡാമുകളും, ലിഫ്റ്റ്

* കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പഠനങ്ങൾ

വാഴകൃഷി

ഭക്ഷ്യവിളകളിൽ അപ്രധാനമല്ലാത്ത വാഴ തലനാട് പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കൃഷിചെയ്യുന്നു. ഞാലിപ്പൂവൻ, പൂവൻ, കദളി, പാളയംതോടൻ തുടങ്ങിയ നാടൻ ഇനങ്ങളാണ് മുഖ്യമായും കൃഷിചെയ്യുന്നത്. വെള്ളാനി പൂവൻ എന്നൊരിനവും പ്രചാരത്തിലുണ്ട്. തലനാട് പഞ്ചായത്തിലെ വെള്ളാനിപ്രദേശത്തുമാത്രം കണ്ടുവന്നിരുന്ന ഈ ഇനം ഇന്ന് സമീപ പഞ്ചായത്തുകളിലും പരക്കെകണ്ടുവരുന്നു. കാര്യമായ പരിചരണങ്ങളൊന്നുമില്ലാതെ തന്നെ തൊടികളിൽ വളരുന്ന ഇനങ്ങളാണ് മേൽപറഞ്ഞവ. റോബസ്റ്റാ, പെനാംഗ് തുടങ്ങി ചില ഇനങ്ങളും ഇന്ന് കൃഷി ചെയ്തു വരുന്നു.

കഴിഞ്ഞ കുറേവർഷങ്ങളായി ഏത്തവാഴകൃഷിക്കും നല്ലപ്രചാരം സിദ്ധിച്ചിട്ടുണ്ട്. ആവർത്തന കൃഷിചെയ്യുന്ന റബ്ബർതോട്ടങ്ങളിലാണ് മുഖ്യമായും ഏത്തവാഴ കൃഷിചെയ്യുന്നത് റബ്ബർ ബോർഡ് അംഗീകരിച്ച ഇടവിള എന്നനിലയിലാണ് ഏത്തവാഴ വ്യാപകമായത്. പഞ്ചായത്തുപ്രദേശത്ത് ഒരു സംഘടിത കാർഷിക വിപണനസമ്പ്രദായം ഇല്ല എന്നുള്ളത് വലിയൊരു കുറവാണ്. ഇന്ന് ഈ പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന വാഴക്കുലകൾ ഈരാറ്റുപേട്ടയിലാണ് വിപണനം ചെയ്യുന്നത്. അത് ന്യായവിലയ്ക്ക് ഇവിടെതന്നെ വില്ക്കാനുള്ള സൗകര്യമുണ്ടാകണം. പട്ടിക 3, 4 എന്നിവകാണുക.

മരച്ചീനി (കപ്പ)

സാധാരണക്കാരന്റെ സമ്പൂർണ്ണാഹാരമായ മരച്ചീനി തലനാട്പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും ധാരാളമായി കൃഷിചെയ്തിരുന്നു. വീട്ടുവളപ്പിൽ നൂറുമൂടു കപ്പയില്ലാത്ത വീടുകൾ വിരളമായിരുന്നു. എന്നാൽ റബ്ബർ വ്യാപകമായതോടെ 10 സെൻറു ഭൂമിയുള്ളവരും റബ്ബർകൃഷി ചെയ്തു തുടങ്ങി. കപ്പകൃഷി കുറഞ്ഞു. ഉണക്കിയും പച്ചയായും ധാരാളം കപ്പ പുറംനാടുകളിൽ വിറ്റിരുന്ന സ്ഥാനത്ത് ഇന്നിപ്പോൾ അന്യഗ്രാമങ്ങളിൽ നിന്നു കപ്പഎത്തുന്നു. ചുള്ളിപോലുള്ള നാടൻ ഇനങ്ങൾ മാറി ആ സ്ഥാനം 'സിലോൺ' ഇനം കയ്യടക്കിയിരിക്കുന്നു. വിപണിയധിഷ്ഠിത കൃഷിരീതിനിലവിൽ വന്നതും ഒരു തടസ്സമായി. സംസ്ഥാന തലത്തിൽ തന്നെ കഴിഞ്ഞ പത്തുകൊല്ലത്തിനിടെ വൻ കുറവാണ് സംഭവിച്ചിരിക്കുന്നത്. 1980–81–ൽ 40.6 ലക്ഷം ടൺ ആയിരുന്ന മരച്ചീനി ഉല്പാദനം 1985–86–ൽ 32.76 ലക്ഷം ടൺ ആയും 1991–92 27.37 ലക്ഷം ടൺ ആയും കുറഞ്ഞു. തലനാടു പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഉല്പാദന മാന്ദ്യത്തിന്റെ തോത് അതിലും ഉയർന്നതാണ്. അനിയന്ത്രിതമായ എലിശല്യവും ചെരിവുസ്ഥലങ്ങളിൽ മണ്ണൊലിപ്പ് ത്വരിതപ്പെടുത്തുമെന്നുള്ളതും കപ്പകൃഷി കുറയാൻ കാരണമായി പട്ടിക 4 കാണുക.

റബർ

നാണ്യവിളകളുടെ ഇടയിൽ പ്രമുഖസ്ഥാനം കയ്യടക്കിയ റബറിന്റെ ജൈത്രയാത്ര തുടങ്ങുന്നത് തലനാടുപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം അൻപതുകളിലാണ്. അതിനുമുൻപും റബർകൃഷി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും, ആധുനിക കൃഷി രീതികളും അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും അൻപതുകളിലാണ് പ്രചാരത്തിലായത്. രാജ്യത്ത് ആകെ ഉല്പാദിപ്പിക്കുന്ന

ഇറിഗേഷൻ) ക്ക സാധ്യത ഉണ്ടായിരുന്നിട്ടും നമുക്കതു സാധ്യമായില്ല. തെങ്ങിനെ ബാധിക്കുന്ന ചെന്നീരൊലിപ്പ്, കാറുവീഴ്ച, ഇളവേരുപൊട്ടൽ, കൊമ്പൻചെല്ലിയുടെ ആക്രമണം എന്നിവ പരക്കെ കാണപ്പെടുന്നു. കൂടാതെ ഇടിവേട്ടേറും തെങ്ങു നശിക്കുന്നു. കേടുവന്നു മുറിച്ചു മാറിയ തെങ്ങുകളുടെ സ്ഥാനത്ത് യഥാകാലം തൈനടുവാൻ കർഷകർ ശുഷ്കാന്തി കാണിച്ചില്ല. റബർ കൃഷിയുടെ കടന്നുകയറ്റമാണ് അതിനുള്ള പ്രധാനകാരണം. റബർ പ്രചാരത്തിൽ വന്ന നാളുകളിൽ റബർബോർഡിന്റെ ധനസഹായം ലഭിക്കാൻ നിശ്ചിത എണ്ണം മരങ്ങളൊഴികെയുള്ളവ വെട്ടിമാറ്റി. കായ് ലഭിച്ചുകൊണ്ടിരുന്ന തെങ്ങുകളും അങ്ങനെ വെട്ടി മാറേണ്ടിവന്ന കർഷകരുടെ എണ്ണം കുറവല്ല.

തെങ്ങുകൃഷി വികസിപ്പിക്കുന്ന കാര്യത്തിൽ കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളും തുലോം തുച്ഛമാണ്. കേടുബാധിച്ച തെങ്ങുകൾ മാറ്റി പ്രക്കുന്നതിന് തീരെ കുറഞ്ഞ ധനസഹായമാണ് ലഭിച്ചുത് തൈവിതരണത്തിന്റെ കാര്യത്തിലാകട്ടെ 1993-94-കാലഘട്ടങ്ങളിൽ മാത്രമാണ് കൃഷിവകുപ്പ് ഇടപെട്ടുതുടങ്ങിയതും T X D. കുറ്റാടി തുടങ്ങിയ അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ കൃഷിഭവൻ വഴിപ്രചരിപ്പിച്ചുവെങ്കിലും, 18-ാം മാത്തി പോലുള്ള നാടൻ ഇനങ്ങളെ അപേക്ഷിച്ച് ഉല്പാദനത്തിലും രോഗപ്രതിരോധശേഷിയിലും അവ പിന്നോക്കം പോവുകയാണ് ചെയ്തത്.

നടീൽ വസ്തുക്കളുടെ വിതരണം സംബന്ധിക്കുന്ന പട്ടിക 3 ചുവടെ.

പട്ടിക—3


നമ്പർ	ഇനം	1993-94	1994-95	1995-96
1	തെങ്ങ്	300	130	935
2	കശുമാവ്	—	3500	—
3	കുരുമുളക്	—	—	175
4	കമുക്	1500	—	—
5	കൊക്കോ	6000	—	—
6	കാപ്പി, ജാതി	—	2000	—
7	പഴവർഗങ്ങൾ	—	—	40
8	ഏത്തവാഴ	—	—	588

അവലംബം: കൃഷിഭവൻ രേഖകൾ

റബറിന്റെ 92% കേരളത്തിലാണെന്നറിയാമല്ലോ. അതിൽ അഭിമാനകരമായ ഒരു പങ്ക് നമ്മുടെ പഞ്ചായത്തും വഹിക്കുന്നു. *1980–81 മുതൽ കേരളത്തിൽ റബർകൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് കൂടിവരികയാണ്. കഴിഞ്ഞ 10 വർഷത്തിനിടയിൽ 2 ലക്ഷം ഹെക്ടറിന്റെ വർദ്ധനവുണ്ടായി. ഉല്പാദനത്തിലും വൻ വർദ്ധനവു പ്രകടമാണ്. 1980–81–ൽ 1.4 ലക്ഷം ടൺ ആയിരുന്നതു 91–92 ആയപ്പോഴേ 3.4 ലക്ഷം ടൺ ആയി ഉയർന്നു.

തലനാട് പഞ്ചായത്തിന്റെ കാര്യത്തിലും വർദ്ധനവ് പ്രകടമാണ്. ഇപ്പോഴത്തെ കൃഷി ഭൂമിയുടെ 80.30 ശതമാനം സ്ഥലത്ത് റബർകൃഷി ചെയ്തുവരുന്നു. പട്ടിക 5 കാണുക. ഉല്പാദനത്തിന്റെ കാര്യത്തിലും ഗണ്യമായ വർദ്ധനവുണ്ടായി. ക്ലോണൽ മാർത്താണ്ഡം മുതലായ പഴയ ഇനങ്ങൾക്കു പകരം RRII 105, RRIM 600, 235 തുടങ്ങി അത്യുല്പാദനശേഷിയുള്ള ഇനങ്ങൾ പ്രചരിച്ചു തുടങ്ങി. കേരളത്തിലെ പുരാതനവും പ്രസിദ്ധവുമായ തീക്കോയി റബ്ബേഴ്സ് ഇന്ത്യ ലിമിറഡ് കമ്പനിയുടെ 153.21 ഹെക്ടർ സ്ഥലം തലനാട് പഞ്ചായത്തിലാണ്. തദ്ദേശവാസികൾക്ക് റബർകൃഷിയിലേയ്ക്കു തിരിയാൻ ഇതൊരു പ്രേരണയായിട്ടുണ്ട്. ഒപ്പം കൃഷിക്കനുയോജ്യമായ മണ്ണും കാലാവസ്ഥയും കൂടിയായപ്പോൾ തലനാടു പ്രദേശത്ത് റബർ കൃഷിക്കു വൻ പ്രചാരം കൈവന്നു.

തൊഴിലാളികളിൽ അധികവും റബർ മേഖലയുമായി ബന്ധപ്പെട്ടാണ് കഴിയുന്നത്. ടാപ്പിംഗ് ആണ് മുഖ്യതൊഴിൽ. റബർ വിലയിൽ വമ്പിച്ച വർദ്ധനവുണ്ടായെങ്കിലും തദനുസൃതമായി കൂലി വർദ്ധനവുണ്ടായിട്ടില്ല. 1927–ൽ $10\frac{1}{2}$ ചക്രമായിരുന്നു ടാപ്പിംഗ് കൂലി. 1996 ആയപ്പോൾ അതു 25 രൂപ (100 മരത്തിന്) യായി ഉയർന്നു. നിത്യോപയോഗ സാധനങ്ങളുടേയും, റബറിന്റെയും വില വർദ്ധനവുരായി താരതമ്യം ചെയ്യുമ്പോൾ കൂലി വർദ്ധനവിന്റെ തോത് തികച്ചും ദുർബലമാണ് താഴെ കൊടുത്തിരിക്കുന്ന ഡയഗ്രം കാണുക.



* ECONOMIC REVIEW, PLANING BOARD 1993 GOVT OF KERALA

പ്രതിസന്ധികൾ

അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭമാണ്. റബർ കർഷകർ പ്രധാനമായും നേരിടുന്ന പ്രതിസന്ധി. ഏഴുവർഷത്തെ പരിചരണത്തിനുശേഷമാണ് റബറിൽ നിന്ന് ഉല്പാദനം ആരംഭിക്കുന്നത്. ദാഹിച്ചുമോഹിച്ചു കാത്തിരിക്കുമ്പോഴായിരിക്കും നിനച്ചിരിക്കാതെ ഒരു കൊടുംകാറ്റ്. കാറ്റിൽ പൂർണ്ണമായും നശിച്ച തോട്ടങ്ങളുണ്ട്. ചെറുകിട പരിമിത കർഷകരാണെങ്കിൽ ജീവിതം വഴിമുട്ടിയതുതന്നെ. തുടർന്നും ഒരു തോട്ടം വെച്ചുപിടിപ്പിക്കാനുള്ള ചെലവ് ഭീമമാണ്. 1983-ൽ ഉണ്ടായ രൂക്ഷമായ വേനൽ നിരവധി കർഷകരുടെ ശോഭനമായ ഭാവിപ്രതീക്ഷകൾക്കു വിരാമമിട്ടു. ഒരു സാമ്പത്തിക നിശ്ചലാവസ്ഥതന്നെ ഗ്രാമത്തെ ബാധിച്ചു. ഉരുൾപൊട്ടൽ, ഇടിവെട്ട് തുടങ്ങി ഭീഷണികൾ വേറെയുണ്ട്.

നടീൽ വസ്തുക്കളുടെയും വളത്തിന്റെയും വിലയിൽ കുത്തനെ ഉണ്ടായ വർദ്ധനവ് കൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. (കൂലിയിനത്തിലും സമീപകാലത്ത് വൻ വർദ്ധനവുണ്ടായി) റബർ ബോർഡിന്റെ ഇടപെടൽ ഫലപ്രദമല്ല. പുതുകൃഷിക്കും ആവർത്തനകൃഷിക്കുമുള്ള ധനസഹായം പരിമിതമാണ്. കൃഷിയിടത്തിൽ നിന്ന് ബോർഡിന്റെ ധനസഹായം കിട്ടാൻ അധികമുള്ള മറ്റു വൃക്ഷങ്ങൾ വെട്ടിമാറേണ്ടിവരുന്നതുകൊണ്ട് പല കർഷകരും ഇപ്പോൾ ധനസഹായം വാങ്ങാൻ തയ്യാറാകുന്നില്ല. ഒന്നുകിൽ വൃക്ഷങ്ങളുടെ കാര്യത്തിൽ ഉദാരമായ സമീപനം ബോർഡു സ്വീകരിക്കണം. അല്ലെങ്കിൽ സഹായധനത്തിന്റെ തോത് വർദ്ധിപ്പിക്കണം. ഗ്രൂപ്പായി, റബർ ഉല്പാദകസഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ മരുന്നുതളി നടത്തിയാൽ ചെലവുകൾ കുറക്കാൻ സാധിക്കും. പഞ്ചായത്ത് പ്രദേശത്ത് മൂന്ന് ഉല്പാദകസംഘങ്ങൾ പ്രവർത്തിക്കുന്നു. അവയെ സംബന്ധിക്കുന്ന വിശദവിവരം ചുവടെ.

പട്ടിക—5

സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	ക്രഡിറ്റ്/നോൺ ക്രഡിറ്റ്	ആരംഭിച്ച വർഷം	ആകെ അംഗങ്ങൾ	ഓഹരിയുടെ വില
അടുക്കം റബർ ഉല്പാദകസംഘം കെ. 225/90	6, 7, 8 വാർഡുകൾ	നോൺ ക്രഡിറ്റ്	1990	122	50 രൂപ
തലനാട് റബർ ഉല്പാദകസംഘം കെ. 558/94	2, 3, 5 വാർഡുകൾ	നോൺ ക്രഡിറ്റ്	1994	85	50 രൂപ
മരവിക്കല്ല് റബർ ഉല്പാദകസംഘം കെ. 118/89	1-ാം വാർഡ് തീക്കോയി പ 8-ാം വാർഡ്	നോൺ ക്രഡിറ്റ്	1989	124	50 രൂപ

അവലംബം : R. P. S. രേഖകൾ

റബർതോട്ടങ്ങളിൽ വ്യാപകമായി കയ്യാലകൾ കെട്ടിയും വെള്ളം ഭൂമിയിലേക്കിറങ്ങുന്നതിനുവേണ്ടി കുഴികൾ കുത്തിയും റബറിന്റെ ഉല്പാദനം വർദ്ധിപ്പിക്കാം. കൂടാതെ റബറിനെ ബാധിക്കുന്ന പട്ടമരപ്പ്, പൂപ്പൽ, ഇലകൊഴിച്ചിൽ തുടങ്ങിയ രോഗങ്ങൾക്ക് സത്വര പരിഹാരം കാണാൻ കഴിയുന്ന ഒരു പ്രതിരോധ ചികിത്സാ സംവിധാനം ഏർപ്പെടുത്തുകയും ചെയ്താൽ സംസ്ഥാന ശരാശരിയെക്കാൾ ഉല്പാദനത്തിൽ നമുക്കു മുന്നേറാനാകും.

കശുമാവ്

വ്യവസായങ്ങളുടെ അസംസ്കൃത വിഭവ ഉൽപ്പാദന മേഖലകൂടിയാണല്ലോ കൃഷി. ആ നിലയ്ക്ക് കശുമാവ് വളരെ പ്രാധാന്യമർഹിക്കുന്നു. രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടിയുടെ 75 ശതമാനവും കേരളത്തിലാണെന്നായിരുന്നു കണക്ക്. അതിൽ തലനാടു പഞ്ചായത്തിനും അതിന്റേതായ ഒരു പങ്കു വഹിക്കാൻ കഴിഞ്ഞിരുന്നു. എന്നാലിന്ന് വെറും 19.6 ഹെക്ടർ പ്രദേശത്തു മാത്രമായി കശുമാവുകൃഷി ഒതുങ്ങി. (പട്ടിക-4) കാര്യമായി ജലസേചനം ചെയ്തില്ലെങ്കിലും ഫലം കിട്ടുന്ന കശുമാവു കൃഷി തലനാടിന്റെ മലപ്രദേശങ്ങളിൽ പ്രോൽസാഹിപ്പിക്കേണ്ടതാണ്.

ഗ്രാമ്പു

സുഗന്ധ വിളയായ ഗ്രാമ്പു തലനാട് പ്രദേശത്തു വളരെ സമൃദ്ധമായി വളരുന്ന ജലസേചനം ആവശ്യമായ വിളയാണിത്. കഴിഞ്ഞ കുറേ വർഷങ്ങളായി തീരെ വിലയില്ലാത്ത ഒരു കാർഷികോല്പന്നമാണ് ഗ്രാമ്പു. കൃഷിവകുപ്പ് ചില സാമ്പത്തിക സഹായമൊക്കെ ചെയ്യുന്നുണ്ടെങ്കിലും വളരെ അപര്യാപ്തമാണത്. മിക്കവാറും മുറത്തും തൊടിയിലും വളർത്തുന്ന ഗ്രാമ്പുവിന് ചെടി ഒന്നിന് എന്ന കണക്കിൽ മെച്ചപ്പെട്ട ധനസഹായം നൽകി സംരക്ഷിക്കാൻ സർക്കാർ മുന്നോട്ടു വരണം. ജാതി, ഏലം എന്നിവയുടെ കാര്യത്തിലും ഇതേ സമീപനം വേണ്ടിയിരിക്കുന്നു. സംഘടിത കാർഷിക വിപണന സൗകര്യമാണ് പരമപ്രധാനം.

കുരുമുളക്

പഞ്ചായത്തു ഭൂപരിധിയിൽ വരുന്ന 6, 7 ,8 വാർഡുകളിലും തലനാടു പ്രദേശത്തും മുൻ കാലങ്ങളിൽ കുരുമുളക് ധാരാളമായി ഉണ്ടായിരുന്നു. നാടൻ ഇനങ്ങൾക്കു പുറമേ റോബസ്റ്റാ, കാവേരി തുടങ്ങിയ ഇനങ്ങളും ഇപ്പോളുണ്ട്. വേനൽ കാലങ്ങളിൽ ജലസേചനം ചെയ്താൽ കുരുമുളകിന്റെ ഉല്പാദനം ഇരട്ടിയാക്കാൻ സാധിക്കും. സഹകരണ വിപണന കേന്ദ്രങ്ങൾകൂടി ആരംഭിച്ച് സംരക്ഷിക്കുകയും പോഷിപ്പിക്കുകയും വേണം. മണ്ണൊലിപ്പ് തടയാനും കുരുമുളകുകൃഷി സഹായകമാകുന്നു. ഭൂവിനിയോഗത്തെ സംബന്ധിക്കുന്ന പട്ടിക കാണുക.

മറ്റുവിളകൾ

മുൻകാലങ്ങളിൽ ഈ പഞ്ചായത്തു പ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന പ്ലാവ്, മാവ്, ആഞ്ഞിലി മുതലായവ തീരെ സംരക്ഷിക്കപ്പെടുന്നില്ല. ചക്ക മുൻപൊക്കെ ഇവിടുള്ളവരുടെ പ്രധാന ആഹാര സാധനമായിരുന്നു. പുറമ്പോക്കുകളിലും സൗകര്യപ്ര

ദമായ സഹകാര്യ ഭൂമികളിലും പ്ലാവും, മാവും മറ്റു ഫലവൃക്ഷങ്ങളും നട്ടുവളർത്തുന്നപക്ഷം ചക്കക്കുരുവിൽ നിന്ന് കാലിതീറ്റയും ഉല്പാദിപ്പിക്കാൻ കഴിയും.

തേക്കാണ് ഇപ്പോഴും വ്യാപിച്ചുകൊണ്ടിരിക്കുന്ന മറ്റൊരു കൃഷി. റബ്ബർതോട്ടങ്ങളുടെ അതിർത്തികളിലും, വീട്ടുവളപ്പിലും, മലഞ്ചെരിവുകളിലും തേക്കു കൃഷി ചെയ്യുന്നു. (ഭൂവിനിയോഗ പട്ടിക കാണുക.) റബ്ബർ തോട്ടങ്ങളിൽ ഇടവിളയായി ഏലം കൃഷി ചെയ്യാവുന്നതാണ്.

പട്ടിക—5 ഭൂവിനിയോഗം

നമ്പർ	ഇനവിവരം	ഭൂവിസ്തീർണ്ണം	കായ്ക്കുന്നത്	കായ്ക്കാത്തത്
1	തെങ്ങ്	148 ഹെക്ടർ	29,800	60,000
2	കമുക്	8.4 ,,	11,900	6700
3	കശുമാവ്	19.6 ,,	4900	1100
4	പ്ലാവ്	37.8 ,,	7300	1100
5	കുരുമുളക്	56.6 ,,	31500	6700
6	വാഴ, ഏത്തവാഴ	30.5 ,,	60600	
7	റബർ	2550 ,,		
8	കാപ്പി	42 ,,		
9	ഗ്രാമ്പു	20 ,,	6200	
10	ജാതി	4 ,,	1200	
11	കൊക്കൊ	19 ,,	9500	
12	മരച്ചീനി	58 ,,	29600	
13	തേക്ക്	57.89 ,,		
14	മാവ്	51 ,,	3814	
15	പച്ചക്കറി, ഏലം മുതലായവ	72.21 ,,		

കൃഷിവേൻ രേഖകം അവലംബം

പച്ചക്കറി കൃഷി തോട്ടമായി ചെയ്യാറില്ലെങ്കിലും വീട്ടുവളപ്പുകളിൽ സർവ്വ സാധാരമാണ്. വഴുതിന, പാവൽ, കോവൽ, മത്തൻ, ചീര എന്നിവ പരക്കെ കൃഷി ചെയ്തുവരുന്നു. ഇത് കൂടുതൽ പ്രോത്സാഹനമർഹിക്കുന്നു.

മണ്ണുസംരക്ഷണവും ജലസംരക്ഷണവും

കൂടെക്കൂടെയുണ്ടാകുന്ന ഉരുൾപൊട്ടലും, വർഷകാലത്തെ കുത്തൊഴുക്കും ധാരാളം മേൽ മണ്ണ് നഷ്ടമാകാൻ ഇടയാക്കുന്നുണ്ട്. മലഞ്ചെരുവുകളിൽ നിന്ന് യാതൊരു തത്വദീക്ഷയുമില്ലാതെ മരങ്ങൾ വെട്ടിമാറ്റുകയും, പുല്ലും ആവരണ സസ്യങ്ങളും നശിപ്പിക്കപ്പെടുകയും ചെയ്തത് മണ്ണൊലിപ്പിനു കാരണമായി. ജലക്ഷാമത്തിനും മേൽ പറഞ്ഞ സംഗതികൾ കാരണമാകുന്നു. വർഷപാതത്തിലൂടെ ലഭിക്കുന്ന ജലം ഭൂമിയിൽ ആഴ്ന്നിറങ്ങാനും സ്വാഭാവിക നീർചാലുകൾ നിലനിർത്താനും വേണ്ട നടപടികൾ അപര്യാപ്തമാണ്. K. L. D. C. നടപ്പാക്കുന്ന പശ്ചിമ ഘട്ട വികസന പദ്ധതി അൽപ്പമൊരാശ്വാസമാണ്. 8-ാംവാർഡിൽ (വെള്ളാനി) ഈ പദ്ധതിയിൽ പെടുത്തി 385 ഹെക്ടർ സ്ഥലത്ത് കയ്യാല നിർമ്മിച്ചുകഴിഞ്ഞു. ഇതുകൂടാതെ പഞ്ചായത്തിന്റെ ഏതാനും ഭാഗങ്ങളിൽ E. A. S. ൽപ്പെടുത്തി കല്ലുകയ്യാലകൾക്കുള്ള ധനസഹായം നൽകിവരുന്നു. മുഴുവൻ വാർഡുകളിലും ഈ പദ്ധതി എത്തിയാലേ തലനാട് പഞ്ചായത്തിന് ഒരു കാർഷികകുതിച്ചുചാട്ടം സാധ്യമാകൂ. മണ്ണുസംരക്ഷണ പ്രവർത്തനങ്ങളെ സൂചിപ്പിക്കുന്ന പട്ടിക ചുവടെ.

പട്ടിക—7 **മണ്ണ് സംരക്ഷണം**

	പദ്ധതിയുടെ പേര്	പദ്ധതി പ്രദേശ വിസ്തീർണ്ണം	പ്രദേശത്തെ നീർചാൽ നീളം	അടങ്കൽ തുക	മൊത്തം ഗുണഭോക്തൃക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷിക്കപ്പെട്ട ഭൂമി	പ്രയോജനം ലഭിച്ചവർ	ചെലവായ തുക
1	Tribal Sub plan Chowoor (ST)	160_{Hct}	—	5,50,000	91	1-3-88	31-12-91	11.9 Hct	22	124990
2	ChoVoor Schem	500 Hct	—	4491	500	15-1-95	On going	54.58	54	717125

അവലംബം: മണ്ണുസംരക്ഷണ വകുപ്പ്

കൃഷിഭവൻ

1987 മുതൽ പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തിക്കുന്നു. തികച്ചും കാർഷിക മേഖലയായ തലനാട് കൃഷിഭവന്റെ പ്രവർത്തനങ്ങൾ പര്യാപ്തമല്ല. സാങ്കേതിക

വൈദഗ്ധ്യം കൃഷിക്കാക്ക് പ്രയോജനപ്പെടത്തക്കവിധം കൃഷിഭവന്റെ പ്രവ്ത്തന രീതി പുനർനിണ്ണയിക്കണം. ഒരു ഓഫീസറും, ഒരു അസിസ്റ്റന്റും മാത്രമാണ് ഇപ്പോഴ ഇവിട ള്ളത്. അതിൽ തന്നെ അസിസ്റ്റന്റിന്റെ തസ്തിക ആറുമാസമായി ഒഴിഞ്ഞു കിടക്കുന്നു. വിവിധയിനം നടീൽവസ്തുക്കളം കൃഷിഭവൻ വഴി വിതരണം ചെയ്യുന്നു. (പട്ടിക–4) കൊല്ലം തോറും മികച്ച കർഷകരെ നവംബർ 1–ന് ആദരിക്കാറുണ്ട്. കുട്ടികളിൽ കൃഷി യോട് ആഭിമുഖ്യം വളർത്താൻ സ്ക്കൂളുകളിൽ കാർഷിക ക്ലബ്ബുകളം ഉണ്ടാക്കാൻ കൃഷി ഭവൻ മുൻകൈയ്യെടുക്കണം.

ബാങ്കുകൾ

പഞ്ചായത്തുഭൂപരിധിക്കുള്ളിൽ രണ്ടുബാങ്കുകളം പ്രവർത്തിക്കുന്നു. സഹകരണമേഖല യിൽ ഒന്ന്. ഒരു വാണിജ്യബാങ്കും കൂടാതെ പാലാ കാർഷിക ഗ്രാമവികസനബാങ്കും മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണബാങ്കും ഈ പ്രദേശത്തെ അതിന്റെ പ്രവർ ത്തനപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം കൂടി ലക്ഷക്കണക്കിനു രൂപ ഈ പഞ്ചായത്തിന്റെ കാർഷിക മേഖലയിൽ ചെലവഴിച്ചിരിക്കുന്നു. തലനാട് സർവ്വീസ് സഹകരണ ബാങ്കു നൽകിയ കാർഷികവായ്പയുടെ തന്നാണ്ട് ചിത്രം ചുവടെ.

പട്ടിക—8 **വായ്പ**

	ഇനം	തുക
1	ഏത്തവാഴകൃഷി	16,49,192
2	റബ്ബർകൃഷി	4,09,330
3	കിണർ,പമ്പ്സെറ്	2,09,706
4	റബ്ബർ റോളർ	320,29
	ആകെ	2300257

രാസവളം വില്പന

വർഷം	തൂക്കം
1993—94	75 ടൺ
1994—95	30 ടൺ
1995—96	45 ടൺ
ആകെ	150 ടൺ

തലനാട്ടും അടുക്കത്തും പ്രവർത്തിക്കുന്ന ഡിപ്പോകളംവഴി കർഷകർക്കുവേണ്ടി വരുന്ന വളത്തിന്റെ നല്ലൊരു പങ്ക് ബാങ്ക് മിതമായ നിരക്കിൽ വിറ്റുവരുന്നു.

മേൽപറഞ്ഞ കണക്കുകളും വിവരങ്ങളും മാറിവരുന്ന കാർഷിക സംസ്കാരത്തി നനേരെയാണ് വിരൽ ചൂണ്ടുന്നത്. ഭക്ഷ്യ സ്വയംപര്യാപ്തതയോടൊപ്പം, കാർഷിക വ്യവസായങ്ങൾക്കാവശ്യമുള്ള അസംസ്കൃത വിഭവങ്ങളും പൂർണ്ണമായി പ്രദാനം ചെ യ്യാൻ പര്യാപ്തമായ ഒരു നയസമീപനമായിരിക്കണം നാം സ്വീകരിക്കേണ്ടത്.

നിർദ്ദേശങ്ങൾ

സംഘടിത കാർഷിക വിപണന സംവിധാനം ഏർപ്പെടുത്തണം.

ഉദ്യോഗസ്ഥ സാങ്കേതികവൈദഗ്ധ്യം സാധാരണ കർഷകന് ഉപകാരപ്രദമാക്കണം.

വാർഡുകം തോറും കാർഷിക ക്ലബ്ബുകം സ്ഥാപിച്ച് കാർഷിക പ്രവർത്തനങ്ങം ഏകോപിപ്പിക്കണം. വിളപ്രദർശനവും വിപണന മേളയും വേണം.

മണ്ണ്, ജലം ഇവയുടെ സംരക്ഷണം ഉറപ്പുവരുത്തണം. പഞ്ചായത്തിലെ ചെരിവുള്ള മുഴവൻ പ്രദേശത്തും കയ്യാല നിർമ്മിക്കുക.

ഗ്രാമ്പു, ജാതി എന്നിവയ്ക്ക് ചെടി ഒന്നിന് എന്ന ക്രമത്തിൽ സഹായധനം അനുവദിക്കുക. കുത്തക സംഭരണത്തിലൂടെ വിപണനം ഉറപ്പാക്കുക.

മണ്ണ് സമയാസമയങ്ങളിൽ പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങം കിട്ടാൻ പഞ്ചായത്തു തലത്തിൽ സൗകര്യമുണ്ടാക്കണം.

ജലസേചനത്തിനുവേണ്ട പമ്പുസെറ്റുകൾക്ക് സബ്സിഡി വർദ്ധിപ്പിക്കുക. ചെക്കഡാമുകളും ടാങ്കുകളും കുളങ്ങളും നിർമ്മിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

കൃഷിക്കാർക്ക് യാതൊരുഗുണവും ലഭിക്കുകയില്ലാത്ത മീനച്ചിൽ നദീതടപദ്ധതി ഉപേക്ഷിക്കേണ്ടതാണ്.

പാട്ടം അടിസ്ഥാനത്തിൽ റീപ്ലാന്റുചെയ്യുന്ന റബ്ബർതോട്ടങ്ങളിൽ പച്ചക്കറിയും ഏത്തവാഴയും കൃഷിചെയ്യാൻ കാർഷകരെസഹായിക്കുക.

പച്ചക്കറി വിത്തുകളും വളവും പൂർണ്ണമായും സൗജന്യമാക്കണം.

പാഴ്ഭൂമിവികസനത്തിൽ കശുമാവിന് മുൻതൂക്കം നൽകുക. ധനസഹായം വർദ്ധിപ്പിച്ച് സഹകരണ അടിസ്ഥാനത്തിൽ സംഭരണകേന്ദ്രങ്ങം തുറക്കുക. മുഴുവൻ കർഷക തൊഴിലാളികൾക്കും പെൻഷൻ അനുവദിക്കണം.

പുൽകൃഷിക്ക് സബ്സിഡിവർദ്ധിപ്പിച്ച് പാലുൽപാദനവും ജൈവവളനിർമ്മാണവും പ്രോൽസാഹിപ്പിക്കണം.

പഞ്ചായത്തിലെ മികച്ച കർഷകന് അവാർഡ് ഏർപ്പെടുത്തുക.

വാഴ, മരച്ചീനികൃഷികളെ പ്രോത്സാഹിപ്പിക്കുക.

കേടുവന്നതെങ്ങ് വെട്ടിമാറ്റി പുതിയതുകൃഷിചെയ്യാൻ സഹായം വർദ്ധിപ്പിക്കുക. ഇടിവെട്ടിനും പ്രകൃതിക്ഷോഭത്തിനും സൗജന്യ ഇൻഷ്വറൻസ് നൽകുക.

പ്രകൃതിക്ഷോഭത്തിൽ നശിക്കുന്ന റബ്ബർ തോട്ടങ്ങൾക്കു നഷ്ടപരിഹാരം നൽകുക.

അഹിംസാത്മകമായ സ്വാതന്ത്ര്യത്തിലേക്കുള്ള മുഖ്യമായ താക്കോൽ സാമ്പത്തിക സമത്വമാണ്. സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള വലിയവിടവ് നികത്താത്തിടത്തോളം കാലം അഹിംസാത്മകമായ ഭരണസംവിധാനം അസാധ്യമാണ്.

മഹാത്മഗാന്ധി



V 2

മൃഗസംരക്ഷണം

1807 കുടുംബങ്ങളാണ് പാർക്കുന്ന തലനാട് ഗ്രാമപഞ്ചായത്തിൽ ഭൂരിഭാഗം ആളുകളും പശു, ആട്, എരുമ, മുയൽ, കോഴി, പന്നി മുതലായ മൃഗങ്ങളെ വളർത്തുന്നുണ്ട്,

1991 മുതൽ 1996 വരെയുള്ള വളർത്തുമൃഗങ്ങളുടെ കണക്ക്

വർഷം	പശു	പശുമേൽതരം	എരുമ	ആട്	കിടാരി	മുയൽ	കോഴി	പന്നി
91	70	13	5	231	38	30	3524	140
92	90	35	7	384	59	40	4262	210
93	120	52	12	482	168	70	6381	290
94	280	84	14	540	279	180	7281	279
95	320	102	16	628	388	208	8580	311
96	466	116	18	776	434	324	9220	329

കാലിവളർത്തൽ

ഈ പഞ്ചായത്തിൽ ഏകദേശം 30% വീടുകളിലും ഉപജീവന മാർഗമായി കാലിവളർത്തൽ ഉണ്ട്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മഴക്കാലത്ത് പശുക്കൾക്ക് ആവശ്യമായ തീറ്റപുല്ല് ലഭിക്കുന്നുണ്ട്. എന്നാൽ വേനൽക്കാലങ്ങളിൽ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

ആടുവളർത്തൽ

പാലിനും മാംസത്തിനുമായിട്ടാണ് ഇവിടത്തെ ജനങ്ങൾ ആടുകളെ വളർത്തുന്നത്. എങ്കിലും മാംസത്തിന്റെ ഉപഭോക്താക്കൾ അന്യസംസ്ഥലവാസികളാണ്. ആടുവളർത്തലിന് അനുകൂലമായ സാഹചര്യമാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. അതിനാൽ ജമുനാപാരി പോലുള്ള മേൽത്തരം ആടുകളെ വളർത്തുന്നതിനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ല. കുറഞ്ഞ ചിലവിൽ കൂടുതൽ ആദായം ലഭ്യമാക്കാൻ കഴിയുന്ന ഒരു സംരംഭം ആണ് ആടുവളർത്തൽ

എരുമ

പഞ്ചായത്തിന്റെ കാലാവസ്ഥയും സൗകര്യങ്ങളും എരുമവളർത്തലിന് പറ്റിയതല്ലെങ്കിൽ കൂടി 8% ജനങ്ങൾ ഇതിൽ ഏർപ്പെട്ടിരിക്കുന്നു.

മുയൽ

തീറ്റയുടെ ലഭ്യതയും കാലാവസ്ഥയും മുയൽ വളർത്തലിന് അനുകൂലമാണ്. എങ്കിൽകൂടി വളരെ ചെറിയ ശതമാനം ജനങ്ങളെ ഇതിൽ ഏർപ്പെട്ടിട്ടുള്ളു. ഈ പഞ്ചായത്തിൽ വർഷങ്ങൾക്ക് മുൻപ് ഒരു I. C. D. P. സെൻറർ പ്രവർത്തിച്ചിരുന്നു. ഒരു മൃഗാശുപത്രി ആരംഭിച്ചത് 1996 ൽ മാത്രമാണ്.

പന്നി

മുൻകാലങ്ങളിൽ ഏറെപ്പേർ ഏർപ്പെട്ടിരുന്ന ഒരു തൊഴിലായിരുന്നു പന്നിവളർത്തൽ. എങ്കിലും ഇപ്പോൾ ഈ പഞ്ചായത്തിൽ ഏകദേശം 12% ജനങ്ങൾ മാത്രമെ ഈ തൊഴിൽ ചെയ്യുന്നുള്ളു. ഇവിടത്തെ കാലാവസ്ഥയും സാഹചര്യവും വച്ച് നോക്കിയാൽ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാവുന്ന ഒരു തൊഴിലാണ് പന്നി വളർത്തൽ. നല്ല ഇനം പന്നികളെ വീടിനോടനുബന്ധിച്ചും വളർത്താവുന്നതാണ്.

കോഴി

ഈ പഞ്ചായത്തിലെ മിക്കവാറും എല്ലാ വീടുകളിലും കോഴി വളർത്തൽ ഉണ്ട്. മുട്ടയ്ക്കും മാംസത്തിനും വേണ്ടിയാണ് കോഴികളെ വളർത്തുന്നത്. ജനങ്ങളുടെ ദൈനംദിന ഭക്ഷ്യ ആവശ്യങ്ങൾക്കുള്ള മുട്ടയുടെ ചെറിയൊരു പങ്കേ ഇവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളു. നമുക്ക് ആവശ്യമായ മുട്ടയുടെ ഭൂരിഭാഗവും വെളിയിൽ നിന്നു കൊണ്ടുവരുന്നതാണ്. ആവശ്യവും സാഹചര്യവും പരിഗണിച്ചാൽ ഈ പഞ്ചായത്തിൽ വളരെയേറെ വിജയസാദ്ധ്യതയുള്ള ഒരു തൊഴിലാണ് കോഴി വളർത്തൽ

ഈ പഞ്ചായത്തിൽ ലൈസൻസുള്ള '4' ഇറച്ചിക്കടകളും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിലവിലുള്ള വിവിധ ഇനം മാംസങ്ങളുടെ വില ചുവടെ ചേർക്കുന്നു.

പോത്ത്	മൂരി	കോഴി	ആട്	പന്നി
രൂ: 40	രൂ: 40	രൂ:55	രൂ: 100	രൂ: 40

ആഴ്ചയിൽ ഏകദേശം 1000/കിലോഗ്രാം മാംസം ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്നു എന്ന് കണക്കുകൂട്ടിയിട്ടുണ്ട്. പക്ഷെ ഇതിൽ ബഹുഭൂരിപക്ഷവും കൊണ്ടുവരുന്നത് അന്യസ്ഥലങ്ങളിൽ നിന്നാണ്.

കാലിവളർത്തൽ:-സാധ്യതകളും സഹായ പദ്ധതികളും

വാണിജ്യാടിസ്ഥാന പുൽകൃഷി

ക്ഷീരവികസന വകുപ്പ് മുഖേന ഒരു ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടപ്പാക്കുന്നതിന് ധനസഹായമായി ഒരു കർഷകന് 15000/രൂപാ നൽകിവരുന്നു. 50 സെന്റ് സ്ഥലത്ത് മാതൃകാ പുൽകൃഷിത്തോട്ടം നിർമ്മിക്കുന്ന 5 കർഷകർക്കായി ടി പദ്ധതിയിലെ ധനസഹായ തുക വിഭജിച്ച് നൽകി നടപ്പിലാക്കുകയാണെങ്കിൽ ക്ഷീരോല്പാദന രംഗത്ത് മെച്ചമായ പുരോഗതി കൈവരിക്കുവാൻ സാധിക്കും.

മാതൃകാ ഡയറി യൂണിറ്റ്

ക്ഷീര വികസന വകുപ്പ് മുഖേന മാതൃകാ ഡയറി യൂണിറ്റ് സ്ഥാപിക്കുന്ന ഒരു കർഷകന് നിലവിൽ 7000/രൂപാ ധനസഹായമായി നല്കിവരുന്നു. ടി സബ്സിഡി തുക 10000/രൂപയാക്കി ഉയർത്തികൊണ്ട് കർഷകന് കൂടുതൽ പ്രയോജന പ്രദമായ രീതിയിൽ നടപ്പിലാക്കാവുന്നതാണ്.

മാതൃകാ കാലിത്തൊഴുത്തു നിർമ്മാണം

നിലവിൽ ടി പദ്ധതിക്ക് ക്ഷീരവികസന വകുപ്പ് മുഖേന നല്കിവരുന്ന ധനസഹായ തുക 1250/-ക പദ്ധതിയുടെ നടത്തിപ്പ് വിജയത്തിന് മതിയാവാത്ത സാഹചര്യത്തിൽ ടി പദ്ധതിയുടെ സബ്സിഡി തുക 3000/രൂപയായി വർദ്ധിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്.

ക്ഷീര സംഘങ്ങൾക്ക് നല്കുന്ന ധനസഹായം

ഒരു പഞ്ചായത്തിലെ രണ്ടോ മൂന്നോ വാർഡുകൾ പ്രവർത്തന മേഖലയാക്കി രൂപീകരിക്കാവുന്നതാണ്. ക്ഷീര വികസന വകുപ്പ് മുഖേന ഒരു സംഘത്തിന് പ്രവർത്തന മൂലധനമായി 10000/രൂ വരെ (സംഭരിക്കുന്ന പാലിന്റെ അടിസ്ഥാനത്തിൽ)സബ്സിഡിയായി ലഭിക്കുന്നതാണ്. കൂടാതെ ഫർണിച്ചർ സബ്സിഡിയായി 5000/രൂപയും ബിൽഡിംഗ് സബ്സിഡിയായി 10000/രൂപയും നൽകിവരുന്നു. യോഗ്യതയുള്ള സെക്രട്ടറിമാരുള്ള ക്ഷീര സംഘത്തിന് 3 വർഷത്തേക്ക് പ്രതിമാസം 280/രൂപ മാനേജീരിയൽ സബ്സിഡിയും നല്കിവരുന്നു.

ക്ഷീര വികസന പ്രവർത്തനങ്ങളും മെച്ചപ്പെട്ട രീതിയിൽ ഗ്രാമീണ തലത്തിൽ നടപ്പിലാക്കുന്നതിന് ക്ഷീരസംഘങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ടി സാഹചര്യത്തിൽ ക്ഷീര സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരോല്പാദകർക്ക് സബ്സിഡി നിരക്കിൽ

കാലിത്തീറ്റകം ക്ഷീരസംഘങ്ങം മുഖേന വിതരണം ചെയ്യാവുന്നതാണ്. ഇതു് കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കുവാനും നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങം മെച്ചപ്പെടുത്തുന്നതിനും സഹായകമാകും. കൂടാതെ ഓരോ വാർഡുകളിലും കൂടുതൽ ക്ഷീരസംഘങ്ങം രൂപീകരിച്ചുകൊണ്ട് ക്ഷീരസംഭരണവും വിപണനവും മെച്ചപ്പെടുത്തി ക്ഷീരോല്പാദനരംഗം. ക്ഷീരകർഷകർക്ക് നല്ലൊരു ജീവിതോപാധിയാക്കി വളർത്തി എടുക്കുവാനും സാധിക്കുന്നതാണ്.

പുൽകൃഷി വികസനം

വിത്തു വിലയുടെ 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന പുൽ വിത്തുകൾക്ക് നിലവിൽ രാസവള സബ്സിഡിയായി ഹെക്ടറൊന്നിന് 500/രൂപാ നിരക്കിൽ മാത്രമാണ് രാസവളം നല്കുന്നത്. ടി സബ്സിഡി തുക1000/ രൂ യായി വർദ്ധിപ്പിക്കുന്ന പക്ഷം പുൽകൃഷി കൂടുതൽ മെച്ചമായ രീതിയിൽ നടത്തുന്നതിനും അതുവഴി ക്ഷീരോല്പാദകർക്ക് തൃപ്തികരമായ രീതിയിൽ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നതാണ്.

മാതൃകാ പുൽകൃഷിത്തോട്ടം

പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും നല്ല ക്ഷീര കർഷകരെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നല്കുന്നതിന് വേണ്ടി 25 സെൻറ് സ്ഥലത്ത് മാതൃകാ പുൽകൃഷിത്തോട്ടം നിർമ്മിച്ച് 3 വർഷത്തേക്ക് പരിപാലിക്കുന്നതിന് വേണ്ടി 250/രൂപായുടെ വീതം രാസവളം സബ്സിഡിയായി 3 വർഷത്തേക്ക് നല്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

കറവപശു വിതരണം

പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും നല്ല ക്ഷീര കർഷകരെ കണ്ടെത്തി അവർക്ക് ക്ഷീരവികസന മേഖലയിൽ പുരോഗതി ഉണ്ടാകുന്നതിന് വേണ്ടി കറവപശുവിനെ വാങ്ങുന്നതിന് സബ്സിഡിയായി 4000/രൂ നല്കുന്ന പദ്ധതി രൂപീകരിക്കാവുന്നതാണ്.

മീനെണ്ണ:മിനറൽ മിക്സ്ച്ചർ

ക്ഷീരവികസന മേഖലയിൽ പുരോഗതി കൈവരിക്കണമെങ്കിൽ കന്നുകുട്ടികളെ നല്ല രീതിയിൽ പരിപാലിക്കണം. ആയതിലേക്ക് കുറഞ്ഞ നിരക്കിൽ ധാതുലവണമിശ്രിതവും (മിനറൽ മിക്സ്ച്ചർ) മീനെണ്ണയും ലഭ്യമാക്കണം. വർഷത്തിൽ ഒരുതവണ മാത്രം വിതരണത്തിനായി ലഭ്യമാകുന്ന മീനെണ്ണയും ധാതുലവണമിശ്രിതവും കുറഞ്ഞത് 3 പ്രാവശ്യമെങ്കിലും ഈ ഓഫീസ് വഴി വിതരണം നടത്തുന്നതിനുള്ള പദ്ധതി രൂപീകരിക്കാവുന്നതാണ്.

സൈലേജ് നിർമ്മാണം; ഹേ നിർമ്മാണം

ടി പദ്ധതികൾക്ക് നിലവിൽ നൽകിവരുന്ന സഹായധനം തുലോം പരിമിതമായ സാഹചര്യത്തിൽ ധനസഹായധനം ഉയർത്തി കൂടുതൽ കർഷകർക്ക് പ്രയോജനം ലഭ്യമാകുന്നതിനുള്ള വിധത്തിൽ പദ്ധതി ആവിഷ്കരിക്കാവുന്നതാണ്.

പട്ടിക-2

പദ്ധതി	സാമ്പത്തിക വർഷം	ടാർജറ്റ്	ഗുണഭോക്താക്കളുടെ എണ്ണം	ധനസഹായ തുക	ആകെ
പശ്ചിമഘട്ട വികസന പദ്ധതി വെള്ളാനി (പുൽകൃഷി വികസനം)	91—92	2Ha	17	2250/Ha	4500/—
	92—93	2Ha	16	2250/Ha	4500/—
	93—94	1Ha	9	2500/Ha	2500/—
	94—95	3Ha	15	3000/Ha	9000/—
	95—96	NIL	—		
	96—97	NIL	—		
പശ്ചിമഘട്ട വികസന പദ്ധതി വെള്ളാനി കാലി തൊഴുത്ത് നിർമ്മാണം	91—92	10	10	2000/—	20000/—
	92—93	15	15	2000/—	30000/—
	93 94	10	10	3000/—	30000/—
	94—95	10	10	3000/—	30000/—
	95—96	NIL	NIL		
	96—97	NIL	NIL		
പശ്ചിമഘട്ട വികസന പദ്ധതി വെള്ളാനി കറവപ്പശു വിതരണം	91—92	NIL			
	92—93	NIL			
	93—94	8	8	3000/—	24000/—
	94—95	NIL			
	95—96	3	3	3000/—	9000/—
	96—97	2	2	3000/—	6000/—

യൂറിയാ ട്രീറ്റ്മെൻറ് (വൈക്കോൽ സംപുഷ്ടീകരണം)

കർഷകർക്ക് ഏറ്റവും പ്രയോജനപ്രദമായ ഈ പദ്ധതി കൂടുതൽ കർഷകർക്ക് ലഭ്യമാകത്തക്കവിധം ആവിഷ്കരിക്കാവുന്നതാണ്. റോസ്ക്യാൻ, പോളിത്തീൻഷീറ്റ്, യൂറിയാ എന്നിവ വാങ്ങിക്കുന്നതിനും കൈകാര്യച്ചിലവ് എന്നതിനുമായി 500/രൂപാ ധനസഹായമായി ടി പദ്ധതിക്ക് നൽകി വരുന്നു.

പാൽ ഉൽപാദനത്തിൽ അടുത്ത അഞ്ചുവർഷം ലക്ഷ്യമിട്ടിരിക്കുന്ന വളർച്ചാനിരക്ക് താഴെ ചേർക്കുന്നു.

വർഷം	വീട്ടുപയോഗം	പുറത്തു കൊടുക്കുന്നത്	ആകെ പാൽ
1997	382.08	1910.4	2292.48
1998	420.36	2101.8	2522.16
1999	462 396	2311.98	2774.376
2000	508.635	2543.178	3051.813
2001	559.499	2798.495	3356.994
2002	671.398	3692.693	4364.091

പശു വളർത്തൽ പ്രശ്നങ്ങൾ

1 കന്നുകാലി രോഗം നിയന്ത്രിക്കാൻ കഴിയുന്നില്ല,

2 ആശുപത്രിയിൽ സ്ഥിരം ഡോക്ടർ ഇല്ല.

3 സഞ്ചരിക്കുന്ന ആശുപത്രി അവശ്യം.

4 VI, VII, VIII, എന്നീ വാർഡുകളിലും കൂടി മൃഗാശുപത്രിയുടെ സേവനം കിട്ടാൻ ആവശ്യമായ ക്രമീകരണം.

5 വംശഗുണമുള്ള കന്നുകാലികളെ വിതരണം ചെയ്യുക

6 പാൽ സംസ്കരണത്തിന് യൂണിറ്റ്

7 പാൽ, പാൽഉല്പന്ന നിർമ്മാണ വിതരണം.

ഈ പഞ്ചായത്തിൽ വർഷങ്ങൾക്ക് മുൻപ് ഒരു I. C. D. P. സെൻറർ പ്രവർത്തിച്ചിരുന്നു. ഒരു മൃഗാശുപത്രി ആരംഭിച്ചത് 1996-ൽ മാത്രമാണ്.

സാദ്ധ്യതകൾ

ക്ഷീരവ്യവസായം
കാലിതീറ്റ സംസ്കരണം
തീറ്റ പുല്ല് കൃഷി
ചാണകവാതകപ്ലാൻറ് ആരംഭിക്കൽ
ജൈവവളനിർമ്മാണ യൂണിറ്റുകൾ

തേനീച്ചവളർത്തൽ

ഈ പഞ്ചായത്തിൽ തേനീച്ചവളർത്തലിന് അനുയോജ്യമായ കാലാവസ്ഥയാണുള്ളത്. കുറച്ചുകാലം മുൻപ് വരെ ഈ രംഗത്ത് വളരെയധികം ജനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് സ്ഥിതിമോശമാണ്. രോഗം വന്ന് തേനീച്ചകൾക്ക് ഉന്മൂലനാശം സംഭവിക്കുന്നു. തന്മൂലം കൃഷിക്കാരന് നഷ്ടം ഉണ്ടാകുന്നു. അതിനാൽ കൃഷിക്കാർ ഈ രംഗത്തുനിന്നും പിന്മാറാൻ തുടങ്ങി. മുൻപ് ഇവിടെ പ്രതിവർഷം ഉദ്ദേശം 1500 കിലോഗ്രാം തേൻ വരെ ഉൽപ്പാദിപ്പിച്ചവർ ഉണ്ടായിരുന്നു.

തേനീച്ച പ്രശ്നങ്ങൾ

1 രോഗം തക്കസമയത്ത് നിയന്ത്രിക്കാൻ പരിശീലനം—സേവനം
2 മെച്ചപ്പെട്ട ഇനം ഈച്ചകളെ കർഷകന് ലഭിക്കണം
3 തേൻ ഉല്പന്നങ്ങളുടെ സാദ്ധ്യതവർദ്ധിപ്പിക്കൽ
4 ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ നൽകൽ
5 സഹകരണസംഘത്തിൽ തേൻ ശേഖരിക്കാനും വിപണനത്തിനും സ്ഥിരം സംവിധാനം
6 തേനീച്ചവളർത്തലിന് പ്രോത്സാഹനം തൽകൽ

പന്നി വളർത്തൽപ്രശ്നങ്ങൾ

1 മേൽത്തരം ഇനങ്ങളെ നൽകൽ
2 കൂട്ടുകൃഷി ഫാമുകൾ വ്യാപകമാക്കൽ
3 വ്യാവസായികാടിസ്ഥാനത്തിൽ മാംസഉൽപ്പാദനം വിപണനം

കോഴിവളർത്തൽ പ്രശ്നങ്ങൾ

1 ഫാമുകളായിവളർത്തൽ
2 മുട്ടസംഭരിക്കാനും വിപണനത്തിനും സൗകര്യം വേണം
3 മാംസഉൽപ്പാദനത്തിനും വിതരണത്തിനുമുള്ള സൗകര്യം.

ഗ്രാമം നശിച്ചാൽ ഇൻഡ്യയും നശിക്കും.
ലോകത്തിനായുള്ള ഇന്ത്യയുടെ ദൗത്യം നഷ്ടപ്പെടും
ഗ്രാമങ്ങളിൽ ചൂഷണമില്ലാതാവണം.
എന്നാൽ മാത്രമേ അവയെ പുനരുദ്ധരിക്കാൻ പറ്റൂ.
വൻതോതിലുള്ള വ്യവസായ വൽക്കരണം പ്രത്യ
ക്ഷമായോ പരോക്ഷമായോ ഗ്രാമീണരെ
ചൂഷണം ചെയ്യുന്നതിന് വഴിതെളിക്കും.
അതുകൊണ്ട് ഗ്രാമങ്ങൾ സ്വയം പര്യാപ്ത
മാകണം. ഗ്രാമങ്ങൾക്കു ആവശ്യത്തിനു
വേണ്ട സാധനങ്ങൾ അവിടെ തന്നെ
നിർമ്മിക്കണം.

മഹാത്മാ ഗാന്ധി

V 3

വ്യവസായം

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കാർഷിക മേഖലയെ അടിസ്ഥാനമാക്കി ജീവിക്കുന്നവരാണ്. കാർഷിക മേഖലയിലോ കാർഷികേതര മേഖലയിലോ വ്യവസായ യൂണിറ്റുകളും യാതൊന്നും ഇല്ല.

ഒരു ചതുരശ്രകിലോമീറ്ററിന് 231 മാത്രം ജനസാന്ദ്രതയുള്ള ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ 47% ദാരിദ്രരേഖയ്ക്കു താഴെയാണ്. 90% ആളുകളും കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചു ജീവിക്കുന്നു. കാർഷിക അസംസ്കൃതവസ്തുക്കളും മനുഷ്യവിഭവ ശേഷിയും ഭൂമിയും ധാരാളം ഉണ്ടെങ്കിലും 3 D W C R A യൂണിറ്റുകളും തീക്കോയി റബ്ബർ തോട്ടവും, പുള്ളിക്കാനത്തുള്ള തേയില തോട്ടവ്യവസായവും ഒഴിവാക്കിയാൽ ഒറ്റ വ്യവസായ സ്ഥാപനം പോലും ഇവിടെയില്ല. സമീപ പ്രദേശങ്ങളെ അപേക്ഷിച്ചു ഭൂമിയുടെ വിലക്കുറവും ആൾപ്പാർപ്പുകുറഞ്ഞ പ്രദേശത്തിന്റെ ലഭ്യതയും ഉണ്ടായിട്ടും വ്യവസായസ്ഥാപനങ്ങളും ഇവിടെ വളരാതിരിക്കുവാനുള്ള കാരണം യാത്രാസൗകര്യങ്ങളുടെ അഭാവവും വൈദ്യുതിയുടെ അപര്യാപ്തതയുമാണെന്നു തോന്നുന്നു.

തീക്കോയി, തലനാട് പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കുന്ന എസ്റ്റേറ്റിൽ 375 തൊഴിലാളികളും ജോലിനോക്കുന്നു. പരമ്പരാഗത വ്യവസായങ്ങളിൽപ്പെട്ടന്ന കള്ളുചെത്തു വ്യവസായം ഈ പഞ്ചായത്തിൽ നില നിൽക്കുന്നുണ്ട്. ഈ മേഖലയിൽ 19 തൊഴിലാളികളാണ് ജോലിചെയ്യുന്നത്.

തൊഴിൽ രഹിതരായ വനിതകൾക്കുവേണ്ടി ഇലക്ട്രോണിക് വ്യവസായങ്ങളായ കാൽക്കുലേറ്റർ, സ്റ്റെബിലൈസർ, റേഡിയോ ഇവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്. മാത്രമല്ല ഈ യൂണിറ്റുകളിൽ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനാവശ്യമായ സൗകര്യവും ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് വനിതകൾക്കു പരിശീലനവും നൽകണം. ഗ്രാമവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്ന D W C R A (വനിതാസംഘം) മുഖേന ഇത്തരം വ്യവസായങ്ങൾ ഇവിടെ വിജയകരമായി നടപ്പാക്കാവുന്നതാണെങ്കിലും നാളിതുവരെ ആവഴിക്കുള്ള ശ്രമങ്ങളൊന്നും ഉണ്ടായിട്ടില്ല.

കന്നുകാലി വളർത്തൽ ധാരാളംപേർ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുണ്ട്. പാലിൽ നിന്നും വ്യവസായികാടിസ്ഥാനത്തിൽ വിവിധ തരത്തിലുള്ള പാലുല്പന്നങ്ങൾ നിർമ്മിക്കുവാനുള്ള സാധ്യതകളേറെയാണ്. ഇതിനായി സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നത് വിജയപ്രദമായിരിക്കും.

തലനാട് പഞ്ചായത്തിലെ ഗിരിവർഗ്ഗ മേഖലകളിൽ ഈറ അടിസ്ഥാനമാക്കിയുള്ള കുടിൽവ്യവസായങ്ങൾ (കൂട്ട, വട്ടി, പരമ്പ് നിർമ്മാണം)ആരംഭിക്കുവാനും ധനസഹായം ലഭ്യമാക്കുവാനും വേണ്ട നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. കൈത്തറി, ഖാദി, വിസ്തൃവ്യവസായ യൂണിറ്റുകളും ആരംഭിക്കാവുന്നതാണ്.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് അവരുടെ ജീവിത നിലവാരം ഉയർത്തുവാൻ തക്ക പദ്ധതികളൊന്നും ഇതുവരെ ഇവിടെ ആരംഭിച്ചിട്ടില്ല. വ്യവസായത്തിന് അത്യാവശ്യ ഘടകങ്ങളാണ് വൈദ്യുതിയും, ജലവും ഇവയ്ക്കു നമ്മുടെ പഞ്ചായത്തിൽ ക്ഷാമം നേരിടുന്നു. ഇവയുടെ കുറവു പരിഹരിക്കേണ്ടതും ഗതാഗതസൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതും വ്യവസായിക പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്. ധാരാളം അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുള്ള ഈ പഞ്ചായത്തിൽ ഇത്തരം വ്യവസായങ്ങൾ ആരംഭിക്കുന്നതിനു മാർഗ്ഗ നിർദ്ദേശങ്ങളും ട്രെയിനിംഗും ധനസഹായവും ലഭ്യമാക്കേണ്ടതാണ്.

കോട്ടയം ജില്ലയിൽ ശ്രാമ്പൂ കൃഷി ഏറ്റവും കൂടുതൽ കണ്ടുവരുന്നത് തലനാട് ശ്രാമ പ്രദേശത്താണ്. കർഷകന് അവന്റെ അദ്ധ്വാനത്തിനുള്ള ഫലം ശ്രാമ്പുവിന്റെ വിലയിൽ നിന്നും ലഭിക്കുന്നില്ല. അതിനാൽ ഈ കൃഷിയിൽ കർഷകർക്കുള്ള താല്പര്യം കുറഞ്ഞു തുടങ്ങിയിരിക്കുന്നു. ശ്രാമ്പുവിൽ നിന്നും എണ്ണ(സത്ത്) ഉല്പാദിപ്പിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നത് നന്നായിരിക്കും.

റബ്ബർതോട്ട മേഖലയായതിനാൽ റബ്ബറധിഷ്ഠിത വ്യവസായങ്ങൾക്ക് വിപുലമായ സാധ്യതകൾ ഉണ്ട്. റബ്ബർ പാലിൽനിന്നും കയ്യുറകൾ, സ്പോഞ്ച്, റബ്ബർബാൻഡ്, ബലൂൺ, റബ്ബർമറ്റ് മുതലായവ ഉണ്ടാക്കാവുന്നതാണ്. സംസ്കരിച്ച റബ്ബർതടികൊണ്ട് ഫർണിച്ചറുകളും നിർമ്മിക്കാം.

നാളികേരത്തിന്റെ ഈ നാട്ടിൽ ചിരട്ട ഉപയോഗിച്ച് തവി, ഗ്ലാസ്, ഫ്ളവർവേസ് തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

ജില്ലാവ്യവസായ കേന്ദ്രം, ബ്ലോക്ക്, റബ്ബർ ബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ചെറുകിട വ്യവസായ വികസനത്തിനും പ്രോത്സാഹനത്തിനും നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നുണ്ടെങ്കിൽപ്പോലും താഴെ പറയുന്ന കാരണങ്ങൾ വ്യവസായങ്ങൾ ആരംഭിക്കുന്നതിനു വിലങ്ങുതടിയായിനിലകൊള്ളുന്നു.

1 മുതൽ മുടക്കുന്നതിന് സാമ്പത്തിക ശേഷിയുള്ളവരുടെ അഭാവം
2 പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ
3 ഗതാഗതം, വൈദ്യുതി ഇവയുടെ അപര്യാപ്തത
4 ഉത്പന്നങ്ങളുടെ വിപണനത്തിനുള്ള അസൗകര്യങ്ങൾ

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1 വ്യവസായികടിസ്ഥാനത്തിൽ ഇളനീർ ഉപയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.(ഇളനീർപന്തൽ)

2 അഴുകിയ തൊണ്ടിനു പകരം പച്ചതൊണ്ടിൽനിന്നും ചകിരി എടുക്കുന്നതിനുള്ള സംവിധാനങ്ങളും ഉണ്ട്. ഈ സംവിധാനം പേണ്ടവിധത്തിൽ ഉപയോഗിച്ചാൽ നമ്മുടെ നാട്ടിലും കയർ, ചവിട്ടി ഇവ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്. ഇതിനെക്കുറിച്ച് നാം ഗഹനമായി ചിന്തിക്കണം.

3 ഇഷ്ടിക നിർമ്മാണ യൂണിറ്റ് തുടങ്ങാവുന്നതാണ്.(കല്ല്, പാറപ്പൊടി, മണൽ സിമൻറ്, ഇവ ഉപയോഗിച്ച്)

4 ഔഷധ സസ്യങ്ങളും ഉപയോഗിച്ചുള്ള ആയുർവേദ മരുന്നു നിർമ്മാണ യൂണിറ്റ്

5 സ്ഥലസൗകര്യം ഏറെയാവശ്യമില്ലാത്ത ഇലക്ട്രോണിക് ഉത്പന്ന യൂണിറ്റുകളും

6 കാർഷികോൽപന്ന സംസ്കരണ യൂണിറ്റുകളും

7 പഴം സംസ്കരണ വ്യവസായ യൂണിറ്റുകളും

8 കന്നുകാലി വളർത്തലിനോടനുബന്ധിച്ചു ക്ഷീര, തുകൽ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകളും

9 ഈ ഗ്രാമത്തിലെ അപ്രധാനമല്ലാത്ത കാർഷികവിളയായ കാപ്പിയെ അടിസ്ഥാനമാക്കിയുള്ള കാപ്പിപ്പൊടി യൂണിറ്റ് തുടങ്ങുക

10 മരച്ചീനി, ചക്കക്കുരു, പുളിങ്കുരു, പരുത്തിക്കുരു ഇവയെ അടിസ്ഥാനമാക്കിയുള്ള കാലിതീറ്റ നിർമ്മാണ യൂണിറ്റ്

11 വ്യവസായ മേഖലയിൽ സഹകരണ സംഘങ്ങളുടെ സാദ്ധ്യതയും പരിശോധനാ വിധേയമാക്കേണ്ടതാണ്

12 അസംസ്കൃത വസ്തുക്കളുടെ ലഭ്യത ജലം, വൈദ്യുതി, വ്യവസായത്തിനു വേണ്ടി വരുന്ന സ്ഥലം, ഗതാഗതസൗകര്യം, ധനസഹായത്തിനുള്ള സൗകര്യം, നികുതി, ആനുകൂല്യങ്ങളും ഇവയെ സംബന്ധിച്ച് വ്യവസായ സംരംഭകനു ആവശ്യമായ വിവരങ്ങളും ലഭിക്കുന്ന ഇൻഫർമേഷൻ സെൻറർ ആരംഭിക്കണം

13 റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കായി പഞ്ചായത്തു തലത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കണം.

മോചന മരുളുന്നതെന്തോ അതാണ് വിദ്യാഭ്യാ
സം വിദ്യാഭ്യാസമെന്നതിന് ആത്മീ
യവിദ്യാഭ്യാസമെന്നോ മോചന
മെന്നതി ന് മരണാന
ന്തരമുള്ള ആത്മീ
യ മുക്തിയെ
ന്നോ അർ
ത്ഥ
മി
ല്ല.
അറിവെന്നത് മനുഷ്യവർഗത്തിന്റെ സേ
വനത്തിന് പറ്റുന്ന എല്ലാ ശിക്ഷ
ണവും ഉൾക്കൊള്ളുന്ന ഒന്നാണ്.

മഹാത്മഗാന്ധി

V 4

വിദ്യാഭ്യാസം

നമ്മുടെ ഗ്രാമപഞ്ചായത്തിന് ഉന്നതമായ വിദ്യാഭ്യാസ പാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനില്ല. 'കളരി'കളായിരുന്ന നമ്മുടെ ആദ്യകാല വിദ്യാഭ്യാസ സ്ഥാപനങ്ങൾ. പിൽക്കാലത്ത് ഔപചാരിക വിദ്യാഭ്യാസ സമ്പ്രദായം ഇവിടേയും നടപ്പിൽ വന്നു.

ഈ പഞ്ചായത്തിൽപ്പെട്ട ചൊവ്വൂർ ഭാഗത്ത് സി. എം എസ്. സഭ 1901-ൽ ആരംഭിച്ച എൽ. പി. സ്കൂൾ നമ്മുടെ ആദ്യത്തെ ഔപചാരിക വിദ്യാഭ്യാസ കേന്ദ്രമായിരുന്നു. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ ഇതേ മാനേജ്മെൻറിൻെറ കീഴിൽ കാളക്കൂട് മുട്ടം ഭാഗത്തും ഒരു എൽ. പി. സ്കൂൾ ആരംഭിച്ചു. 1931-ൽ യശ്ശശരീരനായ ശ്രീ മാടപ്പാട്ട ഗോപാലപിള്ള 'മുരളീധരവിലാസം' എന്ന പേരിൽ വർണാക്ഷലർ പ്രൈമറി സ്കൂൾ തലനാട് വടക്കു ഭാഗത്ത് ആരംഭിച്ചു. തത്ഫലമായി മുട്ടം ഭാഗത്തെ സ്കൂളിൽ വിദ്യാർത്ഥികളും കുറയുകയും അചിരേണ നിന്നുപോവുകയും ചെയ്തു. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി. പി. രാമസ്വാമി അയ്യർ 'വിദ്യാഭ്യാസം ദേശസാൽക്കരിക്കുക' എന്ന നയം പ്രഖ്യാപിച്ചപ്പോൾ, അതുകൊണ്ട് ശ്രീ. ഗോപാലപിള്ള പതിനേഴ് വർഷക്കാലം സ്വന്തം മാനേജ്മെൻറിൽ നടത്തിയിരുന്ന 'മുരളീധരവിലാസം' സ്കൂൾ ഒരു ചിത്രം പ്രതിഫലം പറഞ്ഞുകൊണ്ട് സർക്കാരിന് വിട്ടുകൊടുത്തു. അതാണ് ഇന്നത്തെ ഗവ: എൽ. പി. സ്കൂൾ ഇതേകാലഘട്ടത്തിൽത്തന്നെ തീക്കോയി എസ്റ്റേറ്റിൽ ഒരു എൽ. പി. സ്കൂൾ ആരംഭിച്ചെങ്കിലും പിന്നീട് നിന്നു പോവുകയാണുണ്ടായത്. 1950-ൽ അടുക്കത്ത് ആരംഭിച്ച എൽ. പി. സ്കൂൾ പിന്നീട് യു പി. സ്കൂളായി മാറി. 1980-ൽ ഹൈസ്കൂളായി ഉയർത്തുകയും ചെയ്തു. ഈ സ്കൂൾ തുടങ്ങുവാൻ മുൻകൈ എടുത്തു പ്രവർത്തിച്ചത് ചോനമല ചന്ദ്രൻ കാരണവരാണ്. ഇന്നത്തെ എം. ജി. പി. എൻ. എസ്. എസ്. ഹൈസ്കൂൾ ആരംഭകാലത്ത് യു. പി. സ്കൂൾ മാത്രമായിരുന്നു. ഈ പഞ്ചായത്തിൽ നാല് എൽ. പി. സ്കൂളുകളും രണ്ടു ഹൈസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ എം. ജി. പി. എൻ. എസ്. എസ്. ഹൈസ്കൂൾ ഒഴികെ ബാക്കി വിദ്യാലയങ്ങൾ അൺ ഇക്കണോമിക് സ്കൂളുകളാണ്. അതുകൊണ്ടുതന്നെ ഇവയോരോന്നിനേയും സംബന്ധിച്ച് വിശദമായ വിലയിരുത്തൽ വേണ്ടിയിരിക്കുന്നു.

ഗവ: എൽ. പി. സ്കൂൾ തലനാട്

രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഈ സ്കൂളിൽ നാല് ക്ലാസുകൾക്കും ഒരോ. ഡിവിഷൻ വീതമാണുള്ളത്. കഴിഞ്ഞ പത്തു വർഷക്കാലത്തെ ഈ സ്കൂളിലെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1986–87	30	49	79
1987–88	36	29	65
1988–89	29	31	60
1989–90	22	15	37
1990–91	21	15	36
1991–92	20	17	37
1992–93	28	38	66
1993–94	34	43	77
1994–95	39	46	85
1995–96	37	51	88
1996-97	29	32	61

1992–ൽ അൺ ഇക്കണോമിക് സ്ക്കൂളുകളുടെ പട്ടികയിൽ ഉൾപ്പെടുത്തി ഈ സ്ഥാപനവും അടച്ചു പൂട്ടുവാൻ സർക്കാർ ഉത്തരവുണ്ടായി. എന്നാൽ ജനങ്ങൾ 'സ്ക്കൂൾ സമര സമിതി' രൂപീകരിക്കുകയും സമിതി ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. തൽഫലമായി 1992 സെപ്റ്റംബർ 3–ാം തീയതി സ്ക്കൂൾ പുനരാരംഭിച്ചു

ഈ സ്ക്കൂളിലെ നാലാം ക്ലാസിൽ പഠിക്കുന്നതും, പിന്നോക്ക വിഭാഗത്തിൽപ്പെട്ടതും വാർഷിക പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടുന്നതുമായ കുട്ടികൾക്ക് നാല് എൻഡോവ്മെൻറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 1. ചെട്ടിക്കുന്നേൽ കരുണാകരൻ മെമ്മോ

റിയൽ, 2. മാടപ്പാട്ട ഗോപാലപിള്ള മെമ്മോറിയൽ, 3. കെ. കെ. ഗോവിന്ദൻ എൻഡോവ്മെൻറ്, 4. ചൊറിക്കാവിൽ മാലതി ഷഷ്ഠ്യബ്ദപൂർത്തി എൻഡോവ്മെൻറ്

ഈ സ്ക്കൂളിന് 20×100 ചതുരശ്രഅടി വിസ്തീർണ്ണം ഉള്ള കെട്ടിടവും അര ഏക്കർ സ്ഥലവും സ്വന്തമായുണ്ട്. സ്ക്കൂൾ കെട്ടിടം വളരെ പഴയതും അത്യാവശ്യമായി പുതുക്കിപ്പണിയേണ്ടതുമാണ്. സ്ക്കൂളിന് ചുറ്റുമതിൽ ഇല്ല. കുടിവെള്ള സൗകര്യം ഏർപ്പെടുത്തേണ്ടിയിരിക്കുന്നു ഏറ്റവും വലിയ പ്രശ്നം അദ്ധ്യാപകരുടെ അനവസരത്തിലുള്ള സ്ഥലം മാറ്റങ്ങളും പകരം അദ്ധ്യാപകരെ നിയമിക്കാത്തതുമാണ്.

ഗവ: എൽ. പി. സ്ക്കൂൾ വെള്ളാനി

1948-ൽ പ്രവർത്തനമാരംഭിച്ച ഈ സ്ക്കൂളിന് 60×20 ചതുരശ്രഅടി വിസ്തീർണ്ണമുള്ള സ്ഥിരം കെട്ടിടവും 20×20 ചതുരശ്രഅടി വിസ്തീർണ്ണമുള്ള താൽക്കാലിക കെട്ടിടവും അരയേക്കർ സ്ഥലവും സ്വന്തമായുണ്ട്. ഈ സ്ക്കൂളിലെ വിദ്യാർത്ഥികളിൽ നല്ല ശതമാനവും പട്ടിക വർഗ വിഭാഗത്തിൽപ്പെട്ടവരാണ്. കഴിഞ്ഞ പത്തുവർഷക്കാലത്തെ കുട്ടികളുടെ സംഖ്യ ചുവടെ ചേർക്കുന്നു.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1986-87	15	7	22
1987-88	20	13	33
1988-89	11	8	19
1989-90	7	13	20
1990-91	4	13	17
1991-92	8	13	21
1992-93	11	20	31
1993-94	15	23	38
1994-95	17	20	37
1995 96	10	14	24
1996-97	11	14	25

ഈ സ്ക്കൂൾ ചാമപ്പാറയിൽ നിന്ന് 4 കി. മീ. അകലെ സ്ഥിതി ചെയ്യുന്നു. സ്ക്കൂളിന് അര കി. മീ അകലെ മാത്രമേ റോഡു സൗകര്യമുള്ളു. യാത്രാ സൗകര്യവും താമസ സൗകര്യവും ഇല്ലാത്തതിനാൽ നിയമിയ്ക്കപ്പെടുന്ന അദ്ധ്യാപകർ എത്രയും പെട്ടെന്ന് സ്ഥലം മാറ്റം വാങ്ങിപ്പോകുന്നു റോഡ് സഞ്ചാര യോഗ്യമാക്കുകയും

അദ്ധ്യാപകർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുകയും വേണം. സ്ക്കൂൾ ആവശ്യത്തിനുള്ള ഫർണീച്ചർ വാങ്ങുന്നതോടൊപ്പം കെട്ടിടം നന്നാക്കുകയും വേണം. സ്ക്കൂൾ വരാന്തക്ക് ഉയരം കൂടുതലായതിനാൽ ചെറിയ വരാന്ത അത്യാവശ്യമാണ്. കക്കൂസ്, മൂത്രപ്പുര, കുടിവെള്ളസൗകര്യം ഇവ ആവശ്യമാണ്. വെള്ളാനിയിലും ആലുപിലാവിലും ഓരോ നഴ്സറി ഉണ്ടാകേണ്ടിയിരിക്കുന്നു. സ്ക്കൂളിന് ഓഫീസ് മുറി ഉണ്ടാകേണ്ടതത്യാവശ്യമാണ്. ക്ലാസുകൾ തമ്മിൽ വേർതിരിക്കുവാൻ സ്ക്രീൻ ഉണ്ടാകണം. താൽക്കാലിക കെട്ടിടം സമയത്തു കെട്ടി മേയുകയോ ഉപയോഗിക്കുകയോ ചെയ്യുന്നില്ല. ഈ സ്ക്കൂളിൽ ഹെഡ്മാസ്റ്ററും ഒരു ടീച്ചറും മാത്രമേയുള്ളു. സ്ക്കൂൾ പരിസരത്ത് സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തേണ്ടതാണ്.

ഗവ: ഹൈസ്ക്കൂൾ അടൂക്കം

ആദ്യകാലങ്ങളിൽ ഈ സ്ക്കൂൾ മാനേജ്മെൻറിന്റെ കീഴിലായിരുന്നു. അതിനുശേഷം ഗവ: ഏറ്റെടുത്ത് 1950-ൽ എൽ. പി. സ്ക്കൂളായി പ്രവർത്തിച്ചു. 1980-ൽ ഹൈസ്ക്കൂളാക്കി. ആരംഭദശയിൽ അദ്ധ്യാപകരുടേയും പഠനോപകരണങ്ങളുടെയും അഭാവം മൂലം വിദ്യാഭ്യാസ നിലവാരം മെച്ചമായിരുന്നില്ല. ക്രമേണ വിജയശതമാനം വർദ്ധിക്കുകയും 1993 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയിൽ മുഴുവൻ കുട്ടികളും വിജയിക്കുകയും ചെയ്തു. ഈ സ്ക്കൂളിന്റെ കഴിഞ്ഞ പത്തു വർഷക്കാലത്തെ കുട്ടികളുടെ എണ്ണവും എസ്. എസ്. എൽ. സി. വിജയശതമാനവും ചുവടെ ചേർക്കുന്നു.

എസ്. എസ് എൽ. സി. വിജയശതമാനം

വർഷം	എഴുതിയവർ	ജയം	ശതമാനം
1987	10	3	30
1988	18	5	27.8
1989	13	7	53.8
1990	15	8	53.3
1991	15	11	73.3
1992	13	12	92.3
1993	18	18	100
1994	19	18	94.7
1995	25	18	72
1996	22	5	22.7

വിദ്യാർത്ഥികളിൽ 75%വും പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ട നിർധനരായ കർഷകരുടെ മക്കളാണ്. സജീവമായി പ്രവർത്തിക്കുന്ന ഒരു അദ്ധ്യാപക രക്ഷകർത്തൃ സമിതി ഈ സ്ക്കൂളിനുണ്ട്.

സ്ക്കൂളിന്റെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനു വേണ്ടി വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിൽ തന്നെ അദ്ധ്യാപകരെ നിയമിക്കുകയും അവർക്ക് യാത്രാ സൗകര്യവും താമസ സൗകര്യവും സൃഷ്ടിക്കുകയും വേണം ഇവിടെ അനുവദിച്ചിരിക്കുന്ന കംപ്യൂട്ടർ കോഴ്സ് ഉടൻ ആരംഭിക്കണം. പുതിയതായി പ്ലസ്ടൂ ക്ലാസ് ഉടൻ തുടങ്ങണം. ഇവിടത്തെ കുട്ടികൾക്കു വേണ്ടി പട്ടികവർഗ വകുപ്പു മുഖാന്തിരം ഒരു ഹോസ്റ്റൽ ആരംഭിയ്ക്കണം.

സി. എം. എസ്. എൽ. പി. സ്ക്കൂൾ ചൊവ്വൂർ

തലനാട് പഞ്ചായത്തിലെ 3-ാം വാർഡിലുള്ള ഐ. എച്ച്. ഡി. പി. കോളനിയിൽ സ്ഥിതി ചെയ്യുന്നു. 60-ൽപരം വീടുകളിലെ കുട്ടികളുടെ ഏക ആശ്രയമാണ് ഈ സ്ക്കൂൾ. 1901-ൽ പ്രവർത്തനമാരംഭിച്ച ഈ സ്ക്കൂൾ വർഷങ്ങളായി 'അൺഎക്കണോമിക്' ആണ്. കഴിഞ്ഞ പത്തു വർഷക്കാലത്തെ കുട്ടികളുടെ സംഖ്യ ചുവടെ ചേർക്കുന്നു.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1986-87	9	12	21
1987-88	11	16	27
1988-89	13	11	24
1989-90	9	10	19
1990-91	10	9	19
1991-92	5	5	10
1992-93	5	7	12
1993-94	4	7	11
1994-95	7	6	13
1995-96	14	7	21
1996-97	10	10	20

ഒന്നും രണ്ടും ക്ലാസ്സുകളിൽ ഷിഫ്റ്റ് സമ്പ്രദായമാണ് ഇന്നുള്ളത്. ഈ സ്കൂളിന് ആവശ്യത്തിന് സ്ഥലവും കെട്ടിടവും ഉപകരണങ്ങളും ഉണ്ട്.

സ്കൂളിലെ വിദ്യാഭ്യാസ നിലവാരം കുറെക്കൂടി ഉയർത്തേണ്ടതുണ്ട്. എങ്കിൽ മാത്രമേ കൂടുതൽ വിദ്യാർത്ഥികളെ ഈ സ്ക്കൂളിലേക്ക് ആകർഷിക്കുവാൻ കഴിയൂ. സ്ക്കൂൾ അദ്ധ്യാപക രക്ഷാകർതൃസംഘടന സജീവമാണ്. സ്ക്കൂളിലെ ഷിഫ്റ്റ് സമ്പ്രദായം മാറണം. ട്രൈബൽ ഹോസ്റ്റൽ അനുവദിക്കണം.

ചിറയിൽഫ്ളവർ എൽ. പി. സ്കൂൾ അയ്യമ്പാറ

1983-ൽ ചെറുപുഷ്പ ദേവാലയത്തിനടുത്ത് പാലാ കോർപറേറ്റ് മാനേജ്മെൻറിന്റെ കീഴിൽ ഈ സ്ക്കൂൾ ആരംഭിച്ചു. കഴിഞ്ഞ പത്തുവർഷക്കാലത്തെ ഈ സ്ക്കൂളിലെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1986-87	38	48	86
1987-88	51	54	105
1988-89	62	53	115
1989-90	58	51	109
1990-91	50	50	100
1991-92	34	27	61
1992-93	27	27	54
1993-94	32	32	64
1994-95	32	23	55
1995-96	27	18	45
1996-97	35	23	58

കെട്ടിടവും സ്ഥലവും ഉണ്ട്. കളിസ്ഥലം കഷ്ടിയില്ല. ഫർണീച്ചർ ആവശ്യത്തിനുണ്ട്. കുടിവെള്ളസൗകര്യം ഇല്ലാത്തതിനാൽ എത്രയുംവേഗം വാട്ടർ സപ്ലൈ സ്കീം കമ്മീഷൻ ചെയ്യണം.

M. G. P. N. S. S ഹൈസ്ക്കൂൾ തലനാട്

1956 ജൂൺ മാസത്തിൽ എൻ. എസ്. എസ്. മാനേജ്മെൻറിൽ യു. പി. സ്ക്കൂളായിട്ടാണ് ഇതു പ്രവർത്തനം ആരംഭിച്ചത്. 1960-ൽ എൽ. പി. വിഭാഗം കൂടി തുടങ്ങി. 1982-ൽ ഇന്നു കാണുന്ന എം. ജി. പി. എൻ. എസ്. എസ്. ഹൈസ്ക്കൂളായി ഉയർത്തുകയും ചെയ്തു. ഈ പഞ്ചായത്തിൽ നഷ്ടമില്ലാതെ പ്രവർത്തിക്കുന്ന ഒരേയൊരു വിദ്യാലയമാണിത്. കെട്ടിടവും ഉപകരണങ്ങളും ആവശ്യത്തിനുണ്ട്. ഇവിടെ കളിസ്ഥലം ഉണ്ടെങ്കിലും നല്ല സ്റ്റേഡിയം ഉണ്ടാകേണ്ടിയിരിക്കുന്നു. പി. റ്റി. എ. കമ്മറ്റി സജീവമായി പ്രവർത്തിക്കുന്നുണ്ട്. പി. റ്റി. എ. യുടെ സഹകരണത്താൽ ദിവസവും നൂറിഅൻപതു വിദ്യാർത്ഥികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നു. ഇവിടത്തെ വിദ്യാർത്ഥികൾ വിവിധ കലാകായിക മൽസരങ്ങളിൽ പങ്കെടുക്കുകയും, പ്രശംസാർഹമായ വിജയം നേടുകയും ചെയ്യാറുണ്ട്. സ്ക്കൂളിൽ കുടിവെള്ളത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. ഇതിന് ശാശ്വതമായ പരിഹാരം കാണേണ്ടിയിരിക്കുന്നു. ഇവിടെ പ്ലസ്ടൂ ക്ലാസുകൾ ആരംഭിക്കേണ്ടതാണ്.

ഈ വിദ്യാലയത്തിനാവശ്യമായ മൂന്നു ഏക്കർ സ്ഥലം സംഭാവനയായി നൽകിയതുംപ്പെടെ ഇതിൻെറ പുരോഗതിക്കാവശ്യമായ സർവ്വ വിധ കാര്യങ്ങൾക്കും മേൽനോട്ടം വഹിച്ചത് ശ്രീ. മാടപ്പാട്ട് ഗോപാലപിള്ളയായിരുന്നു. കഴിഞ്ഞ പത്തു വർഷത്തെ കുട്ടികളുടെ എണ്ണവും വിജയശതമാനവും ചുവടെ ചേർക്കുന്നു.

വർഷം	ആൺകുട്ടികൾ	പെൺകുട്ടികൾ	ആകെ
1987-88	264	232	496
1988-89	263	241	504
1989-90	251	232	483
1990-91	258	230	488
1991-92	245	241	486
1992-93	256	240	496
1993-94	234	235	469
1994-95	225	219	444
1995-96	244	204	448
1996-97	231	208	439

എസ്. എസ്. എൽ. സി. റിസൽട്ട് (10വർഷം)

വർഷം	പരീക്ഷഎഴുതിയവർ	പാസായവർ	വിജയശതമാനം
1986-87	54	26	48.14
1987-88	32	17	53.12
1988-89	42	19	45.23
1989-90	35	25	71.42
1990-91	39	18	46.15
1991-92	41	19	46.15
1992-93	38	21	55.26
1993-94	41	33	80.48
1994-95	41	35	85.63
1995-96	38	19	50.09

ഈ സ്ക്കൂളിൽ ഏർപ്പെടുത്തിയിരിക്കുന്ന എൻഡോവ്മെൻറുകൾ

1 മാടപ്പാട്ട് പാർവ്വതിയമ്മ എൻഡോവ്മെൻറ്
2 മാടപ്പാട്ട് ഗോപാലപിള്ള എൻഡോവ്മെൻറ്
3 മുട്ടത്ത് ഗൗരിയമ്മ മെമ്മോറിയൽ എൻഡോവ്മെൻറ്
4 മുതുപ്പാക്കൽ ചെറിയാൻ എൻഡോവ്മെൻറ്
5 കാവുംകുന്നേൽ ഗോവിന്ദമാരാർ എൻഡോവ്മെൻറ്
6 മേലേവീട്ടിൽ ശിവൻനായർ എൻഡോവ്മെൻറ്
7 ഇടവഴിയ്ക്കൽ ചെല്ലമ്മ എൻഡോവ്മെൻറ്
8 ബാബുസദനം സരസ്വതിയമ്മ എൻഡോവ്മെൻറ്
9 കോലത്ത് വിശ്വനാഥൻനായർ എൻഡോവ്മെൻറ്

ബാലവാടികൾ

ഈ പഞ്ചായത്തിൽ ആകെ രണ്ടു ബാലവാടികളും മാത്രമേ കാര്യക്ഷമമായി പ്രവർത്തിക്കുന്നുള്ളു. രണ്ടും ഈരാറ്റുപേട്ട ബ്ലോക്കിന്റെ കീഴിലുള്ളതാണ്. തലനാട് സെന്ററിൽ പ്രവർത്തിക്കുന്ന ശ്രീനാരായണ ബാലവാടിയിൽ 30 കുട്ടികളും, അയ്യമ്പാറ പുഷ്പാ ബാലവാടിയിൽ 14 കുട്ടികളുമുണ്ട്.

നിർദ്ദേശങ്ങൾ

* വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനു വേണ്ടി അദ്ധ്യാപകരുടെ കുറവുകളും പരിഹരിക്കുക.
* പഠനോപകരണങ്ങളും ഭൗതിക സൗകര്യങ്ങളും വർദ്ധിപ്പിക്കുക.
* ലൈബ്രറി, ലാബ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക, സ്കൂളുകളിൽ കാർഷിക വിദ്യാഭ്യാസം ഏർപ്പെടുത്തുക തുടങ്ങിയവയിൽ ശ്രദ്ധിക്കണം.
* ഈ പഞ്ചായത്തിൽപ്പെട്ട ഇലവുംപാറ, മേലടുക്കം, വെള്ളാനി, ചൊവ്വൂർ, മരവിക്കല്ല്, ഞണ്ടുകല്ല്, കാളക്കൂട്, തീക്കോയി എസ്റ്റേറ്റ് എന്നിവിടങ്ങളിൽ ബാലവാടികളും അംഗൻവാടികളും ആരംഭിക്കണം.
* റീഡേഴ്സ് ക്ലബ്ബുകളും രൂപീകരിച്ച് കുട്ടികളിൽ വായനാശീലം വളർത്തണം.
* മാസത്തിൽ ഒരിക്കലെങ്കിലും സ്കൂളുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.

സാദ്ധ്യതകൾ

1 പഞ്ചായത്ത് സ്കൂൾ കോംപ്ലക്സ്
2 പഞ്ചായത്തുതല അക്കാദമിക് കമ്മറ്റി
3 പഞ്ചായത്തിൽ ഒറ്റ യൂണിഫോം
4 പൊതുചോദ്യക്കടലാസ്
5 അൺ എക്കണോമിക് സ്കൂളുകളോട് ചേർന്ന് സംരക്ഷണസമിതികളും
6 പൊതുവായ ആഘോഷങ്ങളും പഞ്ചായത്തു തലത്തിൽ
7 ഭൗതിക സൗകര്യവും യാത്രാ സൗകര്യവും മെച്ചപ്പെടുത്തുക
8 ഹാം റേഡിയോ സാദ്ധ്യതകളും പ്രയോജനപ്പെടുത്തുക

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും
ദരിദ്രനായ ഏറ്റവുംനിസഹായനായ മനുഷ്യന്റെ
മുഖം സങ്കല്പിച്ചു നോക്കുക. എന്നിട്ട് നി
ങ്ങൾ ചെയ്യാനുദ്ദേശിക്കുന്ന കാര്യം അയാൾ
ക്ക് ഏതെങ്കിലുംരീതിയിൽ പ്രയോജനപ്പെടു
മോ എന്ന് സ്വയം ചോദിച്ചു നോക്കുക.

മഹാത്മഗാന്ധി

V 5

കുടിവെള്ളവും ആരോഗ്യവും

തലനാടു പഞ്ചായത്തിന്റെ ജനസാന്ദ്രത കൂടിയ ഭാഗം തലനാടു സെന്ററും കുറഞ്ഞ ഭാഗം ഉയർന്ന മലകളുമാണ്. താരതമ്യേന ബ്ലോക്കു ശരാശരിയെക്കാൾ ഇവിടുത്തെ ജനസംഖ്യ കുറവാണ്. ആകെ ജനസംഖ്യ 1991-ലെ സെൻസസ് പ്രകാരം 7442 ആണ്. അതിൽ പുരുഷന്മാർ 3752 ഉം സ്ത്രീകൾ 3690 ഉം ആണ്. 6 വയസിനു താഴെയുള്ള കുട്ടികൾ 372 അതായത് ആകെ ജനസംഖ്യയുടെ 5 ശതമാനം. ഇവിടുത്തെ ജനന നിരക്ക് ജില്ലാ ശരാശരിയേക്കാളും ബ്ലോക്കു ശരാശരിയേക്കാളും കുറവാണ്. ശിശുമരണനിരക്കാകട്ടെ ആയിരത്തിന് മൂന്നും.

ശുചിത്വപരമായ കാര്യങ്ങൾ തന്നെ നോക്കാം. ചതുപ്പു നിലങ്ങളില്ലാത്ത സ്ഥലമായതുകൊണ്ടുതന്നെ കൊതുക്, ഈച്ച മൂലമുള്ള പകർച്ചവ്യാധികൾ മുതലായവ വളരെ കുറവാണ്. സാംക്രമിക രോഗങ്ങൾ അധികം ഉണ്ടാവാറില്ല എങ്കിൽതന്നെയും 'സീസണൽ' രോഗങ്ങൾ വളരെയേറെയാണ്. പനി, മഞ്ഞപ്പിത്തം, ചെങ്കണ്ണ്, നിലകാരിച്ചുമ എന്നിവ കുറേയൊക്കെ കണ്ടുവരുന്നു. ഇവിടെ ആരോഗ്യ സംരക്ഷണത്തിനും ചികിത്സയ്ക്കുമുള്ള സൗകര്യങ്ങൾ തുലോം കുറവാണ്. നല്ലരീതിയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വീടുകളിൽ ഏതാണ്ട് 10% വീടുകൾക്ക് പോലും സാനിട്ടേഷൻ സൗകര്യങ്ങളില്ല. 100% സാനിട്ടേഷൻ കവറേജ് കൈവരിക്കേണ്ടത് പഞ്ചായത്തിന്റെ പ്രധാന ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കുടിവെള്ളം ആവശ്യമായ ഘടകമാണ്. മഴക്കാലം അവസാനിക്കുന്ന ഡിസംബർ പകുതി മുതൽ പഞ്ചായത്തിലെ ഭൂരിഭാഗം വാർഡുകളിലും രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു. ഇവിടെ ശുദ്ധജല വിതരണത്തിനായി ഒരു വാട്ടർ സപ്ലൈ സ്കീം ആരംഭിച്ചിട്ട് 11 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇത് എത്രയും പെട്ടന്ന് കമ്മീഷൻ ചെയ്യേണ്ടതാണ്. നമ്മൾ കുടിവെള്ളത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകൾ ഓലികൾ, കുളങ്ങൾ, തോടുകൾ എന്നിവയെയാണ്. കിണർ കുളങ്ങൾ, തോടുകൾ എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം	ലഭ്യമാകുന്ന ജലം
കിണറുകൾ	874	2.185 MCM/AN
കുളങ്ങൾ	21	0.525 MCM/AN
തോടുകൾ	22	1.1MCM/AN
കുഴൽകിണറുകൾ	7	.84 MCM/AN

ആകെയുള്ള കിണറുകളിൽ 8%ത്തോളം (70എണ്ണം) കിണറുകളിൽ നിന്നു മാത്രമേ വർഷം മുഴവൻ ജലം ലഭിക്കുകയുള്ളു. ഈ കിണറുകളിൽ നിന്ന് 0.1725 mcm/AN വെള്ളം ലഭിക്കുന്നു. വീട്ടാവശ്യക്കും, മൃഗങ്ങൾക്കും, കൃഷിക്കും കൂടി വേണ്ടി വരുന്ന വെള്ളത്തിന്റെ അളവ് ഒരു വർഷത്തേയ്ക്ക് ഏകദേശം 9.862 mcm/AN ആണ്. ഒരു വർഷത്തിൽ 1910 8 MM മഴ ലഭിക്കുന്നു. ഇത് ജില്ലാ ശരാശരിയേക്കാൾ കൂടുതലാണ്. എങ്കിൽ പോലും ഇവിടെ ഡിസംബർ മുതൽ മെയ് അവസാനം വരെ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ഈ സമയത്ത് കുറച്ചു ദിവസത്തേയ്ക്ക് പഞ്ചായത്തിൽ നിന്നും ലോറിയിൽ വെള്ളം വിതരണം നടത്താറുണ്ടെങ്കിലും അത് തീരെ അപര്യാപ്തവും അപ്രായോഗികവുമാണ്. മഴവെള്ളം ശാസ്ത്രീയമായി സംഭരിക്കുകയും, തലനാട് ജലസേചന പദ്ധതി പൂർത്തീകരിക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

ആരോഗ്യം

ഈ പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും, രണ്ട് കുടുംബക്ഷേമകേന്ദ്രങ്ങളുമുണ്ട്. കൊല്ലം തോറും ഏതാണ്ട് നാലായിരത്തോളം രോഗികളുടെ ആശ്രയകേന്ദ്രമായ ഈ പ്രാഥമികാരോഗ്യകേന്ദ്രം, ഇന്ന് ചികിൽസ വേണ്ട ഒരു ഘട്ടത്തിലാണ് എത്തിനിൽക്കുന്നത്. വേണ്ടത്ര മരുന്നോ, രോഗനിർണ്ണയ സൗകര്യങ്ങളോ ജീവനക്കാരോ ഇല്ല. അടുത്ത നാളിൽ മാത്രമാണ് സ്ഥിരമായി ഒരു ഡോക്ടറുടെ സേവനം തന്നെ ലഭിച്ചു തുടങ്ങിയത്. കുടുംബക്ഷേമ കേന്ദ്രം ശിശുക്കളുടേയും അമ്മമാരുടേയും ആരോഗ്യ രക്ഷാ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ തലനാട് ഭാഗത്തും അടുക്കം, ചൊവ്വൂർ, വെള്ളാനി എന്നിവടങ്ങളിലും ഒറ്റമൂലി ചികിൽസയും, ആയുർവ്വേദ ചികിൽസയും വശമായിട്ടുള്ളവർ ഉണ്ടായിരുന്നു. വട്ടമാല്ലേൽ വൈദ്യർ, ചൂരക്കോലിൽ നൈനാൻ, വർഗീസ് അരിത്തടത്തിൽ, തിരുമ്മുകാരനായ നാണുനായർ പുളിക്കീപ്പറമ്പിൽ, ജ്യോതിഷവിദൂഷി കാർത്ത്യായനി, ആയുർവ്വേദവും, വിഷചികിൽസയും വശമായിട്ടുള്ള വി. ശിവാനന്ദ ശാസ്ത്രികം, മഞ്ഞപ്പിത്തത്തിനും മറ്റും ഒറ്റമൂലികളും വശമായിട്ടുള്ള പാലോറ കെ. എച്ച്. പരീത് എന്നിവർ ചികിൽസാരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ചിരിക്കുന്നു.

പച്ചമരുന്നുകളുടെ ലഭ്യതയും അവയുടെ സംരക്ഷണവും, തിരിച്ചറിവും ഉള്ളതിനാൽ ഈ പഞ്ചായത്തിൽ ആയുർവ്വേദചികിത്സക്കും മറ്റും വളരെയേറെ സാധ്യതകളുണ്ട്. അതു പോലെതന്നെ പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിൽ ഇത്തരത്തിൽ ചികിത്സ നടത്തുന്നവരെ കണ്ടെത്തി ആദരിക്കുകയും അടുത്ത തലമുറ ഈ ചികിത്സാവിധികളും അഭ്യസിക്കുവാൻ അവസരം ഉണ്ടാവുകയും വേണം.

ആരോഗ്യം കൂടിവെള്ള-നിർദ്ദേശങ്ങൾ

1 നിലവിലുള്ള ആരോഗ്യ കേന്ദ്രം വിപുലീകരിക്കണം

2 സ്ഥിരം ഡോക്ടർ വേണം, സ്റ്റാഫ് ആവശ്യത്തിനുണ്ടായിരിക്കണം, കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം

3 കക്കൂസില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിച്ചുകൊടുക്കുക

4 സൗകര്യ പ്രദമായ പൊതുശ്മശാനം

5 C. S .I. അടുക്കം പള്ളിവക സ്ഥലത്ത് കുളം നിർമ്മിച്ച് ചോനമലഭാഗം, ഞായറു കുളം ജംഗ്ഷൻ കോളനി ഭാഗത്ത് പൈപ്പിടുക

6 ഈറ്റപ്പുഴാവു ഭാഗത്ത് കുളം നിർമ്മിച്ച് ജല മറുഭാഗത്ത് എത്തിക്കുക

7 P.H. centre-ൽ വാട്ടർസപ്ലൈ ഏർപ്പെടുത്തുക

8 മയ്യുല്ലുകൽ ഓലി വിസ്താരപ്പെടുത്തി എടുക്കുക

9 ആശുപത്രി ജീവനക്കാർക്ക് താമസസൗകര്യം ഉണ്ടാക്കുക

10 ലക്ഷം വീട് കോളനികളിലെ താമസസൗകര്യം കൂടുതൽ മെച്ചപ്പെടുത്തുക

11 ഫെറസ് ടാങ്ക് നിർമ്മാണം വിപുലീകരിക്കുക

12 ജലവിതരണ പദ്ധതി പൂർത്തിയാക്കുക

13 നീർമറി പ്രദേശത്ത് ഇല്ലി, ഈറ എന്നിവ നശിപ്പിക്കാതിരിക്കുക

14 രാമച്ചം പോലുള്ള സസ്യങ്ങൾ വെച്ചുപിടിപ്പിക്കുക

15 വേനൽക്കാലത്തിനു മുമ്പായി പറമ്പുകളിൽ നീളത്തിലുള്ള കുഴികൾ നിർമ്മിക്കുക

16 കല്ല കയ്യാലകൾ നിർമ്മിക്കുക, കൃഷിരീതിയിൽ മാറ്റം വരുത്തുക.

17 ഉള്ള കിണറുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുകയും ആഴം കൂട്ടുകയും ചെയ്യുക.

18 മലഞ്ചെരുവുകളിലെ മരങ്ങൾ നശിപ്പിക്കാതിരിക്കുകയും, പുതിയവ വെച്ചുപിടിപ്പിക്കുകയും ചെയ്യുക.

19 നീർച്ചാലുകളുടെ ഉത്ഭവസ്ഥാനത്തുള്ള പുൽമേട്കൾ നശിപ്പിക്കാതിരിക്കുക.

20 പാരാ മെഡിക്കൽ സ്റ്റാഫിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

21 സാംക്രമിക രോഗങ്ങൾ ആരംഭിക്കുന്ന സീസണിൽ കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക. അവ ഫലപ്രദമാണോ എന്ന് വിലയിരുത്തൽ നടത്തുക.

22 സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തിൽ ഇത്തരം കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുക.

23 ഏതെങ്കിലും കേന്ദ്രത്തിൽ ശിശുരോഗ വിദഗ്ദ്ധൻ കുട്ടികളെ മാസത്തിലൊരിക്കലെങ്കിലും പരിശോധിക്കുന്ന ഒരു സ്ഥിരസംവിധാനം ഉണ്ടാക്കുക.

24 രക്തബാങ്കില്ലാത്ത സ്ഥലമായതിനാൽ ഗ്രൂപ്പ് നിർണ്ണയിച്ച്, ഒരു ഡോണേഴ്സ് ഫോറം രൂപീകരിക്കുക.

25 പാരമ്പര്യ വൈദ്യശാസ്ത്രം പഠിപ്പിക്കുന്ന കേന്ദ്രങ്ങൾ ഉണ്ടാകണം.

26 ഗ്രായം ഭാഗത്തും, പാറക്കയം ഭാഗത്തും ചെക്ഡാമും ഞണ്ടുകല്ല് പാലത്തിനടുത്ത് വാട്ടർ സപ്ലൈ സ്കീമും ഏർപ്പെടുത്തണം.

27 ആയുർവ്വേദചികിൽസയ്ക്കുള്ള സാഹചര്യം ധാരാളം ഉള്ളതുകൊണ്ട്, ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കാവുന്നതാണ്.

28 പി. എച്ച്. സെന്ററിന്റെ സ്ഥാനം ജനങ്ങൾക്ക് എത്തിച്ചേരുവാൻ പ്രാപ്യമായ സ്ഥലത്ത് ആക്കുകയും, ഹെൽത്തു വിസിറ്റേഴ്സിന്റെ സേവനം ഉപയോഗപ്പെടുത്തുകയും വേണം.

29 പഞ്ചായത്തിലെ 2, 4, 5 വാർഡുകളിലെ ലക്ഷംവീട് കോളനികളിൽ കുടിവെള്ളം എത്തിക്കുവാനുള്ള സത്വരനടപടികളും സ്വീകരിക്കുക (കുഴൽകിണർ, പൊതുകിണർ)

30 കാളക്കുട്ട ഭാഗത്തുനിന്നും മലയിപ്പാറ പ്രദേശത്തേക്കു വെള്ളം എത്തിക്കുക

31 തീക്കോയി പഞ്ചായത്തിന്റെ 8—ാം വാർഡിൽ നിർമ്മിക്കുന്നതിനുദ്ദേശിക്കുന്ന വാട്ടർ സപ്ലൈ സ്കീം 1—ാം വാർഡിലെ ചേരിപ്പാട്ട ഭാഗത്തേയ്ക്ക് നീട്ടുന്നതിനു നടപടി സ്വീകരിക്കണം

32 ചെളിക്കൽ ഭാഗത്തുള്ള നീരുറവകളെ കേന്ദ്രീകരിച്ച് നിലവിലുള്ള ടാങ്കിൽ വെള്ളം സംഭരിച്ച് സൈഫൺ തത്വത്തിൽ വിരണം നടത്തിയാൽ നിർദ്ദിഷ്ട പദ്ധതി കൊണ്ട് പ്രയോജനം ചെയ്യാത്ത ആളുകൾക്ക് അത് ഉപകരിക്കും

33 കടപ്ലാക്കൽ മുകളിൽ നിന്നും വെള്ളാനിയിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിനായി ആവശ്യമുള്ള ടാങ്കുകളോടുകൂടി ഒരു ശുദ്ധജല പദ്ധതി നടപ്പാക്കേണ്ടതാണ്. പുള്ളിക്കാനം ഭാഗത്ത് അത്യാവശ്യമായി ഒരു കുളവും കുഴൽ കിണറും നിർമ്മിക്കുക

സാദ്ധ്യതകൾ

1 നീർച്ചാലുകളുടെ ഉത്ഭവസ്ഥാനത്തുള്ള പുൽമേടുകളും, സ്വാഭാവിക മരങ്ങളും വെട്ടി നശിപ്പിക്കാതിരുന്നാൽ, നീരൊഴുക്ക് വർദ്ധിപ്പിക്കുവാൻ ഇട്ടയാകും

2 കൃഷിയും മൃഗസംരക്ഷണവും കാര്യക്ഷമമാകണമെങ്കിൽ വെള്ളം ആവശ്യത്തിനുണ്ടാകണം

3 ജലത്തിന്റെ ഉപയോഗം, സംരക്ഷണം ഇവ സംബന്ധിച്ച് ജനങ്ങൾക്ക് കാര്യമായ അവബോധം ഉണ്ടാവുകയാണെങ്കിൽ ഉള്ള ജലസ്രോതസുകളെ കൂടുതൽ കാലത്തേയ്ക്ക് കാര്യക്ഷമമായി ഉപയോഗിക്കുവാൻ സാധിക്കും. അതിനായി ജലഉപഭോക്തൃ സമിതികളും രൂപീകരിക്കാം

4 മഴക്കാലത്ത് വെള്ളം തടഞ്ഞുനിർത്തി മണ്ണിലേക്കു ആഴ്ന്ന ഇറങ്ങുവാനുള്ള സൗകര്യത്തിനായി വെള്ളക്കുഴികളും നിർമ്മിക്കുകയും ആവശ്യമായ കല്പകയ്യാലകളും വയ്ക്കുകയും ചെയ്യുന്നതുകൊണ്ട് ഉപരിതല ജലവിതാനത്തെ ഒരുപരിധികണ്ട് ഉയർത്തുവാനും കൂടുതൽ കാലത്തേയ്ക്ക് നിലനിർത്തുവാനും കഴിയും.

5 സാധ്യമായ സ്ഥലത്ത് പൊതു ഫൊസ് ടാങ്കുകളുടെ നിർമ്മാണം

കുഴൽക്കിണർ (ഗ്രാമസഭാനിർദ്ദേശം)

തലനാട് ബസ്റ്റാൻറുഭാഗം

എസ്. എൻ. ബാലവാടി ഭാഗം, വളവുങ്കൽ കോളനി

അയ്യമ്പാറ ഭാഗം, കാളക്കൂട്, ഇലവുംപാറ ഭാഗം

V6

ഗതാഗതവും ഊർജ്ജവും

ഏതൊരു പ്രദേശത്തിന്റെയും വികസനത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന പരമായി വേണ്ട ആവശ്യങ്ങളിൽ ഗതാഗതസൗകര്യം സുപ്രധാന പങ്കുവഹിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ ആദ്യകാല കുടിയേറ്റക്കാർ തൊട്ടടുത്ത ഗ്രാമങ്ങളുമായി നാട്ടുവഴികളിലൂടെയാണ് ബന്ധപ്പെട്ടിരുന്നത് സാധനങ്ങൾ കൊണ്ടുവന്നിരുന്നതാകട്ടെ തലച്ചുമടായും. തലനാട് ഗ്രാമപഞ്ചായത്തിൽ സഞ്ചാരയോഗ്യമായ ടാർ റോഡുകൾ ഉണ്ടായിട്ട് അധിക കാലമായിട്ടില്ല. ഇന്നത്തെ തലനാട് പാലത്തിന്റെ സ്ഥാനത്തെ കമ്പിപ്പാലവും തീക്കോയി പള്ളിക്കടുത്ത് ഉണ്ടായിരുന്ന തൂക്കുപാലവും ആദ്യകാല കുടിയേറ്റക്കാർക്ക് ആറ് കടക്കുന്നതിനു സഹായിച്ചു.

മുപ്പതുകളുടെ ആദ്യപകുതിയിൽ മൂന്നിലവ് നിന്നും മാടപ്പാട്ട് ഗോപാലപിള്ള, വാഴേൽ കുഞ്ഞച്ചൻ അയ്യമ്പാറപള്ളിയിലെ അന്നത്തെ വികാരി എന്നിവരുടെ നേതൃത്വത്തിൽ തലനാട്ടേക്കുള്ള ആദ്യറോഡ് കാവുംഭാഗം വരെ വെട്ടി. ഇതിനുശേഷം നാട്ടുകാരുടെ അധ്വാനഫലമായി 1952-53 കാലഘട്ടത്തിൽ തീക്കോയി തലനാട് റോഡ് ജന്മമെടുത്തു. പിൽക്കാലത്ത് ഈ റോഡ് ടാർ ചെയ്താണ് ഗതാഗത സൗകര്യത്തിന് ഉപയുക്തമാക്കിയത്. ഇക്കാലത്തുതന്നെ തീക്കോയി-അടുക്കം റോഡും, കാളക്കൂട തലനാട് റോഡും പണി കഴിപ്പിച്ചു. പ്രൈവറ്റ് ബസുകൾ മാത്രം ഓടിയിരുന്ന നിരത്തുകളിലൂടെ K S R T C ബസുകൾ ഓടാൻ തുടങ്ങി. തലനാട് പാലാ, അടുക്കം-പാലാ പാലാ - കാളക്കൂട് ബസുകൾ ഇത്തരത്തിൽ ആരംഭിച്ചവയാണ്.

ചാമപ്പാറ-വെള്ളാനി, അടുക്കം-മേലടുക്കം പഴുക്കാക്കാനം, തലനാട് ചൊവ്വൂർ എന്നീ മേഖലകളിലും റോഡുകൾ ഉണ്ടായി എങ്കിലും അവയൊന്നും തന്നെ കാര്യമായി പുരോഗതി പ്രാപിക്കാതെ ഇന്നും പഴയ അവസ്ഥയിൽ തുടരുന്നു.

ചൊവ്വൂർ ഭാഗത്തെ (3-ാംവാർഡ്) തലനാടുമായി ബന്ധിപ്പിക്കുന്ന റോഡും, വെള്ളാനി മാർമല ആലുപിലാവ് (8-ാം വാർഡ്) തലനാട് ഭാഗവുമായി ബന്ധിപ്പിക്കുന്നതും, ലിങ്ക് റോഡായി കാളക്കൂട് മേലടുക്കം വഴിയെത്തുന്നതുമായ റോഡ്, വളരെയേറെ പ്രാധാന്യമർഹിക്കുന്നതും, എത്രയും വേഗം പൂർത്തിയാക്കേണ്ടതുമാണ്. ഈ രണ്ടു മേഖലകളും പട്ടികജാതി/പട്ടികവർഗ്ഗ പ്രദേശമെന്നതും അവികസിത മേഖലയെന്നതും വളരെയേറെ പ്രാധാന്യമർഹിക്കുന്നു. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുകയും പുതിയ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് പലതായി കിടക്കുന്ന പഞ്ചായത്തിന്റെ പ്രദേശങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ ലിങ്ക് റോഡുകളും പാരലൽ റോഡുകളും ഒട്ടും തന്നെയില്ല.

ആകെയുള്ളത് രണ്ടു P W D റോഡുകളാണ്. 21.5 കി. മീ. ഭാഗം മാത്രമാണ് ടാർ ചെയ്തിരിക്കുന്നത്. അതായത് ആകെ റോഡുകളുടെ നീളം കണക്കാക്കിയാൽ ടാർ ചെയ്ത റോഡുകൾ വളരെ കുറച്ചേയുള്ളൂ എന്നു കാണാൻ കഴിയും. റോഡുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 1–ൽ നല്കിയിരിക്കുന്നു.

നമുക്ക് ആകെയുള്ള പഞ്ചായത്ത് റോഡുകൾ 13 എണ്ണമാണ്. ആകെ ദൂരം 64.500 കി. മീ. ടാർ ചെയ്ത ദൂരം 6.300 കി. മി. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും റോഡുകൾ എത്തിയിട്ടുണ്ടെങ്കിലും മിക്കതും ഗതാഗതയോഗ്യമല്ല. ജനങ്ങൾ ആവശ്യപ്പെട്ടിരിക്കുന്ന റോഡുകൾ പട്ടിക 2–ൽ സൂചിപ്പിച്ചിരിക്കുന്നു.

ഇത്രയും റോഡുകൾ നമുക്കുണ്ടെങ്കിലും കൂടുതൽ ആളുകളും ഇന്നും നടപ്പാതകളെ ആശ്രയിക്കുന്നു. ചെന്നെത്താൻ ഉള്ള എളുപ്പത്തിനും മലമുകളിലേക്കുള്ള സഞ്ചാരത്തിനും ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങളാണ് ഇവ. ചൊവ്വൂർ, ചോനമല, അടുക്കം, മേലടുക്കം, വെള്ളാനി, അട്ടിക്കളം, ആലുപിലാവ്, തലനാട്, മറയാട്ടിക്കൽ ഭാഗം, ഞണ്ടുകല്ല്, വണ്ടൻപാറ, കുറിഞ്ഞിപ്ലാവ്, ഈറ്റപ്ലാവ് മുതലായ സ്ഥലങ്ങളിലെല്ലാം ജനങ്ങൾ നടപ്പാതകളെ ആശ്രയിക്കുന്നുണ്ട്. ഇതുപോലെതന്നെ നടപ്പാലങ്ങളും നമ്മൾ ഉപയോഗിക്കുന്നു. ഇവയും വേണ്ടവിധം സംരക്ഷിക്കപ്പെടേണ്ടതു തന്നെ. നിലവിലുള്ള നടപ്പാലങ്ങൾ പട്ടിക 3 ലും ആവശ്യപ്പെട്ടിരിക്കുന്നവ പട്ടിക 4 ലും പെടുത്തിയിരിക്കുന്നു.

ഇതിൽ നിന്നെല്ലാം നമുക്കു മനസിലാകുന്നത് നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കാരണം ഒരോ പ്രദേശവും ഒരു റോഡിന്റെയോ, പാലത്തിന്റെയോ, നടപ്പാലത്തിന്റെയോ അഭാവത്തിൽ പരസ്പരം ബന്ധമില്ലാത്ത അവസ്ഥയിലോ, അല്ലെങ്കിൽ ചെന്നെത്താൻ പറ്റാത്ത തരത്തിലോ ഒറ്റപ്പെട്ടു പോകുന്നു എന്നതാണ്. നമ്മുടെ ഗ്രാമത്തിന്റെ സമഗ്രമായ വികസനത്തിന് റോഡുകളുടെ ഇന്നത്തെ അവസ്ഥ മാറേണ്ടത് തികച്ചും അനിവാര്യമാണെന്ന് പറയേണ്ടിയിരിക്കുന്നു.

സാദ്ധ്യതകൾ

1 പഞ്ചായത്തിന്റെ നാനാഭാഗങ്ങളിൽ മറ്റു പഞ്ചായത്തുകളിലൂടെ കയറിയിറങ്ങാതെ ചെന്നെത്താൻ പുതിയ റോഡുകൾ ആവശ്യമാണ്.

2 കാർഷിക വിഭവങ്ങൾ, ന്യായമായ വിലയിൽ വിൽക്കുന്നതിനും കൃഷിക്കും മറ്റും വേണ്ട സാധനങ്ങൾ കൃഷിസ്ഥലത്ത് എത്തിക്കുന്നതിനും ഗതാഗതയോഗ്യമായ റോഡുകൾ ആവശ്യമാണ്.

3 ടൂറിസവുമായി ബന്ധപ്പെട്ട ഒരു മേഖല നമുക്കുണ്ടെന്നതിനാൽ അതിനു വേണ്ട പ്രാമുഖ്യം ലഭിക്കുന്നതിനും വികസനത്തിനും റോഡുകൾ അനിവാര്യമായ ഘടകം തന്നെ.

4 നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വാഹനഗതാഗതത്തിന്റെ അപര്യാപ്തത വികസന സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

1 റോഡുകളിൽ ആവശ്യമായ ഭാഗങ്ങളിൽ കലുങ്കുകൾ നിർമ്മിക്കുക.

2 റോഡുകൾക്കിരുവശവും ഓടകൾ ഉണ്ടാക്കുകയും അവ കാലാകാലങ്ങളിൽ പുതുക്കുകയും ചെയ്യുക.

3 റോഡുകളിലേക്ക് ഇറക്കി കെട്ടിടങ്ങളും ഗേററുകളും മറ്റും നിർമ്മിക്കുന്നത് കർശനമായി നിയന്ത്രിക്കുക.

4 ആവശ്യമായ ഭാഗങ്ങളിൽ കല്ലുപതിപ്പിച്ച് റോഡുകൾ നന്നാക്കുക.

5 ടൂറിസ്റ്റു കേന്ദ്രമായ അയ്യമ്പാറയെ ബന്ധിപ്പിച്ച് ഈരാറ്റുപേട്ട–അയ്യമ്പാറ ബസ്സ് ഗതാഗതം ആരംഭിക്കുക.

6 അയ്യമ്പാറ–ഇല്ലിക്കകല്ല്–മാർമല തുടങ്ങിയവയെ തമ്മിൽ ബന്ധിപ്പിക്കാവുന്നതും വെള്ളാനി–അടുക്കം മാർമല–ആലുപിലാവ് തുടങ്ങിയ ഭാഗം കാർക്ക് വളരെ പ്രയോജനം ലഭിക്കുന്നതുമായ കാളക്കൂട് മേലടുക്കം റോഡ് പണി എത്രയും വേഗം പൂർത്തിയാക്കുക.

7 V, VI, VII, വാർഡുകളെ പരസ്പരം ബന്ധിപ്പിക്കുന്ന പാലം വീതി കൂട്ടി ഗതാഗതയോഗ്യമാക്കുക.

8 മുട്ടം ഭാഗത്ത് ഊളക്കൽ കടയുടെ പുറകുവശത്തു കൂടിയുള്ള റോഡ് വീതി കൂട്ടി പ്പണിയുക.

9 ചാമപ്പാറ–വെള്ളാനി റോഡ് ടാർ ചെയ്യുക.

10 വെള്ളാനിയിൽ നിന്നും വെള്ളാനി ക്ഷേത്രത്തിലേക്കുള്ള റോഡ് കല്ല് പതിപ്പിക്കുക. അല്ലെങ്കിൽ ടാർ ചെയ്യുക.

11 അയ്യമ്പാറ ചേരിപ്പാട് റോഡ് വീതികൂട്ടി ടാർ ചെയ്യുക.

12 മൂലേക്കട ഞായർകുളം റോഡ് ടാർ ചെയ്യുക.

13 പഞ്ചായത്തിലെ റോഡുകൾക്ക് വേണ്ട സമയത്ത് അറ്റകുറ്റപ്പണികൾ നടത്തുക.

14 തലനാട് എൻ. എസ്. എസ് ഹൈസ്ക്കൂളിന്റെ സമീപത്തുകൂടി എസ്റ്റേറ്റിലേക്കുള്ള റോഡുപണി പൂർത്തിയാക്കുക.

15 ചൊവ്വൂർ ഭാഗവുമായി തലനാടിനെ ബന്ധിപ്പിക്കുന്ന ചൊവ്വൂർ–തലനാട് റോഡ് പൂർത്തിയാക്കുക.

16 ചൊവ്വൂർ പാലത്തിന്റെ പുനരുദ്ധാരണവും സൈഡ് കോൺക്രീറ്റ് ചെയ്യലും എത്രയും വേഗം നടപ്പിലാക്കുക.

17 പായിപ്പാട്ട് പുരയിടം വഴിയുള്ള റോഡിന് നടപ്പാലം പണിയുക.

18 മറയാട്ടിക്കൽഭാഗം, പാറേക്കയം ഭാഗം എന്നിവിടങ്ങളിൽ തോടിന് കുറുകെ നടപ്പാലം നിർമ്മിക്കുക.

19 അടുക്കം–പഴുക്കാക്കാനം റോഡ് കയറ്റം കുറച്ച് നിർമ്മിക്കുക.

20 VI, VII, വാർഡുകളെ ബന്ധിപ്പിക്കുന്ന നടപ്പാലം മാറ്റി വാഹനഗതാഗതത്തിന് അനുയോജ്യമായ വിധത്തിൽ പാലം നിർമ്മിക്കുക.

21 നിർദ്ദിഷ്ട റോഡുകളായ കാളക്കൂട്–മേലടുക്കം–ചൊവ്വൂർ–തലനാട് ചേരിപ്പാട് അയ്യമ്പാറ, വെള്ളാനി–ചാമപ്പാറ എന്നിവ ഏറെ പ്രാധാന്യമുള്ളവയും അവയെല്ലാംതന്നെ അതാതു പ്രദേശങ്ങളിലേക്കുള്ള ഏക റോഡുകളുമാണ്.

22 ബാലവാടി ജംഗ്ഷൻ, പള്ളിക്കവല (മുസ്ളീം പള്ളി) ഇലവുംപാറ ജംഗ്ഷൻ കാളക്കൂട്, ഒന്നാം മൈൽ മൂലേക്കട, മേലടുക്കം മുതലായ എല്ലാ പ്രധാന സ്റോപ്പുകളിലും വെയിറ്റിംഗ് ഷെഡുകളും നിർമ്മിക്കണം.

23 കാളക്കൂട് ചോനമലവഴി മേലടുക്കം അംബേദ്കർ കോളനി റോഡ് പണി പൂർത്തീകരികരിക്കുക

24 കാളക്കൂട് നിന്നും സ്ക്കൂൾ-കോളേജ് സമയങ്ങളിൽ ഒരു KSRTC ബസ്സ് സർവ്വീസ് ആരംഭിക്കുക.

25 നിലവിലുള്ള ബസ്സുകളും മുടങ്ങാതെ ഓടുന്നുവെന്ന് ഉറപ്പുവരുത്തുക.

26 ജില്ല-ാസംസ്ഥന തലസ്ഥാനങ്ങളിലേക്ക് പഞ്ചായത്തിൽ നിന്നും ബസ്സ് സർവ്വീസുകളും ആരംഭിക്കുക.

27 റോഡുകളുടെ നിർമ്മാണത്തിനും മറ് വികസന കാര്യങ്ങൾക്കും സർക്കാർ സഹായങ്ങൾക്ക് ഉപരിയായി നമ്മുടെ പഞ്ചായത്തിന്റെ ജനശക്തിയെ വേണ്ടവിധം ഉപയുക്തമാക്കണം.

28 മൂന്നിലവ് പഞ്ചായത്തിൽനിന്ന് തലനാടു പഞ്ചായത്തിലേക്ക് കടക്കുന്നതിന് ഇടയ്ക്കുള്ള തോടിന് പാലം അത്യാവശ്യമാണ്.

ഊർജ്ജം

നമ്മുടെ പ്രധാന ഊർജ്ജ മാർഗം വൈദ്യുതിയും, പാചകാവശ്യത്തിനുള്ള വിറകുമാണ്. പഞ്ചായത്തിൽ വൈദ്യുതി കടന്നു വന്നിട്ട് അധിക കാലമായിട്ടില്ല. പാചകാവശ്യത്തിനായി ചുരുക്കം ചില വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നു. പണ്ട് ഇഷ്ടംപോലെ ഉണ്ടായിരുന്ന വിറക്, ഇന്ന് വ്യാവസായിക പ്രാധാന്യമർഹിക്കുന്നതും വിലകൂടിയതുമായ ഒരുസംസ്കൃത പദാർത്ഥമായിത്തീർന്നിരിക്കുന്നു. അക്കാരണങ്ങളാൽ സമീപഭാവിയിൽ വിറകിന്റെ ലഭ്യത കുറയുമെന്നതിനാൽ ഇന്ധനക്ഷമത കൂടിയ അടുപ്പ്, മറ് ഊർജ്ജ സ്രോതസുകളും എന്നിവയെ കണ്ടെത്തുകയും ആശ്രയിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സാധ്യമായ വീടുകളിലും, സ്ഥലങ്ങളിലും വിറക്, കാർഷികാവശിഷ്ഠങ്ങളും മുതലായവകളിൽ നിന്ന് വാതകം ഉൽപ്പാദിപ്പിക്കുവാനുള്ള പ്ലാൻറുകളും നിർമ്മിക്കണം.

വൈദ്യുതിയുടെ അഭാവം പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിയെ പ്രതികൂലമായി ബാധിക്കുന്നു. മറ് പാരമ്പര്യേത മാർഗങ്ങളൊന്നുമില്ലാത്തതിനാൽ വൈദ്യുതിയെ ആശ്രയിക്കാതെ മറ്റു മാർഗമൊന്നുമില്ലതാനും. വോൾട്ടേജ് ഇല്ലായ്മ വർഷങ്ങളായി നമുക്കനുഭവപ്പെടുന്നുണ്ട്. വീടുകളുടെ വൈദ്യുതീകരണം സംബന്ധിച്ച കണക്കുകളും പട്ടിക 1 ൽ കൊടുത്തിരിക്കുന്നത് കാണുക.

വാർഡുകൾ	ആകെ വീടുകൾ	വൈദ്യുതീകരിച്ചത്	വൈദ്യുതി ഇല്ലാത്തത്
I	207	107	100
II	193	77	116
III	280	78	202
IV	219	139	30
V	289	173	116
VI	190	76	114
VII	182	18	164
VIII	247	0	247
ആകെ	1807	668	1139

പട്ടിക I

ആകെയുള്ള 1807 വീടുകളിൽ 668 എണ്ണത്തിൽ മാത്രമേ വൈദ്യുതി ലഭിച്ചിട്ടുള്ളുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അതായത്, നമ്മുടെ പഞ്ചായത്തിലെ 30% വീടുകളിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളു. വൈദ്യുതി എത്തിയിട്ടില്ലാത്തത് 8-ാം വാർഡ് മാത്രമാണ്. വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള മേഖലകളിൽ അനർട്ടുമായി സഹകരിച്ച് പഞ്ചായത്തുതന്നെ സൗരോർജ്ജ പാനലുകൾ നൽകുവാൻ സൗകര്യമുണ്ടാകണം. വൈദ്യുതി വളരെക്കുറച്ചുമാത്രം ഉപയോഗിക്കുന്നതും, പ്രകാശക്ഷമത കൂടിയതുമായ CFL ലാമ്പുകൾ പ്രചരിപ്പിക്കുന്നതുമൂലം വൈദുതി ഉപയോഗത്തിലുണ്ടാകുന്ന ലാഭം, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനു തുല്യമാണ്. വലിയൊരളവിൽ ഇന്ധനവും സമയവും ലാഭിക്കുന്ന പ്രഷർകുക്കറുകൾ സബ്സിഡിയോടു കൂടി അനെർട്ടിന്റെ IREP സ്കീമുമായി ബന്ധപ്പെടുത്തി എല്ലാ വീടുകളിലും വിതരണം ചെയ്യാവുന്നതാണ്.

പഞ്ചായത്തിലൂടെ കടന്നുപോകുന്ന 11 K. v. ലൈനിന്റെ നീളം 3 K. M. ആണ്. ആകെയുള്ള ട്രാൻസ്ഫോർമറുകളം ഏഴ്. വഴിവിളക്കുകളം 52. ടൂറിസം സാധ്യതയുള്ള പ്രദേശം എന്ന നിലയിലും ത്വരിതവൈദ്യുതീകരണം ഈ പഞ്ചായത്ത് അർഹിക്കുന്നു.

പ്രശ്നങ്ങൾ

1 വൈദ്യുതി ആവശ്യമായ അളവിൽ ലഭ്യമാക്കിയെങ്കിൽ മാത്രമേ പലവ്യവസായ സംരംഭങ്ങളും ആരംഭിക്കുവാൻ കഴിയുകയുള്ളു
2 വിറകും മറ്റും വളരെവേഗം ഇല്ലാതായികൊണ്ടിരിക്കുന്നതിനാൽ പാചകാവശ്യത്തിന് മറ്റു മാർഗ്ഗങ്ങളം തേടേണ്ടതായി വരുന്നു

നിർദ്ദേശങ്ങൾ

1 വഴിവിളക്കുകളം സ്ഥാപിക്കുക. അവയെ കാര്യക്ഷമമായി പരിരക്ഷിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക
2 വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ, വേണ്ട സ്ഥാനങ്ങളിൽ ട്രാൻസ് ഫോമറുകളം സ്ഥാപിക്കുക
3 ചേരിപ്പാട് പദ്ധതി (വൈദ്യുത പദ്ധതി ലൈൻ വലിക്കൽ) പൂർത്തിയാക്കുക
4 പുരയിടങ്ങളിൽക്കൂടിയുള്ള പോസ്റ്റുകളം മാറ്റി സൗകര്യപ്രദമായി സ്ഥാപിക്കുക
5 അയ്യമ്പാറയിൽ സൗരോർജ്ജ വിളക്കുകളം (പ്ളാന്റ്) സ്ഥാപിക്കുക
6 പിന്നോക്കാവസ്ഥയിൽ കഴിയുന്ന വാർഡുകളിൽ വൈദ്യുതി എത്തിക്കാനുള്ള ശ്രമം കഴിയുന്നതും വേഗത്തിൽ ആരംഭിക്കുക
7 വൈദ്യുതി ചാർജ് പഞ്ചായത്തിൽത്തന്നെ കൊടുക്കുന്നതിനുള്ള സൗകര്യം ആരായുക
8 പാചക വാതക കണക്ഷനിൽ തലനാടു പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുക
9 അനർട്ടിന്റെ സഹായത്തിൽ പഞ്ചായത്തിൽ നിന്നും സബ്സിഡി കിട്ടുന്ന വിധത്തിൽ വൈദ്യുതി എത്താത്ത ഭാഗങ്ങളിൽ വീടുകളം വൈദ്യുതികരിക്കുന്ന പദ്ധതി നടപ്പാക്കുക.
10 C. F. L. ലാമ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കൽ–സബ്സിഡി നൽകി അതു വാങ്ങാനുള്ള അവസരം ഉണ്ടാക്കുക.
11 ആവശ്യമുള്ള സ്ഥലങ്ങളിൽ സൗരോർജ്ജ വഴിവിളക്കുകളം സ്ഥാപിക്കുക.
12 ചെക്ക് ഡാമുകളോടനുബന്ധിച്ച്–മിനി/Micro-hydal project ആരംഭിക്കുക.
13 കുഴൽക്കിണറുകളോടനുബന്ധിച്ചും, കുളങ്ങളോടനുബന്ധിച്ചും സൗരോർജ്ജ പമ്പുകളം സ്ഥാപിക്കുക.
14 വൈദ്യുത ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകളം മുറിച്ച് മാറ്റുന്നതിന് ലൈൻമാനുമായി സഹകരിച്ചുള്ള സന്നദ്ധ പ്രവർത്തനം അത്യാവശ്യമാണ്. പ്രസരണനഷ്ടം കുറയ്ക്കാൻ ഇത് അനിവാര്യമാണ്.
15 ചൊവ്വൂർ, വെള്ളാനി എന്നീ കോളനികളിലെ വൈദ്യുത പദ്ധതി എത്രയും വേഗം നടപ്പിലാക്കുക.
16 ഇലവുംപാറ ലക്ഷം വീടുകോളനിയിൽ വൈദ്യുതീകരണം ഉടൻ നടപ്പിലാക്കുക.
17 മാർമല അരുവിയിൽ ജലവൈദ്യുതി പദ്ധതി സ്ഥാപിക്കുന്നതിനുള്ള നടപടികളം നടപ്പിലാക്കുക.
18 ചാമപ്പാറ ഭാഗത്ത് വൈദ്യുതി എത്തിക്കുക.
19 ഈരാറ്റുപേട്ട സബ്സ്റ്റേഷൻ പണി പൂർത്തീകരിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുക.

വാർത്താ വിനിമയം

1 നിലവിലുള്ള Post office E D S O ആക്കി ഉയർത്തുക.
2 തലനാട്ട് ടെലഫോൺ എക്സേഞ്ച് ആരംഭിക്കണം.
3 അയ്യമ്പാറ കേന്ദ്രമായി ഒരു T. V. റിലേ കേന്ദ്രം ആരംഭിക്കണം.

പഞ്ചായത്തു റോഡുകൾ പട്ടിക 1

	പേര്	ദൂരം കി. മീ.	സ്വഭാവം	പണിയെ സംബന്ധിച്ച്	ബന്ധിപ്പിക്കുന്ന മേഖല	വാർഡ്	പ്രത്യേക മേഖലകൾ	മറ്റു കാര്യങ്ങൾ
1	മേലടുക്കം–പഴക്കാക്കാനം	3.5	മണ്ണ് ഗതാഗത യോഗ്യം	ഭാഗികം	പഴക്കാക്കാനം, മേലടുക്കം ഭാഗങ്ങൾ	VI	SC, ST മേഖല	ഏകറോഡ്
2	തലനാട്–ചൊവ്വൂർ	4 0	മണ്ണ് റോഡ് കുറച്ചുദൂരം സഞ്ചാരയോഗ്യം	ഭാഗികം	അമ്പുപിലാവ്–ചൊവ്വൂർ ഭാഗങ്ങൾ	III-V	SC, ST മേഖല	തലനാട്ടിൽ എത്താൻ ഏക റോഡ്
3	അടുക്കം–മേലടുക്കം	1.5	ടാർ ചെയ്തത് പഴയ റോഡ്	പൂർത്തിയായി	അടുക്കം–മേലടുക്കം ഭാഗങ്ങൾ	VI		ലിങ്ക് റോഡ്
4	മേലടുക്കം -ഹൈസ്കൂൾ	0 85	മണ്ണ് റോഡ് പഴയത്	പൂർത്തിയായത്	ഹൈസ്കൂൾ–പേരിയം ഭാഗങ്ങൾ	VII	SC, ST മേഖല	അംബദ്കർ കോളനിയിലേക്ക്
5	കാളക്കൂട്–മേലടുക്കം	4 5	മണ്ണ് പഴയത് വാഹനം പോകുന്നത്	ഭാഗികം	മേലടുക്കം	IV, V VI	Tribal	Tribal area യിലേക്കുള്ള വഴി
6	ചാമപ്പാറ–വെള്ളാനി	3.5	മണ്ണ് പഴയത് ഗതാഗതയോഗ്യം	ഭാഗികം	ചാമപ്പാറ വെള്ളാനി ഭാഗങ്ങൾ	V, VIII VIII	SC, ST മേഖല	അംബദ്കർ കോളനിയിലേക്ക്
7	വെള്ളാനി ആലുപിലാവ്	3.5	മണ്ണ് പഴയത് ഗതാഗതയോഗ്യം	ഭാഗികം	വെള്ളാനി–ആലുപിലാവ് ഭാഗങ്ങൾ	VIII അതിനു വരെ	SC, ST മേഖല	Tribal Area പുള്ളിക്കാനത്തിനുള്ള വഴി
8	വെള്ളാനി അമ്പലം സ്കൂൾ	1.5	മണ്ണ് പഴയത് ഗതാഗതയോഗ്യം	ഭാഗികം	വെള്ളാനി–അമ്പലം–സ്കൂൾ	VIII	SC	Tribal area
9	അട്ടിക്കളം ആലുപിലാവ് പുള്ളിക്കാനം–ആറുപുറം	5.0	മണ്ണ് പഴയത് നടപ്പുവഴി	ഭാഗികം	ആലുപിലാവ്–ഒറഞ്ഞൂട്ടി പുള്ളിക്കാനംഎളപ്പുവഴി	VIII	SC, ST & മറ്റുള്ളവർ	പുള്ളിക്കാനം ഒറഞ്ഞൂട്ടി കുരുക്കുവഴി
10	തീക്കോയി മരവിക്കല്ല് അയ്യമ്പാറ	5.0	മണ്ണ്/മെറ്റൽ ഭാഗികം	ഭാഗികം	അയ്യമ്പാറ–തീക്കോയിപള്ളി, മരവിക്കല്ല് അയ്യമ്പാറ	I,II		പാരലൽ റോഡ്

പട്ടിക 1 (തുടർച്ച)

	പേരു്	ദൂരം കി. മീ.	സ്വഭാവം	പണിയെ സംബന്ധിച്ചു്	ബന്ധിപ്പിക്കുന്ന മേഖല	വാർഡു്	പ്രത്യേക മേഖലകളും	മറ്റു കാര്യങ്ങളും
11	ബാലവാടി ജംഗ്ഷൻ പഞ്ചായത്തു കുളം	0.2	ടാർറോഡു് പഴയതു് ഗതാഗതയോഗ്യ	പൂർണ്ണം	ബാലവാടി ജംഗ്ഷൻ-കുളം ഭാഗം	IV		കൊല്ലപ്പള്ളി ഭാഗത്തേക്കു് നീട്ടാൻ സാധിക്കും
12	അയ്യമ്പാറക്കവല - അയ്യമ്പാറ	1.5	ടാർ റോഡു് ഗതാഗതയോഗ്യം	പൂർണ്ണം	തലനാടു്-അയ്യമ്പാറ	II		ടൂറിസ്റ്റുകേന്ദ്രമായ അയ്യമ്പാറയിലേക്കുള്ളവഴി
13	അയ്യമ്പാറ-ചേരിപ്പാടു്	5.0	മണ്ണുറോഡു് പുതിയതു്	ഭാഗികം	സ്ഥായം ഭാഗം-അയ്യമ്പാറ	III		തീക്കോയി പള്ളിവാതിലുമായി ബന്ധിക്കുന്നു
14	ഓന്തുപാറ-തീക്കോയി എസ്റ്റേറ്റു്	2.5	മണ്ണ് പഴയറോഡ് പുതിയതായി നീട്ടേണ്ടതു്	ഭാഗികം	ഓന്തുപാറ-എസ്റ്റേറ്റു്	IV		തലനാടു് തീക്കോയി എസ്റ്റേറ്റു് ഭാഗവുമായിബന്ധിക്കും
15	മുസ്ലീംപള്ളി-പള്ളിക്കവല	0.1	മണ്ണു് റോഡു്	ഭാഗികം	പള്ളിക്കവല-പള്ളി	III		പള്ളി ഭാഗംചൊവ്വൂർറോഡായി നീട്ടാവുന്നതാണു്
16	ഇല്ലിക്കൽ-മുട്ടംഭാഗം ചോനമല	1.5	മണ്ണു്-പഴയതു് ഗതാഗതയോഗ്യം	ഭാഗികം	ഇല്ലിക്കൽകല്ലു്, ചോനമല ചെളിക്കൽ-മങ്കാമ്പുമുകൾഭാഗം	V	SC, ST മേഖല	ടൂറിസം വികസനത്തിനു് അടിസ്ഥാനം
17	ചേരിപ്പാടു്-ഞണ്ടുകല്ലു്	3.0	മണ്ണു് റോഡു്	ഭാഗികം	ഞണ്ടുകല്ലു്-തലനാടു് ഭാഗം	I		ലിങ്കു് റോഡു്
18	ഞണ്ടുകല്ലു്-കൂട്ടക്കല്ലു്	2.0	മണ്ണു് റോഡു്	ഭാഗികം	ഞണ്ടുകല്ലു്-മൂന്നിലവു്	I		ലിങ്കു് റോഡു്
19	ഞണ്ടുകല്ലു്-ചേരിപ്പാടു്	2.0	മണ്ണു് റോഡു്	പൂർണ്ണം	ഞണ്ടുകല്ലു്-കൂട്ടക്കല്ലു് മൂന്നിലവു്	I		ലിങ്കു് റോഡു്

ആവശ്യപ്പെട്ടിരിക്കുന്ന പുതിയ റോഡുകൾ വാർഡുതലത്തിൽ പട്ടിക II

No.	പേര്	ബന്ധിപ്പിക്കുന്ന പ്രദേശം	പുതിയത്/പഴയത്	ദൂരം	പ്രത്യേകതകം	മറ്റു പ്രത്യേകതകളുണ്ടെങ്കിൽ	വാർഡ്
1	കാവുംകവല–അയ്യമ്പാറ റോഡ്	തച്ചുപാറ പ്രദേശം	പുതിയത്	1.5 k m	പാരലൽ	തലനാട് കവലയുമായി നേരിട്ട് ബന്ധിപ്പിക്കുന്നു	II
2	ചാമപ്പാറ–ഒറവയൂട്ടി	വെള്ളാനി–ഒറവയൂട്ടി	പുതിയത്	2.0 k m	ലിങ്ക് റോഡ്	വാഗമൺ, തീക്കോയി പ്രധാന റോഡുമായി ബന്ധിപ്പിക്കുന്നു	VII–VIII
3	N. S. S. H. S. ഓന്തുപാറ–തോട്ടം	തോട്ടം–തലനാട്	പുതിയത്	2.5 k m	,,	തോട്ടം ഭാഗത്തുനിന്ന് തലനാട്ടെത്താൻ എളുപ്പ മാർഗം	IV
4	വെള്ളാനി–പുള്ളിക്കാനം	വെള്ളാനി–പുള്ളിക്കാനം	പുതിയത്	3.0 k m	,,	വെള്ളാനിയിൽക്കൂടി പുള്ളിക്കാനം ഭാഗവുമായി ബന്ധം	VIII
5	ചെങ്ങഴശ്ശേരി–അമ്പലം റോഡ്	അമ്പലംഭാഗം–ചെങ്ങഴശ്ശേരിവീട്ടുഭാഗം	പുതിയത്		,,	ചെങ്ങഴശ്ശേരിൽ പറമ്പിൽക്കൂടി അമ്പലം ഭാഗത്തേക്ക്	VIII
6	ഞള്ളമ്പുഴ–കാരിക്കാട്	ഞള്ളമ്പുഴക്കാരുടെ പറമ്പിൽ കൂടി കാരിക്കാട്	പുതിയത്	2.250 km	,,	ഞള്ളമ്പുഴ പറമ്പിൽക്കൂടി കാരിക്കാട് ഭാഗത്തേക്കുള്ളബന്ധം	VIII
7	തീക്കോയി–സ്റ്റായം–അയ്യമ്പാറ	തീക്കോയി സ്റ്റായം–അയ്യമ്പാറ	പഴയത്	3.5 k m	,,	പണി നടക്കുന്നത്	I, II
8	വെള്ളാനി–അട്ടിക്കളം ആറുപുറം	ആലുപിലാവ് ഭാഗം	പഴയതും ബാക്കി പുതിയതും	3.5 k m	ലിങ്ക് റോഡ്	കുറച്ചു പണി നടന്നത്	VIII
9	ബാലവാടി–മാടപ്പാട്ട് ചൊവ്വൂർ	കൊല്ലപ്പള്ളിത്തോട്ടുവഴി	പുതിയത്	3.5 k m	,,	പണിനിർത്തിയിടത്തുനിന്നും തുടങ്ങാവുന്നതാണ്	III

പട്ടിക II (തുടർച്ച)

10	പെമ്പിളകുന്നേൽ അയ്യമ്പാറ–ചേരിപ്പാട് റോഡ്		പഴയത്	5 K M	ലിങ്ക് റോഡ്	പണി തീരാത്തത് നിർത്തിയ സ്ഥലത്തുനിന്ന് നീട്ടിപ്പണിയണം	II
11	തീക്കോയി എസ്റ്റേറ്റ് ഈറ്റപ്പാവ് മേലടുക്കം റോഡ്	തീക്കോയി എസ്റ്റേറ്റിൽ നിന്നും ഈറ്റപ്പാവിലേക്ക്	പുതിയത്	2 K M	,,	പണി തുടങ്ങാത്തത് VI-ാം വാർഡിൽ എത്തണം	VI
12	പള്ളിക്കവല–വെളിമറ്റം ചൊവ്വൂർ താഴെ	ചൊവ്വൂർ താഴെയും തലനാട് സെൻറ്റുമായി നേരിട്ടുള്ള ബന്ധം	പുതിയത്	4 K M	,,	പണി തുടങ്ങാത്തത്. മറ്റുപഞ്ചായത്തുകളെ ആശ്രയിക്കാതെ തലനാട്ടെത്താൻ മറ്റുവഴികളില്ല	III
13	ഓന്തുപാറ എസ്റ്റേറ്റ് റോഡ്	തലനാട് ഓന്തുപാറ എസ്റ്റേറ്റുഭാഗം	പഴയതിനോട് ചേർന്ന് പുതിയത്	1.5 KM	,,	നാലാം വാർഡിലൂടെ വാഹന സഞ്ചാരം സുഗമമാക്കുവാൻ	IV
14	ഞണ്ടുകല്ല് പാറമട റോഡ്	ഞണ്ടുകല്ല് പാറമട ഭാഗം	പുതിയത്		,,	പാറമട ഞണ്ടുകല്ല്	I
15	തീക്കോയി എസ്റ്റേറ്റ് ദേവസ്യാ വളവ്	നിലവിലുള്ള റോഡിനു പകരമായുള്ളത്	പുതിയത്	3 K M	,,	ഇന്നത്തെ റോഡിനു സമാന്തരം	I, II
16	അടുക്കം അമ്പലം വെള്ളാനി അമ്പലം	നെല്ലുവേലിക്കുന്നുവഴി അടുക്കത്തുനിന്നു വെള്ളാനി	പുതിയത്	6 K M	,,	നേരത്തെ ലൈൻ ഉള്ളത്	VII, VIII
17	ഇലവുംപാറ ചൊവ്വൂർ	തലനാട് ഇലവുംപാറ ചൊവ്വൂർ വഴി മൂന്നിലവിലേക്ക്	പുതിയത്	2.5 K M	,,	നേരത്തെ ഒറ്റയടിപ്പാതയുണ്ടായിരുന്നു തലനാട്ടുനിന്നും ചൊവ്വൂർ എത്തുവാൻഉള്ള എളുപ്പമാർഗം	III
18	വള്ളിക്കാപ്പിൽ അടിക്കാട്		പുതിയത്	1.5			
19	ചോനമല ഇല്ലിക്കൽ		പഴയതും പുതിയതും	5.0		ടൂറിസം കേന്ദ്രത്തിലേക്ക്	V
20	RC ചർച്ച് ഹൈസ്കൂൾ പഴുക്കാക്കാനം	മേലടുക്കം പഴുക്കാക്കാനം	പകുതി പുതിയത് പകുതി പഴയത്	7.0	പാരലൽ	അംബേദ്കർ കോളനിലേക്ക്	VII

നിലവിലുള്ള പാലം—1 (തീക്കോയി-തലനാട് പാലം)
നടപ്പാലങ്ങൾ പട്ടിക III

പേര്	സ്ഥലം	സ്വഭാവം	പൂർത്തിയായവ/ അല്ലാത്തവ	ഗതാഗതം സംബന്ധിച്ചത്
വെള്ളാനി പാലം	RC പള്ളിക്കു സമീപം വെള്ളാനി–ചാമപ്പാറ റോഡ്	ചെറുത്	പൂർണ്ണമായത്	ഭാരലോറികൾ ഇല്ല
വെള്ളാനി II	സ്കൂളിനു താഴെ തോട്ടിൽ	ചെറുത്	പൂർണ്ണമായത്	വാഹനം ഇല്ല നടപ്പാലം മാത്രം
മേലടുക്കം	VI, VII വാർഡുകൾ ബന്ധിപ്പിക്കുന്നു	ചെറുത്	പൂർണ്ണമായത്	നടപ്പാലം
മേലടുക്കം–തറക്കുന്ന് ഇടയ്ക്ക്	ചെങ്ങഴശ്ശേരി വീടിനടുത്ത്	സാമാന്യം വലിയത്	പൂർണ്ണമായത്	ബസ്സുകയറുന്നവ
തൂക്കുപാലം	തറക്കുന്നേൽ	തൂക്കുപാലം	പൂർണ്ണമായത്	നടപ്പാലം
കൊല്ലപ്പള്ളി	കൊല്ലപ്പള്ളിത്തോട് III–ാം വാർഡ്	ചെറുത്	പൂർണ്ണമായത്	നടപ്പാലം
മൂലോടെ താഴെ	കുഴിത്തോട്ട ഭാഗം I–ാം വാർഡ്	ചെറുത്	പൂർണ്ണമായത്	ലോറി കയറുന്നവ

പട്ടിക IV നടപ്പാലങ്ങൾ (പുതിയവ) വാർഡുതലത്തിൽ

No.	പേര്	സ്ഥലം	പഴയവ/ പുതിയവ	വാർഡ്	പ്രദേശങ്ങളുടെ പ്രത്യേകതകൾ	മറ്റുകാര്യങ്ങൾ
1	പി. ഐ സാമുവലിന്റെ പുരയിടത്തിലെ തോട്ടിന് നടപ്പാലം	ചൊവ്വൂർ	പുതിയത്	III	Tribal area	കമുകിൻതടിപ്പാലം ഉപയോഗിച്ചിരിക്കുന്നു
2	ചൊവ്വൂർ, മങ്കൊമ്പ് റോഡിൽ മുതലപ്പാറ തോടിന്	,,	,,	III	,,	തെങ്ങിൻതടിപ്പാലം ഇട്ടിരിക്കുന്നു
3	അമ്പലം കടവിൽ	വെള്ളാനി	,,	VIII	,,	താൽകാലിക തെങ്ങിൻതടിപ്പാലം
4	കോടിപാറയിൽ	ആറുപുറം	,,	VIII	,,	തലനാട്, തീക്കോയി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു
5	മുകളേൽക്കടവിൽ	അട്ടിക്കളം	,,	VIII	,,	തെങ്ങിൻതടിപ്പാലം
6	മുളഞ്ഞനാനിക്കടവിൽ	ആറുപുറം	,,	VIII	,,	,,
7	വലിയപറമ്പിൽക്കടവിൽ	അട്ടിക്കളം	,,	VIII	,,	തലനാട്, തീക്കോയി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നു
8	ആനക്കുഴിക്കടവിൽ	ആറുപുറം	,,	VIII	,,	തെങ്ങിൻതടിപ്പാലം
9	മറയാട്ടിക്കൽതോട്ടിൽ	മറയാട്ടിക്കൽ ഭാഗം	,,	III	,,	തടി ഇട്ടു നടക്കുന്നു
10	അട്ടക്കം–പൊടിപാറ	പൊടിപ്പാറ ഭാഗം	,,	VII	,,	തടിപ്പാലം മാത്രം
11	പാറേക്കയം തോട്ടിൽ	നടക്കരോട്ട് ഭാഗം	,,	III	,,	താൽകാലികപാലം

V 7

ഭവന നിർമ്മാണവും സാമൂഹികക്ഷേമവും

1. ഭവന നിർമ്മാണം

1991- ലെ സെൻസസ് റിപ്പോർട്ട് പ്രകാരം ഈ പഞ്ചായത്തിലെ 7442 ആളുകൾ 1807 വീടുകളിലായി താമസിക്കുന്നു. ഏതാണ്ട് നാല് ആളുകൾക്ക് ഒരു വീട് എന്ന കണക്കിൽ വരും ഇത്. 1970 ലെ രേഖകൾ പ്രകാരം ഇവിടെ ഉണ്ടായിരുന്ന വീടുകളുടെയെണ്ണം 1418 ആണ്. 34.42 ച.കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടുകൂടി പാർപ്പിടങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനുള്ള സാദ്ധ്യതകൾ ഏറെയാണ്. വീടുകളുടെ വാർഡുതലത്തിലുള്ള തരം തിരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ്	വീടുകൾ	കോൺക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ
1	186	19	120	30	17
2	127	22	108	26	31
3	266	28	160	66	12
4	289	9	191	74	15
5	288	5	138	132	13
6	184	2	124	48	10
7	175	5	112	48	10
8	232	8	111	89	24
ആകെ	1807	98	1064	513	132

സമീപ പഞ്ചായത്തുകളിൽ എല്ലാം തന്നെ കോൺക്രീറ്റു വീടു വിപ്ലവം നടന്നുകൊണ്ടിരിക്കെത്തന്നെ ഈ പഞ്ചായത്തിൽ 5% മാത്രമാണ് കോൺക്രീറ്റ് കെട്ടിടങ്ങൾ ഉള്ളത്. ഭൂരിപക്ഷം ജനങ്ങളുടെയും സാമ്പത്തിക പിന്നോക്കാവസ്ഥയാകാം കാരണം. 28% വീടുകളും ഇന്നും ഓലമേഞ്ഞവയാണ് എന്നുള്ളത് ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ വിളിച്ചോതുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഓടുമേഞ്ഞ നാലോ അഞ്ചോ വീടുകൾ മാത്രമേ ഈ പഞ്ചായത്തു പ്രദേശത്ത് ഉണ്ടായിരുന്നുള്ളൂ. അന്ന് ഓലമേഞ്ഞ, ഓലകൊണ്ട് മറച്ച,ചാണകം മെഴുകിയ തറകളോടുകൂടിയ വീട് ഉണ്ടായിരുന്നു. ഭൂരിപക്ഷവും ഈറ്റ, പുല്ല്, ഇല്ലി എന്നിവ ഉപയോഗിച്ചും

മേച്ചിൽ നടത്തിയിരുന്നു. കാട്ടുകമ്പുകളും, കാട്ടുമരങ്ങളും ഉപയോഗിച്ചുള്ള വീടുകൾ ഇന്നും ഈ പഞ്ചായത്തിൽ അവിടവിടെയായി നിലനിൽക്കുന്നു.നിർമ്മാണ സാമഗ്രികളുടെ ലഭ്യതയും, പുത്തൻ നിർമ്മാണ ശൈലികളും നമ്മുടെ പഞ്ചായത്തിലും പ്രചാരം നേടിക്കൊണ്ടിരിക്കുകയാണ്. മുൻകാലങ്ങളിൽ 29 കോല്, 32 കോല് (മുപ്പത്തിരി) 42 കോല് (നാല്പത്തിരി) തുടങ്ങിയ അളവുകളിൽ തച്ചുശാസ്ത്ര വിധി പ്രകാരം നിർമ്മിച്ചിരുന്ന വീടുകൾക്കുപകരം എൻജിനീയറിംഗ് അടിസ്ഥാനത്തിലുള്ള വീടുനിർമ്മാണം പ്രാബല്യത്തിൽ വന്നുതുടങ്ങിയിട്ടുണ്ട്. ആധുനികരീതികളുടെ പ്രചാരത്തോടുകൂടി പുരകെട്ടിമേയൽ പോലുള്ള പ്രവർത്തനങ്ങളിലെ ജനങ്ങളുടെ കൂട്ടായ്മ ഇല്ലാതെയായിത്തീർന്നിരിക്കുന്നു. സംസ്കരിച്ച ഓലകൾ ഉപയോഗിച്ച് പുരമേയുന്നതായാൽ അത് ദീർഘകാലം നിലനിൽക്കും. കൂടുതൽ ഈടുനിൽക്കുന്ന ഓലകളുടെ ഉപയോഗം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ബഹുഭൂരിപക്ഷത്തിനും ഏറെ ഗുണം ചെയ്യും. പുതിയ രീതിയിലുള്ള വീടു നിർമ്മാണത്തിൽ ഉപയോഗിക്കപ്പെടുന്നത് കട്ടച്ചിറ, ആലുവ ഭാഗത്തുനിന്നുള്ള ചുടുകട്ടയും സമീപ പഞ്ചായത്തുകളിൽ നിർമ്മിക്കപ്പെടുന്ന സിമൻറ് ഇഷ്ടികയുമാണ്. പഞ്ചായത്തിനുള്ളിൽ ഗൃഹനിർമ്മാണ വസ്തുക്കൾ നിർമ്മിക്കുന്ന ഒരു കേന്ദ്രം പോലുമില്ല. ഇവിടെ സുലഭമായ കരിങ്കല്ലുപയോഗിച്ചുകൊണ്ടുള്ള നിർമ്മാണരീതി പരിഗണിക്കണപ്പെടേണ്ടതാണ്.

ജനങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് ഭവനനിർമ്മാണരംഗത്തെ പിന്നോക്കം പോകലിനുകാരണമെന്ന് കണ്ടു കഴിഞ്ഞു. ഈ പഞ്ചായത്തിന് 2, 4, 5, 6 വാർഡുകളിലായി നാല് ലക്ഷം വീടു കോളനികളാണ് ഉള്ളത്. ഏതാണ്ട് 22 വർഷം മുൻപ് പണിത ഈ കോളനിയിലെ കെട്ടിടങ്ങളിൽ പലതും വളരെ പരിതാപകരമായ അവസ്ഥയിലാണ്. നിർമ്മാണത്തിലുള്ള ഉപഭോക്താവിൻെറ പങ്കാളിത്തമില്ലായ്മ, സമയത്ത് അറ്റകുറ്റപ്പണികൾ സ്വയം നടത്താതിരുന്നത് എന്നിവ ഈ അവസ്ഥയ്ക്ക് കാരണമാകുന്നില്ലേ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ വീടുകളിൽ വൈദ്യുതി, വെള്ളം എന്നിവ ഇനിയും എത്തിച്ചേർന്നിട്ടില്ല. ഭവന നിർമ്മാണ സഹകരണസംഘങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ല. ഈരാറ്റുപേട്ട കേന്ദ്രമായ ഹൗസിംങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പരിധിയിലാണ് ഈ ഗ്രാമപഞ്ചായത്ത്. പ്രസ്തുത സംഘത്തിൻെറ ഈ പഞ്ചായത്തിലെ പ്രവർത്തനം,കാര്യക്ഷമമല്ല. ഭവനനിർമ്മാണവായ്പാ ഇനത്തിൽ 1,55000 രൂപ മാത്രമാണ് 5 പേർക്കായി ആ സൊസൈറ്റി ഈ പഞ്ചായത്തിൽ ചെലവഴിച്ചിരിക്കുന്നത്.

പട്ടിക ജാതിയിലും പട്ടിക വർഗ്ഗത്തിലും പെട്ട ആളുകൾക്ക് ഭവനനിർമ്മാണപദ്ധതി ഉണ്ടെങ്കിലും, നൽകപ്പെടുന്ന തുകയുടെ അപര്യാപ്തത, ഈ തുക ഉപയോഗിക്കുന്നതിൽ നിന്നും ഗുണഭോക്താക്കളെ പിൻതിരിപ്പിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും, കൂലിച്ചിലവിൻേറയും അടിസ്ഥാനത്തിൽ ഇപ്പോൾ നൽകിവരുന്ന സഹായത്തിൻെറ പരിധി ഉയർത്തേണ്ടതാണ്. ഭവനരഹിതരേയും, റോഡു തോട് പുറമ്പോക്കിൽ താമസിക്കുന്നവരേയും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. ഭവന നിർമ്മാണത്തിനുള്ള സഹായധനം വർദ്ധിപ്പിക്കണം. എങ്കിൽ മാത്രമെ മലമ്പ്രദേശങ്ങളിൽ താമസിക്കുന്നവർക്കു പ്രയോജനപ്പെടുകയുള്ളൂ. ഗതാഗത സൗകര്യം കുറവായതിനാൽ സാമ്പത്തിക സഹായത്തിലെ തുകയിൽ കൂടുതലും സാധനസാമഗ്രികൾ കൊണ്ടുവരുന്നതിന് ചെലവാക്കേണ്ടിവരുന്നു.
2. ലക്ഷം വീടുകോളനികളിലെ വീടുകൾക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ ആ

ളുകളുടേയും വീടുകൾക്കും അറ്റകുറ്റ പണികൾക്കായി ധനസഹായം നൽകണം.

3. ജാതിമതഭേദമെന്യേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ ആളുകൾക്കും ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുക

4.. സർക്കാർ തലത്തിൽ നൽകുന്ന വായ്പകളെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക. അവരുടെ അറിവിലേക്ക് ഇൻഫർമേഷൻ സെൻററുകൾ ആരംഭിക്കുക.

5. സർക്കാർ തലത്തിൽ നൽകുന്ന ധനസഹായത്തിന് പട്ടയം നിർബന്ധമായതിനാൽ പലർക്കും വീടുവയ്ക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതിനാൽ പട്ടയം ഇല്ലങ്കിലും കൈവശാവകാശ സർട്ടിഫിക്കറ്റിൻെറ അടിസ്ഥാനത്തിൽ ധനസഹായം നൽകുക.

6. മിതമായ ചിലവിൽ ബലവത്തും, കൂടുതൽ സൗകര്യ പ്രദവുമായ വീടുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള വൈദഗദ്ധ്യം നേടിയവരുടെ പങ്കാളിത്തം ഈ രംഗത്ത് കൂടുതലുണ്ടാവണം.

സാദ്ധ്യതകൾ

1. റോഡുകളുടെ പണി എത്രയും വേഗം തീർക്കുകയാണെങ്കിൽ നൽകുന്ന ധനസഹായത്താൽ സാധനങ്ങൾ എത്തിക്കുവാനും ഭവന നിർമ്മാണം പൂർത്തീകരിക്കുവാനും സാധിക്കും. (ചൊവ്വൂർ നിവാസികൾക്ക് വീടുകളുടേയും കക്കൂസിൻെറയും നിർമ്മാണത്തിന് സാധനങ്ങൾ എത്തിക്കുവാൻ റോഡ് ആവശ്യമാണ്.)

2. നിർമ്മിതി കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ചിലവുകുറഞ്ഞ വീടുകളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ ഈ പഞ്ചായത്തിൽ നടപ്പാക്കുകയാണെങ്കിൽ ജനങ്ങൾക്ക് ഭവനനിർമ്മാണകാര്യത്തിൽ സാമ്പത്തിക പ്രയോജനം ലഭിക്കും.

3. ഭൂപ്രകൃതിയുടേയും, കാലാവസ്ഥയുടേയും, അതാതു സ്ഥലങ്ങളിൽ നിന്നു ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കളുടേയും അടിസ്ഥാനത്തിൽ ഭവനനിർമ്മാണത്തിന് ഒരു പുത്തൻ ശൈലി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

4. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സാമഗ്രികൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പദ്ധതികളെ സംബന്ധിച്ചിടത്തോളം, സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് പഞ്ചായത്തിലെ ജനങ്ങൾക്കുള്ള അറിവ് പരിമിതമാണ്.

തലനാട് ഗ്രാമപഞ്ചയത്തിലെ 1807 കുടുംബങ്ങളിലായി 7442 ആളുകൾ താമസിക്കുന്നു. ഇതിൽ 47.16% കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണെന്ന് കണക്കുകൾ കാണിക്കുന്നു. പട്ടികജാതിയിൽപ്പെട്ട 91% കുടുംബങ്ങളും പട്ടിക വർഗ്ഗത്തിൽപ്പെട്ട 29.6% കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു താഴെയാണ്. ഗ്രാമവികസന വകുപ്പ് 1992 വർഷത്തൽ നടത്തിയ IRDP കുടുംബസർവ്വേ പ്രകാരം ഈ പഞ്ചായത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വരുമാന തരംതിരിവ് താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 1

വരുമാനം	400-6000	600-8500	850- 1100
കുടുംബങ്ങൾ	541	121	52

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ 20 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിലും 77 കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലും മറ്റുവിഭാഗത്തിൽ ഉൾപ്പെടുന്നവർ 617 കുടുംബങ്ങളും ആണ്. ഇതിൽ 9 പേർ അംഗവൈകല്യം സംഭവിച്ചവരാണ്.

8-ാം പദ്ധതി തുടങ്ങിയതിന് ശേഷം ഈ പഞ്ചായത്തിൽ IRDP ധനസഹായം എത്രപേർക്ക് ലഭിച്ചു എന്ന് താഴെ കൊടുക്കുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക - 2

വർഷം	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ കുടുംബങ്ങൾ	വികലാംഗർ	സ്ത്രീകൾ
1992-93	1	35	23	59	3	23
1993-94	14	38	16	68	1	24
1994-95	5	34	23	62	Nil	35
1995-96	3	34	27	64	2	39
ആകെ കുടുംബങ്ങൾ	23	141	89	252	6	121

ഇതിൽ 47.16% കുടുംബങ്ങളും ഇപ്പോഴും ദാരിദ്ര്യ രേഖയ്ക്ക് താഴെ തന്നെയാണ് കഴിയുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെങ്കിലും അത് ഉദ്ദേശിക്കുന്ന വിധത്തിൽ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിൽ പരാജയപ്പെടുന്നു എന്നു കണക്കുകൾ കാണിക്കുന്നു.

8-ാം പഞ്ചവത്സര പദ്ധതികാലത്ത് ഗ്രാമവികസന വകുപ്പ് നടപ്പിലാക്കിയ ട്രൈസം പരിപാടിയനുസരിച്ച് താഴെപട്ടികയിൽ കൊടുക്കുന്ന പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്.

പട്ടിക - 3

വർഷം	പട്ടിക ജാതി	പട്ടിക വർഗ്ഗം	മറ്റുള്ളവർ	ആകെ	വികലാംഗർ	സ്ത്രീകൾ
1992-93	1	-	10	11	-	9
1993-94	1	7	1	9	-	5
1994-95	-	8	2	10	-	9
1995-96	-	2	2	4	-	3
ആകെ	2	17	15	34	-	26

നടപ്പ് പദ്ധതി സമയത്ത് 34 പേർക്ക് ട്രൈസം പരിപാടിയനുസരിച്ച് തൊഴിൽ പരിശീലനം ലഭിച്ചു. ഇതിൽ 7 പേർ സ്വയംതൊഴിൽ ചെയ്യുന്നു. സ്വകാര്യസ്ഥാപനങ്ങളുടെ കീഴിൽ ജോലിയെടുക്കുന്നവരാണ് 20 പേർ. 7 പേർ വിവാഹിതരായി മറ്റു സ്ഥലങ്ങളിലേക്ക് പോയവരാണ്.

DWCRA പ്രകാരം നടപ്പുപദ്ധതികളിൽ ആരംഭിച്ച അഞ്ച് വനിതാ സ്വയംതൊഴിൽ യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഇതിൽ മൂന്നെണ്ണം റെഡിമെയ്ഡ് യൂണിറ്റുകളും രണ്ട് എണ്ണം ബാംബൂ, ഡയറി എന്നീ യൂണിറ്റുകളുമാണ്. ഇവയിൽ മൂന്നെണ്ണം പട്ടിക വർഗ്ഗ വിഭാഗ ഗ്രൂപ്പുകളും രണ്ടെണ്ണം മറ്റു വിഭാഗത്തിൽപ്പെടുന്നതുമാണ്. ഈ യൂണിറ്റുകൾ നല്ല നിലവാരം പുലർത്തുന്നുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിലൂടെ ധാരാളം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെങ്കിലും ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ വേണ്ടത്ര ആളുകൾക്ക് ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതാണ് വസ്തുത. താഴെ കൊടുക്കുന്ന പട്ടികയിൽ നിന്ന് വിവിധ പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിച്ചവരുടെ എണ്ണത്തെപ്പറ്റി നമുക്കു മനസ്സിലാക്കാം.

പട്ടിക - 4

വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ കാല പെൻഷൻ	കർഷക തൊഴിലാളി പെൻഷൻ	തൊഴിലില്ലായ്മ വേതനം
17	23	13	60	60

നിലവിലുള്ള ക്ഷേമനിധികളുടെ പരിധിയിൽ വരുന്നവർ ചെത്തുതൊഴിലാളികളും, കർഷക തൊഴിലാളികളും മാത്രമേയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ നല്ലൊരു വിഭാഗം കട്ടൻസ് തൊഴിലാളികൾ ഉണ്ട്. അവരെക്കൂടി ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടത് അനിവാര്യമാണ്. സംഘടിത മേഖലയിലെ തൊഴിലാളികൾക്ക് പരിമിതമായെങ്കിലും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അസംഘടിത മേഖലയിലെ തൊഴിലാളികൾ ഇപ്പോഴും അധോഗതിയിലാണ്.

മിശ്രവിവാഹിതരായ ദമ്പതികൾക്കുള്ള ധനസഹായ പദ്ധതിയനുസരിച്ചു ഈ പഞ്ചായത്തിൽ മൂന്നു ദമ്പതികൾക്ക് ധനസഹായം ലഭിച്ചട്ടുണ്ട്. പാവപ്പെട്ട വിധവമാരുടെ പെൺമക്കളെ വിവാഹം ചെയ്തു കൊടുക്കുന്നതിനുള്ള ധനസഹായ പദ്ധതിയനുസരിച്ച് 8-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് രണ്ടു കുടുംബങ്ങൾക്ക് സഹായം ലഭ്യമായിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീട് ഓല മേയുന്നതിനുള്ള ധനസഹായ പദ്ധതിയനുസരിച്ച് 22 കുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ചൊവ്വൂർ കോളനിയെ I.H.D.P കോളനിയായി പ്രഖ്യാപിച്ചിട്ടുണ്ട്. ഈ കോളനിയിലെ ആളുകൾക്ക് ഭവന നിർമ്മാണത്തിനും, കക്കൂസ് നിർമ്മാണത്തിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മുൻഗണന നൽകി വരുന്നു. കോളനി കമ്മറ്റിയുടെ നേതൃത്വത്തിൽ കോളനിയുടെ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇവിടെ ശിശുക്ഷേമത്തിനായി അംഗൻവാടികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ വികസന ബ്ലോക്കിന്റെ കീഴിൽ മഹിളാസമാജങ്ങൾ ഏറ്റെടുത്ത് നടത്തുന്ന ബാലവാടികൾ പ്രവർത്തിച്ചു വരുന്നുണ്ട്. പ്രസ്തുത ബാലവാടികളിലെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ കുട്ടികളുടെ എണ്ണം, വിതരണം ചെയ്ത പോഷകാഹാരങ്ങളുടെ വിവരങ്ങൾ എന്നിവ പട്ടിക 5 -ൽ സൂചിപ്പിക്കുന്നു.

പട്ടിക -5

ബാലവാടി	കുട്ടികൾ	അമ്മമാർ
എസ്.എൻ വനിതാ സമാജത്തിന്റേത്	63	15
പുഷ്പ മഹിളാ സമാജം അയ്യമ്പാറ	57	15
വിജയാ മഹിളാ സമാജം അടുക്കം	30	20

പഞ്ചായത്തിലുള്ള മഹിളാ സമാജങ്ങളുടെ നേതൃത്വത്തിൽ A.N.P. Scheme അനുസരിച്ച് മുലയൂട്ടുന്ന അമ്മമാർക്കും ഗർഭിണികൾക്കും അഞ്ചു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങൾക്കും ഉച്ചഭക്ഷണം നൽകിവരുന്നു. ഈ മഹിളാ സമാജങ്ങൾ സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് വിദഗ്ദ്ധർ ക്ലാസ്സുകൾ എടുക്കാറുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കുന്ന പട്ടികജാതി, പട്ടിക വർഗ്ഗ ഉദ്യോഗാർത്ഥിക്ക് യാത്രാ ബത്ത നൽകുന്ന സ്കീമിൽപ്പെടുത്തി ഒരു ഉദ്യോഗാർത്ഥിക്ക് ധനസഹായം നൽകിയിട്ടുണ്ട്.

റേഷൻ കട.

ഇപ്പോഴത്തെ റേഷൻ കടകളുടെ ആവിർഭാവം രണ്ടാം ലോകമഹായുദ്ധക്കാലത്താണ്. ഭക്ഷണസാധനങ്ങൾക്ക് ദൗർലഭ്യം നേരിട്ട അക്കാലത്ത് ഓരോ പ്രദേശത്തേയും ഓരോ ഇടവകകളായി തിരിച്ച് കൺവീനർ മുഖാന്തിരം ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തിരുന്നു. അന്ന് പൂഞ്ഞാർ ഇടവകയിൽ നിന്നും കൺവീനറായി ഇക്കാര്യത്തിന് മാടപ്പാട്ട് ശ്രീ. എം . ജി. ഗോപാലപിള്ള അവർകളെയാണ് തെരഞ്ഞെടുത്തത്. ഇന്ന് 5 പൊതുവിതരണ കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

നിർദ്ദേശങ്ങളും പ്രശ്നങ്ങളും

മുൻ പദ്ധതികാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പരിപാടികൾ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ഒരു ചെറിയ ശതമാനത്തിനു മാത്രമേ പ്രയോജനപ്പെട്ടുള്ളൂ. I.R.D.P ആസ്തി നിലനിർത്തുന്നതിനും അതിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ പദ്ധതി ആവിഷ്കരിക്കുമ്പോൾ കണക്കിൽ എടുക്കാതെ പോകുന്നതും, ആസ്തിയിൽ നിന്നുള്ള ഉൽപാദനത്തിന്റെ വിപണന സംവിധാനങ്ങൾ പരിഗണിക്കപ്പെടാത്തതും, ഇവ വേണ്ടത്ര ഫലപ്രദമാകാതെയിരിക്കുന്നതിന് കാരണമാകുന്നു. ഇതു തന്നെയാണ് DWCRA തുടങ്ങിയ പദ്ധതികളുടെ കാര്യത്തിലും സംഭവിക്കുന്നത്. I.R.D.Pസർവ്വേ ലിസ്റ്റിന് വാർഷിക പുനഃപരിശോധനയും പുതുക്കലും ആവശ്യമാണ്. വായ്പകളേയും പദ്ധതികളേയും സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് വേണ്ടത്ര അറിവ് നൽകപ്പെടുന്നില്ല. ഗ്രാമസഭകളിലൂടെ വേണം അർഹരായ ഗുണഭോക്താക്കളെ കണ്ടത്തേണ്ടത്. J.R.Y, E.A.S പദ്ധതികളിലെ കൂലി നിരക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ആക്കണം. വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. തുക കൂട്ടുകയും ചെയ്യണം. ആവശ്യമായ വാർഡുകളിൽ അംഗൻവാടികൾ വേണം. ഈ പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം വേണം. റേഷൻകടകൾ പൊതുവേ നല്ല നിലവാരം പുലർത്തുന്നുവെങ്കിലും ചില കടകളിൽ നിന്നും ബി

ല്ലുനൽകുന്നില്ല എന്ന പരാതി ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

സാദ്ധ്യതകൾ

1. I.R.D.P, DWCRA സഹകരണ സംഘം ട്രൈസം പദ്ധതികൾ തമ്മിൽ പരസ്പര ബന്ധം ഉണ്ടാകുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

2. മേസ്തിരിപ്പണി, മരയാശാരിപ്പണി, ഇലക്ട്രോണിക്സ് തുടങ്ങിയവയ്ക്ക് ട്രൈസത്തിലൂടെ പരിശീലനം നൽകുകയും ഈ പരിശീലനത്തെ സ്കൂളുകളുടെയും പൊതു സ്ഥാപനങ്ങളുടെയും അറ്റകുറ്റപണികൾക്കും മറ്റു നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി ഉപയോഗപ്പെടുത്തുകയും ചെയ്യാം.

V8

സംസ്കാരം

സംസ്കാരം എന്നത് ഒരു ജീവിതചര്യ മാത്രമല്ല ജീവിതത്തിന്റെ താക്കോൽ കൂടിയാണെന്നു പറയാറുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ച്, അതിന് അർത്ഥവും വ്യാപ്തിയും പ്രദാനം ചെയ്യുന്ന സംസ്കാരം നമ്മുടെ മൂല്യബോധത്തിന്റെ അടിത്തറകൂടിയാണ്. സമൂഹത്തിന്റെ സന്തുലിതവും സർഗ്ഗാത്മകവുമായ നിലനിൽപിനും പുരോഗതിക്കും അതു പശ്ചാത്തലമൊരുക്കുന്നു. തനിമയുടെ ഖനികളിൽ വേരുകളാഴ്ത്തി നിന്നുകൊണ്ട് മാനവീകതയുടെ പുത്തൻ മാനങ്ങളിലേയ്ക്കതു പടർന്നു പന്തലിക്കുന്നു.

നല്ലൊരു കലാസമ്പത്തും സാംസ്കാരിക പൈതൃകവും കാത്തുസൂക്ഷിക്കുവാൻ നമ്മുടെ നാടിനു വർഷങ്ങൾക്കു മുമ്പുതന്നെ കഴിഞ്ഞിരുന്നു. വിവിധ ആഘോഷങ്ങളോടനുബന്ധിച്ച് നടത്തപ്പെട്ടിരുന്ന വൈവിദ്ധ്യമാർന്ന കലാപരിപാടികൾ അതിനുദാഹരണമാണ്. ഖെസുപാട്ടിന്റെ ഈണത്തിൽ കോൽകളി, ഗരുഡൻപറവ, മാഗ്ഗം കളി, വിൽപാട്ട്, തുമ്പിതുള്ളൽ, തിരുവാതിര കളി എന്നിവയോടൊപ്പം സ്ത്രീകളുടേതു മാത്രമായ 'തുലാംകുളി', എന്ന വിനോദപരിപാടിയും നിലനിന്നിരുന്നു. തുലാം 1 മുതൽ 30 വരെ സ്ത്രീകൾ ഒത്തുകൂടി പുലർകാലത്തു തുടിച്ചുകുളിക്കുകയും അതോടൊപ്പം കുരവയിടാൻ പരിശീലിക്കുകയും ചെയ്യുന്നതാണ് തുലാംകുളി.

തലനാട് എൻ. എസ്. എസ്. കരയോഗം വക കല്ലിടാംകാവ് ഭഗവതിക്ഷേത്രത്തിലെ മണ്ഡല മഹോത്സവം, എസ്. എൻ. ഡി. പി. വക ശ്രീജഞാനേശ്വര ക്ഷേത്രത്തിലെ തിരുവാതിര മഹോത്സവം അയ്യമ്പാറ ചെറുപുഷ്പ ദേവാലയത്തിലെ തിരുനാൾ, തലനാട് തീക്കോയി എസ്റ്റേറ്റ് മുസ്ലീം ദേവാലയങ്ങളിലെ ചന്ദനക്കുടാഘോഷങ്ങൾ , കരുവേല മുത്തു സ്വാമി ക്ഷേത്രത്തിലെ അമ്മൻകുട മഹോത്സവം ഇവയെല്ലാം അതാതു മത വിഭാഗങ്ങളുടെ ആഘോഷങ്ങളെന്നതിനുപരി പഞ്ചായത്തിലെ ജനങ്ങളുടെ ആകെ സാംസ്കാരിക ഐക്യത്തിന്റെ പ്രതീകമായി ആചരിക്കുന്നു.

ഏതൊരു ദേശത്തിന്റെയും വികാസ പരിണാമങ്ങളിൽ അവിടുത്തെ സാംസ്കാരിക പ്രസ്ഥാനങ്ങൾ വഹിക്കുന്ന പങ്ക് നിസ്തുലമായിരിക്കും. തലനാടിനെ സംബന്ധിച്ചിടത്തോളം 1948-49 കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ഒരു നിശാപാഠശാലയിൽ നിന്നാണിതിനു തുടക്കമിട്ടത്.ഇതിന്റെ സാരഥ്യം വഹിച്ചിരുന്നത് ചെട്ടിക്കുന്നേൽ രാഘവൻ മാസ്റ്റർ ആയിരുന്നു. കാലക്രമേണ ഈ സംരംഭം നിലച്ചു. എങ്കിലും പിൽക്കാലത്ത് വായനശാല എന്ന മഹനീയ സങ്കല്പം ഉടലെടുക്കുവാൻ ഈ പ്രസ്ഥാനം പ്രേരകമായി. മാടപ്പാട്ട് ഗോപാലക്കുറുപ്പ്, ചെട്ടിക്കുന്നേൽ രാഘവൻ മാസ്റ്റർ, കുഴിവേലിൽ ഗോപാലൻ നായർ എന്നിവർ ചേർന്ന് 'ഗ്രാമീണ വായനശാല' യുടെ പ്രവർത്തനം ആരംഭിച്ചു. എന്നാൽ ഈ വായനശാലയുടെ പ്രവർത്തനം കാലക്രമേണ നിലക്കുകയാണുണ്ടായത്.പക്ഷേ വായനശാല എന്നുള്ള സങ്കല്പത്തിൽ നിന്നും നമ്മുക്ക് പിന്മാറാൻ കഴിഞ്ഞില്ല എന്നുള്ളതിന് തെളിവാണ് ഇന്നത്തെ പബ്ലിക് ലൈബ്രറി.

1959-ൽ പ്രവർത്തനം ആരംഭിച്ച തലനാട് പബ്ലിക് ലൈബ്രറി പിൽക്കാലത്തെ സാംസ്കാരിക പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായി മാറി. ദിവംഗതനായ ശ്രീ. പീതാംബരൻ അടയ്ക്കാകല്ലിൽ ശ്രീ ചന്ദ്രശേഖരൻ നായർ കുഴിവേലിൽ ശ്രീ എം. എസ്. പരീത് മുതുകാട്ടിൽ, ശ്രീ ശിവൻ നായർ

മേലേവീട്ടിൽ, ശ്രീ വി. രംഗപ്പൻ കല്ലുവെട്ടത്ത്, ശ്രീ കെ. എച്ച്. ഇബ്രാഹിം തുടങ്ങിയവരായിരുന്നു ഈ വായനശാലയുടെ ആദ്യകാല പ്രവർത്തകർ. അന്ന് 40 പുസ്തകങ്ങളോടുകൂടി ആരംഭിച്ച ലൈബ്രറിയിൽ ഇന്ന് 6524 പുസ്തകങ്ങൾ ഉണ്ട്. കൂടാതെ പ്രധാനപ്പെട്ട പത്രമാസികകളും ഇന്നു വായനശാലയിൽ ലഭ്യമാണ്. യശ്ശഃശരീരനായ ശ്രീ മാടപ്പാട്ട് ഗോപാലപിള്ള 1965 - ൽ സംഭാവന ചെയ്ത 4 സെൻറ് സ്ഥലത്താണ് ഇന്നത്തെ വായനശാല സ്ഥിതി ചെയ്യുന്നത്. ഈ ജ്ഞാന കേന്ദ്രത്തിൻെറ ശിലാസ്ഥാപന കർമ്മം നിർവഹിച്ചതും ഇദ്ദേഹമായിരുന്നു. ഈ വായനശാലയോട് ചേർന്ന് കലയത്തുങ്കൽ പാപ്പിയമ്മ മെമ്മോറിയൽ ഹാൾ പണിയുന്നതിനുവേണ്ടി കലയത്തുങ്കൽ ശ്രീധരൻ 1001 - രൂപാ സംഭാവന ചെയ്തതും സ്മരണീയമാണ്.

27-4-1970 - ൽ അന്നത്തെ നിയമസഭാ സ്പീക്കറായിരുന്ന ശ്രീ ദാമോദരൻ പോറ്റി ഈ വായനശാലയുടെ പുതിയ മന്ദിരം ഉദ്ഘാടനം ചെയ്തു.

ഈ വായന ശാലയുടെ ഒരു അനുബന്ധ പ്രവർത്തന രംഗമാണ് നളന്ദാ ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്. ജനങ്ങളുടെ കലാ കായിക കഴിവുകളെ ഉദ്ദീപ്തമാക്കുകയാണ് ഈ ക്ലബ്ബിൻെറ ലക്ഷ്യം. വായനശാല വാർഷികാഘോഷം നാടിൻെറ ഉത്സവമായിത്തന്നെ കൊണ്ടാടിയിരുന്നു. ഈ ആഘോഷവേളകളിൽ വിവിധയിനം കലാ കായിക മത്സരങ്ങൾ നടത്തി യുവതീയുവാക്കളുടെ കഴിവുകളെ പ്രോത്സാഹിപ്പിച്ചിരുന്നു. കാലക്രമേണ വാർഷികാഘോഷങ്ങൾക്കു പ്രാധാന്യം കുറയുകയും ഓണാഘോഷങ്ങൾക്കുള്ള പ്രാധാന്യം വർദ്ധിക്കുകയും ചെയ്തു.ഡിബേറ്റുകൾ, സിംപോസിയങ്ങൾ, ക്വിസ് മത്സരം തുടങ്ങിയവയ്ക്ക് വായനശാല കാലാകാലങ്ങളിൽ വേദിയൊരുക്കിയിട്ടുണ്ട്.ഈ ഗ്രന്ഥശാലയുടെ തനതു സ്വത്തായിരുന്നു 'പുലരി' കൈയ്യെഴുത്തു മാസിക. 1984 - ൽ ഈ ഗ്രന്ഥശാലയുടെ രജത ജൂബിലി സമുചിതമായി ആഘോഷിച്ചു.

തലനാട് ഗ്രാമപഞ്ചായത്തിൽ നിന്നും മാതൃഭൂമി ദിനപ്പത്രം വായനശാലയ്ക്ക് വർഷങ്ങളായി നൽകിവരുന്നു കൂടാതെ മലയാള മനോരമ, മംഗളം, ദീപിക മുതലായ പത്രങ്ങളും വരുത്തുന്നു. എങ്കിലും ജനസാന്ദ്രതയ്ക്കനുസൃതമായ രീതിയിൽവായനാശീലം വളരുന്നില്ല എന്നുള്ളത് ഒരു ദുഃഖ സത്യമാണ്.

സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിലും ഈ പഞ്ചായത്ത് ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. ശാസ്ത്ര സാഹിത്യ പരിഷിത്തിൻെറയും വിവിധ ക്ലബ്ബുകളുടെയും മറ്റു സന്നദ്ധ സംഘടനകളിലേയും പ്രവർത്തകർ ഈ രംഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ടിച്ചു. തത്ഫലമായി കോട്ടയം ജില്ലയിൽ സാക്ഷരതാ പ്രവർത്തനത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കാൻ നമുക്കു കഴിഞ്ഞു.

സർക്കാർ തലങ്ങളിൽ നടത്തുന്ന കേരളോത്സവത്തിലും, പഞ്ചായത്ത് ദിനാഘോഷങ്ങളിലും ഈ ഗ്രാമപഞ്ചായത്തിലെ കലാകാരന്മാർ പങ്കെടുത്തുവരുന്നു. അവർ ജില്ലാ-സംസ്ഥാനതല മത്സരങ്ങളിൽ വിവിധയിനങ്ങൾക്ക് ഒന്നാം സമ്മാനർഹരാവുകയും കലാകേരളത്തിൻെറ പ്രശംസ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ ഈ നാട്ടിലെ സാംസ്കാരിക സമന്വയത്തിന് ഉത്തമ നിദർശനങ്ങളാണ്.

നളന്ദാ ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്

തലനാട് പബ്ലിക് ലൈബ്രറിയോടനുബന്ധിച്ച് ഈ ക്ലബ്ബ് പ്രവർത്തിക്കുന്നു.

യംഗ് ചലഞ്ചേഴ്സ് ക്ലബ്ബ്.

വളരെ സ്തുത്യർഹമായ നിലയിൽ പ്രവർത്തിക്കുന്ന ഈ ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തിവരുന്ന അഖില കേരളാ വോളീബോൾ ടൂർണമെൻറ് വൻവിജയമാണ്. തീക്കോയി എസ്റ്റേറ്റ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ സ്പോർട്സ് ഇനങ്ങളിലും വോളീബാളിലും മത്സരങ്ങൾ നടത്താറുണ്ട്. അംബേദ്കർ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് അടുക്കത്ത് പ്രവർത്തിക്കുന്നു. അടുത്തകാലത്ത് ആരംഭിച്ച യംഗ്മെൻ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് ചൊവ്വൂർ വോളിബാൾ ടൂർണമെൻറ് നടത്തുന്നു. നെഹൃ യുവകേന്ദവുമായി അഫിലിയേറ്റു ചെയ്തിട്ടുള്ള തലനാട് ടെൽസിംഗ് നേച്ചർ ആൻറ് അഡ്വെൻചർ പരിസ്ഥിതി പഠനം നടത്തുന്നു. സമീപ കാലത്ത് മുട്ടം ഭാഗത്ത് (കാളകൂട്) ആരംഭിച്ച ക്ലബ്ബാണ് ദീപം ആർട്ട്സ് ക്ലബ്ബ്. നൃത്ത സംഗീതാദിലളിതകലകളിൽ താൽപര്യമുള്ള യുവജനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതാണ് സ്വാതി സംഗീതസഭ തലനാട്. കൂടാതെ ഗുരുധർമ്മ പ്രചാരണ സഭ (G.D.P.S) നായർ സർവ്വീസ് സൊസൈറ്റി, സി.വൈ. എം. , എം. വൈ. എസ്. തുടങ്ങിയ മത സാംസ്കാരിക സംഘടനകളുടെയും സേവനങ്ങൾ ഈ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്.

സാഹിത്യ രംഗത്തും തലനാട് ഗ്രാമം അതിൻേറതായ സംഭാവനകൾ നൽകിയിട്ടുണ്ട്. വർഷങ്ങൾക്കു മുമ്പുതന്നെ ഈ രംഗത്തു കടന്നുവന്ന് 'വിമല' എന്ന തൂലികാ നാമത്തിൽ ശ്രദ്ധേയയായ മാടപ്പാട്ട് ഭവാനിയമ്മ, ആനുകാലിക വിഷയങ്ങളെ ആധാരമാക്കി ലേഖനങ്ങൾ എഴുതുന്ന കുഴുവേലിൽ ചന്ദ്രശേഖരൻ നായർ, 'വഴിത്താരകൾ' എന്ന നോവലിലൂടെ എം. പി. പോൾ അവാർഡ് നേടിയ പി. വി. തോമസ് പുല്ലാട്ട് എന്നിവരും ഈ ഗ്രാമത്തിൻെറ സൃഷ്ടികളാണ്.

കഴിഞ്ഞ ദശകത്തിൻെറ ഉത്തരാർദ്ധത്തോടുകൂടി ഈ പഞ്ചായത്തിൽ കടന്നു വന്ന ദൂരദർശൻ ഇന്ന് ജനങ്ങളുടെ സാംസ്കാരിക ബോധ നിലവാരങ്ങളെ സ്വാധീനിക്കുന്നു. തലനാട് പബ്ലിക് ലൈബ്രറിയിലും, അടുക്കം അംബേദ്ക്കർ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബിലും, അടുക്കം വിജയാ മഹിളാ സമാജത്തിലുമാണ് പൊതു ടി. വി. സെറ്റുകൾ സ്ഥാപിച്ചിരിക്കുന്നത്.

ഇലക്ട്രോണിക് മാധ്യമങ്ങളുടെ വരവോടെ വിജ്ഞാന രംഗത്ത് ഉണ്ടായ സ്ഫോടനാത്മകമായ മാറ്റം സ്വാഗതാർഹം തന്നെ. എന്നാൽ ഇന്നത് ഒരേ സമയം വരദാനവും ശാപവുമായി മാറിയിരിക്കുന്നു. വിജ്ഞാന വിനിമയത്തിലൂടെ ലോകവ്യാപ്തി കുറച്ചുകൊണ്ട്, 'ഗ്ലോബൽ വില്ലേജ്' സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കിത്തീർക്കുമ്പോൾത്തന്നെ, ദേശീയ-ഉപദേശീയതയ്ക്കുമേൽ അവ കനത്ത ആഘാതമേൽപ്പിക്കുന്നു. സാമ്രാജ്യത്വത്തിൻെറ പുതിയ മുഖമാണിത്. ഇലക്ട്രോണിക് മാദ്ധ്യമങ്ങൾ ജനങ്ങളെ രസിപ്പിക്കുന്നതോടൊപ്പം, വിജ്ഞാനം പകർന്ന് അവരെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ഉപകരണമായി തീരേണ്ടതുണ്ട്.

പുത്തൻ വിപണന തന്ത്രങ്ങളാൽ ജനങ്ങളിൽ തെറ്റായ അഭിരുചി വളർത്തുന്ന ടെലിവിഷൻ-റേഡിയോ മാദ്ധ്യമങ്ങളുടെ വിപുലമായ സാദ്ധ്യതകൾ ഒരു സമ്പൂർണ്ണ സമൂഹസൃഷ്ടിക്കെങ്ങനെ ഉപയോഗപ്പെടുത്തുവാൻ സാധിക്കും എന്നു നാം ചിന്തിക്കണം. അതോടൊപ്പം തന്നെ വായനയുടെ സാഹചര്യ ങ്ങളും വിപുലപ്പെടുത്തണം. ഈ സാഹചര്യത്തിൽ നമ്മുടെ ഗ്രാമീണ വായനശാലയും മറ്റും നവീ കരണത്തിനു വിധേയമാക്കണം. വായനയും സാംസ്കാരിക വളർച്ചയും തമ്മിൽ

അഭേദ്യമായ ബന്ധമുണ്ട്. സാഹിത്യ കലാരൂപങ്ങളും, ചരിത്ര പരിണാമവും തമ്മിലും ബന്ധമുണ്ട്. അതിനാൽ സംസ്കാരം വ്യവസായമായി മാറിയാൽ മാനുഷിക ബന്ധങ്ങളും മൂല്യസങ്കൽപ്പങ്ങളും അട്ടി മറിക്കപ്പെടും.ഈ കാഴ്ചപ്പാടിൽ നിന്നാവണം നമ്മുടെ സാംസ്കാരിക നയം കെട്ടിപ്പെടുക്കേണ്ടത്.

പ്രശ്നങ്ങൾ.

1. സംഘടനകൾക്കും, ക്ലബ്ബുകൾക്കും ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.
2. സാമ്പത്തിക സഹായ ലഭ്യതയുടെ അഭാവം ഇവയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നു.
3. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ കുറഞ്ഞപ്രദേശത്തെ ആളുകൾ മാത്രമേ ഇവയുമായി ബന്ധപ്പെടുന്നുള്ളു.
4. ജനങ്ങൾ പൊതുവായി ഒന്നുചേരുകയും സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്ന അവസ്ഥ മാറുകയും ഓരോരുത്തരും അവരവരുടെ വീടുകളിലേയ്ക്ക് ഒതുങ്ങുകയും ചെയ്യുന്നു.
5. ഇത്തരം പ്രവർത്തനങ്ങളിൽ വനിതാ പങ്കാളിത്തം കുറവാണ്.

മുൻകാലങ്ങളിൽ ഉത്സവാഘോഷങ്ങളുടെയും വാർഷികാഘോഷങ്ങളുടെയും ഭാഗമായി യുവജനങ്ങളുടെ തന്നെ നാടകവും കലാപരിപാടികളും നടന്നിരുന്നു. ഇന്ന് പ്രൊഫഷണൽ നാടക കമ്പനികൾ ഈ സ്ഥാനം കൈയ്യടക്കിയിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സംഘടിപ്പിക്കുന്നതിനും ചെറുപ്പക്കാർ മുന്നോട്ടു വരുന്നില്ല എന്നതും എടുത്തുപറയേണ്ട കാര്യമാണ്.

ഗ്രാമസഭാ നിർദ്ദേശങ്ങൾ.

- ☐ പ്രാദേശിക പ്രത്യേകതകൾ കണക്കിലെടുത്ത് അയ്യമ്പാറ, ചേരിപ്പാട്, കാളക്കൂട്, അടുക്കം, വെള്ളാനി, മേലടുക്കം, ചൊവ്വൂർ പ്രദേശങ്ങളിൽ ക്ലബ്ബുകളോ, സാംസ്കാരിക കേന്ദ്രങ്ങളോ, വായനശാലയോ തുടങ്ങേണ്ടതാണ്.
- ☐ ധനസഹായങ്ങൾ നൽകിക്കൊണ്ട് വനിതാ സംഘടനകൾ സംഘടിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയാൽ നന്നായിരിക്കും.
- ☐ ക്ലബ്ബുകളുടെ പഞ്ചായത്തുതല ഏകോപനം ഉണ്ടാകുന്നതിനും എല്ലാ ക്ലബ്ബുകളും ചേർന്നുള്ള ചില പൊതു പരിപാടികൾ സംഘടിപ്പിക്കുന്നിനും നേതൃത്വം നൽകുവാൻ പഞ്ചായത്തിനു കഴിയണം.
- ☐ ടി. വി. ക്ലബ്ബുകൾ തുടങ്ങുവാൻ പ്രോത്സാഹനം നൽകേണ്ടതാണ്.
- ☐ വായന ശാലയും ഗ്രന്ഥശാലയും ചേർന്ന സാംസ്കാരിക നിലയം ആവശ്യമാണ്. സാംസ്കാരിക പ്രവർത്തനങ്ങൾ സ്ക്കൂളുകളുമായി ബന്ധപ്പെടുത്തി സംഘടിപ്പിക്കുവാൻ കഴിയണം.
- ☐ സ്ക്കൂൾ വാർഷികങ്ങൾ രക്ഷിതാക്കളും പൊതുജനങ്ങളും പങ്കെടുക്കുന്ന സാംസ്കാരികോത്സവമാക്കി മാറ്റാൻ സാധിക്കണം.
- ☐ ഹൈസ്ക്കൂളുകളോടനുബന്ധിച്ചുള്ള ലൈബ്രറികളിലെ പുസ്തകങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. അവ കുട്ടികൾ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തണം.
- ☐ ചൊവ്വൂർ ഭാഗത്തെ ചെണ്ടമേളം, ബാൻറ്സെറ്റ് ഇവ പുനരുദ്ധരിക്കണം. നാടൻ കലകളെ പ്രോത്സാഹിപ്പിക്കണം.
- ☐ I.H.D.P കോളനിയിലും, മുട്ടം ഗിരിജൻ കോളനിയിലും, തീക്കോയി എസ്റ്റേറ്റിലും, യംഗ് ചലഞ്ചേഴ്സ് ക്ലബ്ബിലും ഓരോ പൊതു ടി. വി. നല്കണം.
- ☐ വായനശാലയിൽനിന്നും വീടുകൾ തോറും പുസ്തകങ്ങൾ എത്തിക്കണം. ഈ പഞ്ചായത്തിൽ ഒരു കമ്യൂണിറ്റി ഹാൾ ആവശ്യമാണ്.

കായികരംഗം

ഇത്രമാത്രം സ്ഥല വിസ്തൃതിയുള്ള പഞ്ചായത്തിൽ കായിക വിനോദത്തിനുള്ള ഒരു ഗ്രൗണ്ട് പോലുമില്ല. തലനാട് ഗവ: എൽ. പി. സ്ക്കൂൾ ഗ്രൗണ്ടിലും തീക്കോയി എസ്റ്റേറ്റിലും, വെള്ളാനിയിലും, അടുക്കത്തും, ചൊവ്വൂരും ഓരോ വോളിബോൾ കോർട്ടുകളുണ്ട്. ഇവിടെ വോളിബോൾ കളികളും നടക്കാറുണ്ട്. സംസ്ഥാന തല വോളിബാൾ ടൂർണമെൻറുകൾ സംഘടിപ്പിക്കുന്ന യംഗ് ചലഞ്ചേഴ്സ് ക്ലബ്ബ്, തീക്കോയി എസ്റ്റേറ്റ് ക്ലബ്ബുകളെപ്പറ്റി മുമ്പ് സൂചിപ്പിച്ചുവല്ലോ.

ഈ പ്രവർത്തനങ്ങൾ മുടങ്ങാതെ സംഘടിപ്പിക്കുന്നതിന് ഈ ക്ലബ്ബുകൾക്കു കഴിയുന്നുണ്ട്. സംസ്ഥാനതല മത്സരമാണെങ്കിൽപ്പോലും ഈ ജില്ലക്കപ്പുറത്തുനിന്നുമുള്ള പങ്കാളിത്തം ഉണ്ടാവുന്നില്ല എന്നതാണ് വസ്തുത. ഈ മത്സരങ്ങൾ നടക്കുമ്പോൾ തടിച്ചുകൂടുന്ന ജനങ്ങൾ ഈ പഞ്ചായത്തിലെ ജനങ്ങളുടെ കായിക താൽപ്പര്യം വിളിച്ചോതുന്നു.

പഞ്ചായത്തിൽ താൽപര്യമുള്ള ആളുകൾക്ക് കായിക പരിശീലനത്തിനും കായിക പ്രവർത്തനങ്ങൾക്കുമായി ഒരു സ്റ്റേഡിയം ഉണ്ടാവുന്നത് പ്രയോജനകരമായിരിക്കും. ഇത് നമ്മുടെ സംസ്ഥാനത്തിനു തന്നെ കായിക പ്രതിഭകളെ സംഭാവന ചെയ്യുന്നതിനുള്ള അവസരമൊരുക്കിയേക്കും.

V9

വനിതാക്ഷേമം

ഭാരതത്തിലാകമാനം വനിതാ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം ലഭിച്ചുവരുന്ന ഒരു കാലഘട്ടമാണിത്. എങ്കിലും പുരുഷന്മാർക്ക് തുല്യമായ സ്ഥാനം നിയമനിർമ്മാണസഭപോലുള്ള സുപ്രധാന രംഗങ്ങളിൽ അവർക്കു ലഭ്യമായിട്ടില്ല. ഈ കുറവു പരിഹരിക്കുന്നതിനുവേണ്ട ചില പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്നത് ശുഭോദർക്കമാണ്.

തലനാട് പഞ്ചായത്തിലെ സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങളിൽ വനിതകൾ തനതായ സ്ഥാനം വഹിക്കുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ദശാബ്ദങ്ങൾക്കു മുമ്പുതന്നെ ഇവിടെ ഉണ്ടായിരുന്നു. തന്മൂലം സ്ത്രീവിദ്യാഭ്യാസത്തിൽ ഗണ്യമായ പുരോഗതി നേടുവാൻ ഈ ഗ്രാമത്തിനു കഴിഞ്ഞു. സമൂഹത്തിന്റെ എല്ലാ മണ്ഡലങ്ങളിലും വനിതാ പ്രാതിനിധ്യം ഉണ്ടാവുകയും ചെയ്തു. ഈ പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണിയാണ് മാടപ്പാട്ട് ശ്രീമതി. എം. ജി. ഭവാനിയമ്മ. കേരള സർവ്വകലാശാല 1973 – ൽ നടത്തിയ ജന്തുശാസ്ത്ര ബിരുദ പരീക്ഷയിൽ ഒന്നാം റാങ്കുലഭിച്ച എം. ജി. ജഗദമ്മ മുട്ടത്ത് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ റാങ്കു ജേതാവാണ്.

പുരുഷന്മാരുടെ കുത്തകയായിരുന്ന തൊഴിൽ രംഗങ്ങളിലെല്ലാം ഇന്ന് സ്ത്രീകളും കടന്നുചെന്നിരിക്കുന്നു. പക്ഷേ 'തുല്യ ജോലിക്കു തുല്യ വേതനം' എന്ന തത്ത്വം അംഗീകരിച്ചിട്ടില്ല എന്നത് ഒരു ദുഃഖ സത്യമാണ്. ഇതിനൊരു പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ 25 ശതമാനം കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗം സ്ത്രീകളുടെ വരുമാനം മാത്രമാണ്. തൊഴിലിന്റെ കാഠിന്യവും സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ ഏറ്റക്കുറച്ചിലുകളുമായിരിക്കണം വേതനം നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം. അല്ലാതെ ലിംഗഭേദമാവാൻ പാടില്ല.സ്ത്രീകളുടെ സർവ്വതോന്മുഖമായ ഉന്നമനത്തിനൊരു 'കൂട്ടായ്മ' ആവശ്യമാണെന്ന ചിന്ത 1960 കാലഘട്ടത്തിൽ ഇവിടെ ഉണ്ടായി. തത്ഫലമായി 'തലനാട് മഹിളാസമാജം' എന്ന പേരിൽ ഒരു സംഘടന രൂപം കൊണ്ടു. പ്രസിഡൻറ് എം. ജി. ഭവാനിയമ്മയും സെക്രട്ടറി സി. എൻ. ദാക്ഷായണിയമ്മയും ആയിരുന്നു. കാലക്രമേണ ഇതിന്റെ പ്രവർത്തനം നിലച്ചു എങ്കിലും പിന്നീട് രൂപം കൊണ്ട വനിതാ സമാജങ്ങൾക്ക് ഒരു പ്രചോദനമായിരുന്നു. എസ്. എൻ. വനിതാസമാജം തലനാട്, പുഷ്പാ മഹിളാ സമാജം അയ്യമ്പാറ, വിജയാ മഹിളാസമാജം അടുക്കം, ട്രീസാ മഹിളാസമാജം ചാമപ്പാറ, പ്രിയദർശിനി മഹിളാസമാജം ചൊവ്വൂർ തുടങ്ങിയവ ഉടലെടുത്തു.ബാലവാടികളും പോഷകാഹാര വിതരണവും നടത്തുന്നതിനോടൊപ്പം വനിതാ ക്ഷേമത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ ഈ സംഘങ്ങൾ കാഴ്ചവെച്ചുകൊണ്ടിരിക്കുന്നു.

വനിതകൾ മാത്രം ചേർന്ന് നടത്തുന്ന ഏതാനും തൊഴിൽ രംഗങ്ങളും ഇവിടെയുണ്ട്. 7 –ാം വാർഡിലുള്ള ബാംബൂ യൂണിറ്റ്, വസ്ത്രയൂണിറ്റ്, എന്നിവ ശ്രദ്ധേയമാണ്. ഇവയൊക്കെ പൂർണ്ണ വിജയത്തിലെത്തണമെങ്കിൽ അധികാരികളുടെയും പൊതുജനങ്ങളുടെയും ഉള്ളഴിഞ്ഞ പ്രോത്സാഹനം ഇനിയും ലഭ്യമാകേണ്ടിയിരിക്കുന്നു.

കാലഘട്ടത്തിന്റെ ശാപമായ 'സ്ത്രീപീഢനം' നമ്മുടെ പഞ്ചായത്തിൽ വിരളമാണ്.എങ്കിലും പുരുഷന്മാരുടെ മദ്യപാനാസക്തി മൂലം ശാരീരികമായും മാനസികമായും പീഢനം അനുഭവിക്കുന്ന കുടുംബിനികൾ നമ്മുടെ ഇടയിലുണ്ട്. ഇതും പരിഹാരം കാണേണ്ട വിഷയമാണ്.സ്ത്രീ സാക്ഷരതയിൽ നമ്മുടെ പഞ്ചായത്ത് ഏറെ മുന്നിലാണ് എന്നത് അഭിമാനാർഹമാണ്.

പ്രശ്നങ്ങൾ

1. ദേശീയ ജനസംഖ്യയിൽ പകുതിയിലധികവും വനിതകളാണല്ലോ. അവർക്ക് നിയമ നിർമ്മാണ സഭയിലും തൊഴിൽ മേഖലയിലും അർഹമായ പ്രാതിനിധ്യം ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.
2. തൊഴിൽ മേഖലകളിൽ കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കുവാൻ സ്ത്രീകൾ മുന്നോട്ട് വരേണ്ടതുണ്ട്.
3.സമൂഹത്തിനുള്ള താൽപ്പര്യക്കുറവും പരസ്യ വിമർശനവും സ്ത്രീകൾ പിൻ നിരയിലേയ്ക്ക് തള്ളപ്പെടാൻ കാരണമാകുന്നു.
4. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കുവാനുള്ള കഴിവും ബുദ്ധിയും സ്ത്രീകൾ ആർജജിച്ചിട്ടുണ്ടെങ്കിലും, അതു പ്രകടമാക്കുവാനുള്ള തന്റേടം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു.
5. സ്വയം തൊഴിൽ രംഗങ്ങളിൽ സ്ത്രീകൾ കൂടുതൽ ശ്രദ്ധിക്കുന്നില്ല. പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നില്ല.
6. അസംഘടിത മേഖലകളിൽ സ്ത്രീയ്ക്കും പുരുഷനും ഉള്ള കൂലിയിനത്തിൽ വിവേചനം നിലനിൽക്കുന്നു.
7. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്കു വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിനു. സൗകര്യങ്ങൾ ലഭിക്കുന്നില്ല.
8. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥായിയായ തടസ്സമാണ്.
9. സർക്കാർ ധനസഹായങ്ങളെപ്പറ്റിയുള്ള അറിവില്ലായ്മ.

നിർദ്ദേശങ്ങൾ

1. വനിതാ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ പഞ്ചായത്തു തലത്തിൽ നേതൃത്വം ഉണ്ടാകണം.
2. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഉൽപ്പാദനപരമായ സ്വയംതൊഴിൽ പദ്ധതികളും കുടിൽ വ്യവസായങ്ങളും ആരംഭിക്കുക.
3. വായനശാലയിൽ ഒരു നിശ്ചിത സമയം വനിതകൾക്കായി നീക്കി വെയ്ക്കണം.
4. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായും കുടുംബ സമാധാനത്തിനായും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
5. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ ഇവയെല്ലാം അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കേണ്ടതാണ്.
6. ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും അതിലെ അദ്ധ്യാപികമാരുടെ വേതനം ന്യായയുക്തമാക്കുകയും ചെയ്യണം.
7. എല്ലാ വാർഡിലും അംഗൻവാടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.
8. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുക.

സാദ്ധ്യതകൾ.

1. ആടുവളർത്തൽ, കോഴിവളർത്തൽ, പശു, പന്നി ഇവയുടെ വളർത്തൽ, ഈറ്റ, പ്ലാസ്റ്റിക്, വാഴനാര്, ആലില,ചിരട്ട തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം.
2. ഗവ: തലത്തിലും അല്ലാതെയും സ്ത്രീകൾക്കു ലഭിക്കാവുന്ന സഹായപദ്ധതികളെപ്പറ്റിയുള്ള ബോധവൽക്കരണം.

V10

സഹകരണ മേഖല

തലനാട് ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സഹകരണ മേഖലയ്ക്ക് നല്ല ഭാവിയാണുള്ളത് കാർഷിക മേഖലയായ ഈ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് സഹകരണ സംഘങ്ങൾക്ക് കാര്യമായ പങ്കുവഹിക്കുവാൻ കഴിയും. 47% ത്തിൽ കൂടുതൽ ആളുകൾ ദാരിദ്ര്യ രേഖയ്ക്ക് താഴെ കഴിയുന്നു. പഞ്ചായത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്ക് കാര്യമായ മാറ്റം സഹകരണ സംഘങ്ങൾ വഴി ഉണ്ടാക്കാമെന്ന കാര്യത്തിൽ സംശയമില്ല. ഈ ഗ്രാമ പഞ്ചായത്തിന്റെ വികസനത്തെ മുൻനിറുത്തി പ്രവർത്തിക്കുന്ന സഹകരണ സംഘമാണ് തലനാട് സർവ്വീസ് സഹകരണ ബാങ്ക്. കൂടാതെ അടുക്കം പട്ടികവർഗ്ഗ സഹകരണസംഘം, റബ്ബർ പാൽഉൽപ്പാദന സഹകരണ സംഘങ്ങൾ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ എന്നിവ സഹകരണ മേഖലയിൽപ്പെടുന്നു.

തലനാട് സർവ്വീസ് സഹകരണസംഘം.

നമ്മുടെ സഹകരണ ചരിത്രത്തിന് ഏകദേശം 60 വർഷത്തെ പഴക്കമുണ്ട്. ഈരാറ്റുപേട്ടയിലുണ്ടായിരുന്ന പരസ്പര സഹായസഹകരണ സംഘമായിരുന്നു ഇതിൽ ആദ്യത്തേത്. ഇത് പിന്നീട് സഹകരണ ബാങ്കായി മാറി. തീക്കോയി സഹകരണ ബാങ്ക്, മൂന്നിലവ് സഹകരണബാങ്ക് എന്നിവ പിന്നീട് നിലവിൽ വന്നു. ഈ ബാങ്കുകളിൽ തലനാടുനിന്നുള്ള ആളുകൾ ഓഹരി എടുക്കുകയും പ്രവർത്തനങ്ങളിൽ ഉൾപ്പെടുകയും ചെയ്തിരുന്നു. ആ കാലഘട്ടത്തിൽ ഈ പഞ്ചായത്തിനെ പൂഞ്ഞാർ വടക്കേക്കര പഞ്ചായത്ത് എന്നായിരുന്നു വിളിച്ചിരുന്നത്. പിന്നീട് ഇത് വിഭജിച്ച് തലനാട് പഞ്ചായത്തും - മൂന്നിലവ് പഞ്ചായത്തുമായി മാറിയപ്പോൾ, തലനാട്ടിലെ നിക്ഷേപകർക്കും ഗുണഭോക്താക്കൾക്കും ഒരു സഹകരണ ബാങ്കിന്റെ അഭാവം മനസ്സിലായി. അങ്ങനെ എൻ. എസ്സ്. എസ്സ്. യു. പി. സ്ക്കൂളിൽ പ്രൊഫ: പി.കെ. ശ്രീധരൻ നായരുടെ നേതൃത്വത്തിൽ കൂടിയ യോഗത്തിൽ വച്ച് ഒരു ബാങ്കിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചു. ആദ്യപടിയായി അന്നത്തെ സമിതിതന്നെ അടിസ്ഥാന കമ്മറ്റിക്കാരാവുകയും ചെയ്തു. അസിസ്റ്റൻറ് രജിസ്റ്റാർ ആയിരുന്ന ശ്രീ മുഹമ്മദ് ഈസാ റാവുത്തരുടെ സഹായവും സഹകരണവും ഇക്കാര്യത്തിൽ സ്മരണീയമാണ്. സഹകരണസംഘത്തിന്റെ രജിസ്ട്രേഷൻ 1970-ൽ നടത്തി. എളിയ തോതിൽ ആരംഭിച്ച ഈ ബാങ്കിന്റെ ഔദ്യോഗിക ഉത്ഘാടനം അസിസ്റ്റൻറ് രജിസ്ട്രാർ ശ്രീ മുഹമ്മദ് ഈസാറാവുത്തർ കാവുംഭാഗത്തെ മാടപ്പാട് കെട്ടിടത്തിൽ 5-10-1970-ൽ നടത്തി. ആദ്യ പ്രസിഡൻറ് പ്രൊഫ: പി.കെ ശ്രീധരൻ നായരും, സെക്രട്ടറി ശ്രീ മാടപ്പാട്ട് അരവിന്ദാക്ഷൻ നായരും ആയിരുന്നു.

അടുക്കം പട്ടികവർഗ്ഗ സർവ്വീസ്സൊസൈറ്റിയും ഇതിന് മുൻപുതന്നെ പ്രവർത്തനം ആരംഭിച്ചിരുന്നു. 1956- മാർച്ച് 26-നാണ് ഇത് ആരംഭിച്ചത്. തലനാട് ഗ്രാമ പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗവികസന ബാങ്കാണിത്.

തലനാട് സർവ്വീസ് സഹകരണ ബാങ്ക് - 1970- ൽ ആരംഭിച്ചു.

ആകെ അംഗങ്ങൾ	- 2765
ഓഹരി വില	- Rs. 25
അംഗീകൃത ഓഹരിമൂലധനം	- 1905000
പിരിഞ്ഞ മൂലധനം	- 878418
സർക്കാർ ഓഹരി	- 177100

പരമാവധി കടം

എടുക്കാവുന്ന തുക.	- 33174260
നിക്ഷേപം- സ്ഥിരം	- 5331610.50
ഹ്രസ്വകാലം	- 1436012.36

കൃഷിയ്ക്ക്

ഏത്തവാഴ	-1649192.00
കിണർ പമ്പ്	- 209706.00
റബ്ബർ കൃഷി	- 409330.00
റബ്ബർ റോളർ	- 32029.00
ആകെ	- 2300257.00
സാധാരണ വായ്പ	- 3232093.00
സ്വർണ്ണപ്പണയം	- 1220690.00
	- 4452783.00
I.R.D.P	- 188335.00

കിട്ടാനുള്ളത്

കാർഷികം	- 405042.00
സ്വർണ്ണപ്പണയം	- 99445.00
I.R.D.P	- 28278.00
സാധാരണ	- 763235.00

ചിലവ്

Establishment	- 234785
Contingency	- 1145636

അടുക്കം ഗിരിവർഗ്ഗ സർവ്വീസ് സൊസൈറ്റി.

ആരംഭിച്ച വർഷം.	- 26-3-1956
ആകെ അംഗങ്ങൾ	- 979
ഓഹരി വില Rs.	- 10
അംഗീകൃത മൂലധനം	- 140000
പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം.	- 38740
സർക്കാർ ഓഹരി	- 100000
കടം എടുക്കാവുന്ന തുക	- 5000
നിക്ഷേപം- സ്ഥിരം	- 7000
ഹ്രസ്വകാലം	- SB/ AC Rs. 5448
കാർഷിക വായ്പ	- ഇല്ല
മറ്റു വായ്പ M.T.LOAN	- 71258

പ്രത്യേക ഇനം ഇല്ല

കിട്ടാനുള്ളത് M.T.LOAN	- 56533

സാദ്ധ്യതകൾ

തലനാട് സഹകരണബാങ്കിന്റെ പ്രവർത്തനമേഖല തലനാട് പഞ്ചായത്ത് അതിർത്തിയാക്കുക. അടുക്കം, ചൊവ്വൂർ എന്നീ പ്രദേശങ്ങളിൽ ബാങ്കിന്റെ ബ്രാഞ്ചുകൾ ആരംഭിക്കുക. (വളം യൂണിറ്റ് അടുക്കത്ത് പ്രവർത്തിക്കുന്നുണ്ട്.) തലനാട് പഞ്ചായത്തിലെ പ്രായപൂർത്തിയായ എല്ലാവരെക്കൊണ്ടും അംഗത്വം എടുപ്പിക്കുക. റബ്ബർ പാൽ സംഭരണം, റബ്ബറിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചെറുകിട വ്യവസായങ്ങൾ, എന്നിവ വനിതകളെക്കൂടി ഉൾപ്പെടുത്തി ആരംഭിക്കുക. മറ്റു ചെറുകിട വ്യവസായങ്ങൾ സഹകരണ സംഘങ്ങൾ വഴി ആരംഭിക്കുക. ഹോം ഡിപ്പോസിറ്റുകൾ കൂടുതലായി തുടങ്ങുക. റബ്ബർ ഷീറ്റുകൾ എടുക്കുന്നതിനുള്ള സൗകര്യം സഹകരണ സംഘത്തിലാരംഭിക്കുക. ഗ്രാമ്പു, കാപ്പിക്കുരു മുതലായവ എടുക്കുന്നതിനുള്ള സംരംഭങ്ങൾ ത്വരിതപ്പെടുത്തുക.

മാവേലി സ്റ്റോർ ആരംഭിക്കുക.

പച്ചക്കറി കൃഷിക്ക് ധനസഹായം നൽകുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ക്ഷീര സഹകരണ സംഘങ്ങൾ ആരംഭിക്കുക.

ബാങ്ക് ലാഭകരമായി പ്രവർത്തിക്കുന്നതിനുള്ള നടപികൾ ആരംഭിക്കുക.

I.R.D.Pലോൺ കൂടുതൽ വിപുലപ്പെടുത്തുക.

ഹൗസിംഗ് ലോൺ സഹകരണ സംഘം ആരംഭിക്കുക.

കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള ബാങ്ക് വായ്പകൾ ആരംഭിക്കുക.

കാർഷിക മേഖലയും, സഹകരണ മേഖലയുമായി സഹകരിച്ച് സഹകരണ മേഖല കൂടുതൽ വ്യാപിപ്പിക്കുക.

ബാങ്കിന്റെ വായ്പാ പദ്ധതി ഉദാരമാക്കുക.

ബാങ്കിന്റെ കൊക്കോ സംഭരണ യൂണിറ്റ് തുടങ്ങുക.

ഏത്തവാഴ കൃഷിക്കുള്ള വായ്പാ തുക വർദ്ധിപ്പിക്കുക.

ചെറുതും വലുതുമായ ചിട്ടികൾ ആരംഭിക്കുക.

സഹകരണ മേഖലയിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും സംസ്കരിച്ച പഴം, പച്ചക്കറി ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണ യൂണിറ്റും ആരംഭിക്കുക.

കുടിൽ വ്യവസായത്തിന് സഹകരണ സംഘങ്ങൾ പ്രോത്സാഹനം കൊടുക്കുക.

ഡിപ്പോസിറ്റുകൾ മറ്റു ബാങ്കുകളിൽ കൊടുക്കാതെ ഈ സംഘത്തിൽ പരമാവധി നിക്ഷേപിക്കാൻ പ്രോത്സാഹിപ്പുക്കുക.

വാഹന വായ്പകൾ ആരംഭിക്കുക.

കൊപ്ര ആട്ടുന്ന യൂണിറ്റ്, കൈത്തറി യൂണിറ്റ് (നെയ്ത്ത്) എന്നിങ്ങനെയുള്ള യൂണിറ്റുകൾ തുടങ്ങുക.

പഴം പച്ചക്കറി വ്യാപാരം സഹകരണമേഖലയിൽ ആരംഭിക്കുക.

തൊഴിലവസരം കൂടുതൽ ലഭിക്കുന്നതിനുള്ള ഗ്രാമത്തിലുള്ള അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.

ഗ്രാമ്പൂ തൈല നിർമ്മാണം സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായുക

പ്രശ്നങ്ങൾ

1. ലോണുകൾ യഥാസമയം തിരിച്ചടയ്ക്കാത്തതിനാൽ ബാങ്ക് പ്രവർത്തനം മന്ദീഭവിക്കുന്നു.

2. ലോണുകൾ കൂടുതൽ ആളുകൾക്ക് കൊടുക്കുവാൻ കഴിയുന്നില്ല.

3. ഈ ബാങ്കിന്റെ പരിധിയിൽ തന്നെയുള്ള ഡിപ്പോസിറ്റുകൾ മറ്റു ബാങ്കുകളിൽ എത്തുന്നത് ഇവിടുത്തെ നിക്ഷേപം കുറയാൻ കാരണമാവുന്നു.

4. എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ളതും യാത്രാ സൗകര്യങ്ങൾ തീരെ കുറഞ്ഞതുമായ 6,7,8 വാർ ഡുകളിൽ നിന്നുള്ള വർക്ക് ബാങ്കുമായി ബന്ധപ്പെടുവാൻ കഴിയാത്തതിനാൽ ഈ സഹകരണ ബാങ്ക് മേഖലയിലെ ആളുകൾ മറ്റുബാങ്കുകളിൽ പോകുന്നു.

5. ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഇടപാടുകാർക്ക് കാലതാമസം വരുന്നു.

V II

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

തലനാടു പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ കൂടുതൽ കുടുംബങ്ങളും പഞ്ചായത്തിന്റെ മലമ്പ്രദേശങ്ങളിൽ താമസിക്കുന്നു. എങ്കിലും മറ്റുള്ള സമുദായാംഗങ്ങളുമായി ഇടപഴകി ജീവിക്കുകയും ആഘോഷവേളകളിൽ പരസ്പരം സഹകരിക്കുകയും ചെയ്യുന്നു. വിദ്യാഭ്യാസപരമായി വളരെയധികം മുൻപോട്ടുപോയിട്ടുണ്ടെങ്കിലും സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ ഇവർ പിന്നിൽ തന്നെയാണ്. കാർഷിക മേഖലയിലാണ് ഇവർ കൂടുതലും തൊഴിലെടുക്കുന്നത്. സ്ത്രീകളും വിദ്യാഭ്യാസമുള്ളവരാണെങ്കിലും വീട്ടുജോലികളും മാത്രം ചെയ്ത് ജീവിക്കുന്നു.

പഞ്ചായത്തിലെ ആദ്യതാമസക്കാരാണ് ഇവിടത്തെ പട്ടികവർഗ്ഗക്കാർ. ഇവരിൽ കൂടുതലും മലയരയ ഹിന്ദുക്കളും, മലയരയ ക്രിസ്ത്യാനികളുമാണ്. നൂറ്റാണ്ടുകൾക്കു മുൻപു തന്നെ അവർ കൂട്ടുകുടുംബങ്ങളായി താമസിച്ചിരുന്നു. പ്രധാനകുടുംബങ്ങൾ പുവത്താനി അരയ, ഈറ്റയ്ക്കൽ അരയ കുടുംബങ്ങളായിരുന്നു. കൃഷിയായിരുന്നു മുഖ്യതൊഴിൽ. ഈറ, ചൂരൽ എന്നിവ കൊണ്ടുള്ള ഉൽപ്പന്നങ്ങളും നിർമ്മിച്ചിരുന്ന ഇവർക്ക് സമൂഹത്തിൽ നിന്നും ഏറെ യാതനകൾ ഏൽക്കേണ്ടിവന്നിട്ടുണ്ട്. സാമൂഹിക ഉച്ചനീചത്വവും നിലനിന്നിരുന്നു. 1832-ൽ റവ: എ. എഫ്. പെയിൻറർ സായിപ്പ് ചൊവ്വൂർ, അടുക്കം, വെള്ളാനി പ്രദേശങ്ങളിൽ വന്നതിന്റെ ഫലമായി കുറെ മലയരയർ മതപരിവർത്തനം ചെയ്ത് ക്രിസ്ത്യാനികളായി.

പട്ടികജാതിക്കാർ മറ്റുള്ളവരെപ്പോലെ ഇവിടെ കുടിയേറിയവരാണ്.

ജനസംഖ്യ :- പഞ്ചായത്തിലെ ജനസംഖ്യയിൽ 16.5% പട്ടികവർഗ്ഗക്കാരും 4.7% പട്ടികജാതിക്കാരുമാണ്. പട്ടികവർഗ്ഗക്കാരുടെ ജനസംഖ്യയിൽ സ്ത്രീകളാണ് കൂടുതൽ 51.3%

പട്ടിക വർഗക്കാരിൽ കൂടുതൽ ആളുകളും 3, 5, 6, 7, 8 വാർഡുകളിലാണ് താമസിക്കുന്നത്. തമിഴ്നാട്ടിൽ നിന്നും വന്ന പട്ടിക വിഭാഗക്കാർ തീക്കോയി റബർ എസ്റ്റേറ്റിൽ പണിയെടുത്ത് താമസിക്കുന്നു.

മേലടുക്കം അംബേദ്കർ കോളനി

പഞ്ചായത്തിലെ 6, 7 വാർഡുകളിലെ പട്ടിക വർഗക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശം ഉൾപ്പെട്ടതാണ് മേലടുക്കം അംബേദ്കർ കോളനി. ഇവിടെ 146 കുടുംബങ്ങൾ ഉണ്ട്.

ചൊവ്വൂർ (iHDP) കോളനി

3-ാം വാർഡിലെ ചൊവ്വൂർ പ്രദേശം 1995-ലാണ്. IHDP പദ്ധതിയിൽ പെടുത്തിയത്. ഇവിടെ 60 കുടുംബങ്ങളുണ്ട്.

വെള്ളാനി പട്ടികവർഗ കോളനി

ഈ കോളനിയിൽ 40 കുടുംബങ്ങളാണുള്ളത്.

മുട്ടം കോളനി

ഈ കോളനിയിൽ 8 കുടുംബങ്ങളാണ് താമസിക്കുന്നുണ്ട്.

ഈ പ്രദേശങ്ങളിലൊന്നും വികസനപ്രവർത്തനങ്ങളൊന്നും കാര്യമായി നടന്നിട്ടില്ല.

പട്ടിക ജാതിക്കാർ എല്ലാ വാർഡുകളിലുമായി താമസിക്കുന്നു.

വിദ്യാഭ്യാസം

1901-ൽ ചൊവ്വൂരും, 1906-ൽ അടുക്കത്തും C.M.S. L.P. സ്ക്കൂൾ ആരംഭിച്ചു. ഇവിടെ പഠിപ്പിക്കുന്നതിനായി മാവേലിക്കര, കോട്ടയം എന്നീ പ്രദേശങ്ങളിൽ നിന്നും അദ്ധ്യാപകർ വന്നിരുന്നു. ഈ സ്ക്കൂളുകൾക്ക് സർക്കാർ സഹായവും ലഭിച്ചിരുന്നു. അടുക്കത്തെ സ്ക്കൂൾ അദ്ധ്യാപകന്റെ അനാസ്ഥമൂലം നിർത്തേണ്ടിവന്നു. പിൽക്കാലത്ത് ഉണ്ടായ സ്കൂളാണ് അടുക്കം ഗവ: ഹൈസ്ക്കൂൾ.

അക്കാലത്ത് ലോവർ പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം തുടർ വിദ്യാഭ്യാസത്തിനു ദൂരെ സ്ഥലങ്ങളിൽ പോകണമായിരുന്നു.

ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾ പഠിക്കുന്ന സ്ക്കൂളുകളുടെ നിലവാരം ഉയർത്തിയാൽ മാത്രമേ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഇവരെ സഹായിക്കുവാൻ സാധിക്കുകയുള്ളു. പട്ടിക വർഗക്കാരുടെ മക്കൾ 75%വും പഠിക്കുന്ന അടുക്കം ഗവ. ഹൈസ്ക്കൂളിൽ 1993-ൽ S. S. L. C. പരീക്ഷയിൽ 100% വിജയം ഉണ്ടായി. അദ്ധ്യാപകരുടേയും P. T. A.യുടേയും ശ്രമഫലമായാണ് ഇത് സാധിച്ചത്.

S. S. L. C. ക്കുശേഷം ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിനു പോകുന്ന കുട്ടികളുടെ എണ്ണം ഇപ്പോഴും വളരെ കുറവാണ്. അതുകൊണ്ട് സമീപ ഭാവിയിൽ അവർ സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ കാര്യങ്ങളിൽ നിന്ന് പിൻതള്ളപ്പെട്ടുപോകുവാൻ സാദ്ധ്യതയുണ്ട്.

തൊഴിൽ, സ്ഥലം, ഭവനം

ഇവരിൽ ഭൂരിഭാഗവും കൃഷിക്കാരാണ്. എന്നാൽ കൂടുതൽ ആൾക്കാരും കൂലിപ്പണിക്കുപോകുന്നു. 95% ഒരു ഹെക്ടറിൽ കുറവു സ്ഥലമുള്ളവരാണ്. കൂടുതൽ ആൾക്കാരുടേയും വീടുകൾ വിവിധ സർക്കാർ ഏജൻസികളിൽ നിന്നുമുള്ള സാമ്പത്തിക സഹായം കൊണ്ട് വച്ചവയാണ്. സാമ്പത്തിക സഹായം വളരെ പരിമിതമായതിനാൽ ഇങ്ങനെ പണിത വീടുകൾ കയറികിടക്കാൻ ഒരിടം മാത്രമായേ കാണുവാൻ സാധിക്കുകയുള്ളു. ലഭിച്ച തുകയിൽ കൂടുതലും സാധനസാമഗ്രികളുടെ കൊണ്ടുവരവിനു ചെലവാക്കേണ്ടിവരുന്നു.

സാമൂഹികം, സാമ്പത്തികം

സാമൂഹിക സാമ്പത്തിക രംഗത്ത് ബഹുദൂരം പിൻതള്ളപ്പെട്ടിരിക്കുന്ന വിഭാഗക്കാരായ പട്ടികജാതി പട്ടികവർഗക്കാർക്ക് ധാരാളം ആനുകൂല്യങ്ങളും ഗവൺമെൻറ് നൽകിവരുന്നു. തലനാടു ഗ്രാമ പഞ്ചായത്തിലും ഈ വിഭാഗം ജനങ്ങളും മൊത്തം ജനസംഖ്യയുടെ ഗണ്യമായ ഒരു ഭാഗമാണ്. താഴ്ന്ന വരുമാനക്കാരായ ഈ ആളുകൾക്ക് വീടുകളും വയ്ക്കുന്നതിനും, മൃഗങ്ങളെ വാങ്ങിക്കുന്നതിനും ധനസഹായം ലഭിക്കുന്നുണ്ട്. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ സൗരോർജ്ജ വിളക്കുകളും നൽകിവരുന്നു. ഇതു സംബന്ധിച്ച പട്ടിക കാണുക.

1995-96 ലെ കണക്ക് I H D P യൂണിറ്റ് (പശ്ചിമഘട്ടം മാത്രം)

വീട്	I H D P കോളനിയിൽ വിതരണം ചെയ്തത്	പശു കിടാവുകളും	ആട്	വിളക്കുകളും സൗരോജ്ജ വിളക്ക്
ഓല മേയാൻ സഹായം	8 കുടുംബത്തിന് (95–96) 14 കുടുംബത്തിന് (96–97)	17	മൃഗാശുപത്രിയിൽ നിന്ന് 23 ബ്ലോക്കുതലത്തിൽ $8 \times 2 = 16$	വെള്ളാനിയിൽ വിതരണം ചെയ്തത് 60 വീടുകളിൽ

വൈദ്യുതി, ആരോഗ്യം, കുടിവെള്ളം

മേലടുക്കം അംബേദ്കർ ഗ്രാമത്തിൽ മാത്രമേ വൈദ്യുതി ലഭ്യമായിട്ടുള്ളു. ചൊവ്വൂർ, വെള്ളാനി പ്രദേശങ്ങളിൽ വൈദ്യുതി ഇതുവരെ എത്തിയിട്ടില്ല. ചൊവ്വൂർ കോളനിയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തിയായതാണ്. എന്നാൽ ഇതുവരെയും ഈ പദ്ധതി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. വെള്ളാനിയിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

ഈ കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിനു നല്ല സ്രോതസുകളുണ്ട് എന്നാൽ നല്ല പ്ലാനുകളും ഇല്ലാതെ നിർമ്മിച്ച പല കുടിവെള്ള പദ്ധതികളും കോളനികൾക്കു ശാപമായി തീർന്നിരിക്കുന്നു.

കോളനികളിൽ മേലടുക്കത്തു മാത്രമേ ഒരു കുടുംബക്ഷേമ കേന്ദ്രമുള്ളു. ഇത് വളരെ അപര്യാപ്തവുമാണ്. ആരോഗ്യകേന്ദ്രങ്ങളും ഈ കോളനിയിൽ അത്യാവശ്യമാണ്.

ഗതാഗതം

കൂടുതൽ ആളുകളും മലമ്പ്രദേശങ്ങളിൽ താമസിക്കുന്നതുകൊണ്ട് ഗതാഗതസൗകര്യം കുറവാണ്. ഇവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് യഥാർത്ഥ വിലയുടെ 40% പോലും ലഭിക്കുന്നില്ല. അതിനാൽ പ്രശ്നപരിഹാരത്തിൽ മുഖ്യപരിഗണന ഗതാഗതവികസനത്തിനു നൽകേണ്ടതാണ്.

കൂടുതൽ പട്ടിക വിഭാഗക്കാർ അംഗങ്ങളായിട്ടുള്ള ലൈബ്രറി, മഹിളാസമാജം തുടങ്ങിയ സ്ഥാപനങ്ങളിൽ മറ്റു വിഭാഗക്കാർകൂടി അംഗങ്ങളായതുകൊണ്ട് ഈ സ്ഥാപനങ്ങൾക്ക് പട്ടിക വിഭാഗക്കാർക്കു ലഭിക്കുന്ന ആനുകൂല്യം ലഭിക്കുന്നില്ല. സ്ത്രീകളിൽ കൂടുതലും തൊഴിൽ രഹിതരാണ്. ഇവരുടെ ഉന്നമനത്തിനുവേണ്ടി സ്വയംതൊഴിൽ പദ്ധതികളും രൂപീകരിക്കേണ്ടതാണ്. ഈറ, ചൂരൽ തുടങ്ങിയവകൊണ്ടുള്ള ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നവരും പരമ്പരാഗത വൈദ്യ ചികിൽസ നടത്തുന്നവരും ഇവർക്കിടയിലുണ്ട്.

പ്രശ്നങ്ങൾ

1 പല സർക്കാർ സ്ഥാപനങ്ങളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് യഥാർത്ഥ വിവരം ലഭിക്കുന്നില്ല.

2 വിദ്യാഭ്യാസത്തിൽ ഇപ്പോഴും ഇവർ പിന്നിലാണ്. പ്രത്യേകിച്ച് ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തിൽ

3 ആനുകൂല്യങ്ങളും കൊടുക്കുമ്പോഴും സങ്കീർണ്ണമായ നിബന്ധനകളും

4 കൃഷിയിലുള്ള ഉൽപ്പാദനകുറവു കാരണം വരുമാനം കുറവ്

5 ഫണ്ടുകളും വർഷാവസാനം ചെലവഴിച്ച് ലക്ഷ്യം തികയ്ക്കാൻ ശ്രമിക്കുമ്പോഴും യഥാർത്ഥ ഉപഭോക്താക്കൾക്ക് സഹായം ലഭിക്കുന്നില്ല.

6 സ്ഥലത്തിന് പട്ടയം ഇല്ലാത്തതിനാൽ വീടുവയ്ക്കുവാനും മറ്റുമുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

7 മലമ്പ്രദേശങ്ങളിൽ താമസിക്കുന്നതുകൊണ്ട് ഗതാഗതസൗകര്യത്തിനു കൂടുതൽ മുതൽ മുടക്കേണ്ടിവരുന്നു.

8 സ്ത്രീകൾക്ക് തൊഴിൽഇല്ലാത്തതുകൊണ്ട് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുന്നില്ല

സാദ്ധ്യതകൾ

1 പട്ടിക വിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങളും മറ്റും നൽകുന്ന വിവിധ വകുപ്പുകളുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുക

2 സാമ്പത്തിക സഹായത്തിനുള്ള നിബന്ധനകൾ ലഘൂകരിക്കുക

3 മുൻപ് സർക്കാരിൽ നിന്നും നൽകിയ വീടുകൾക്കു അറ്റകുറ്റ പണികൾക്കുള്ള തുക അനുവദിക്കണം

4 സർക്കാർ അംഗീകാരമുള്ള സ്വകാര്യസ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കു ലംപ്സംഗ്രാന്റും, സാമ്പത്തിക സഹായവും ലഭ്യമാക്കുക

5 പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ധാരാളമായി പഠിക്കുന്ന അടുക്കം ഗവ: ഹൈസ്കൂളിനു സമീപം Tribal Hostel ഏർപ്പെടുത്തുക. ഇത് പഠന നിലവാരം മെച്ചപ്പെടുത്താൻ സഹായിക്കും.

6 ചേരിപ്പാട് ഭാഗത്ത് താമസിക്കുന്ന ദളിത് ക്രൈസ്തവർക്ക് പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്കുള്ള ആനുകൂല്യം നൽകുക. അവരുടെ കോളനിയിലും ഹരിജൻ കോളനികൾക്കു ലഭിക്കുന്ന ആനുകൂല്യം ലഭ്യമാക്കുക

7 സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങളും, കറിപൗഡറും നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുക

8 കുടിൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായി അനുവദിക്കുകയും ചെയ്യുക

9 പട്ടികജാതി സർവ്വീസ് സഹകരണ സംഘം ആരംഭിക്കുക.

10 പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.

11 വായനശാലകൾ സ്ഥാപിക്കുക.

12 ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിൽ ടി. വി. സെറ്റുകൾ സ്ഥാപിക്കുക.

13 ഇവർക്കായി ഗവൺമെന്റുതലത്തിലും അല്ലാതെയും കിട്ടാവുന്ന ആനുകൂല്യങ്ങൾ ഏതൊക്കെയെന്ന് മനസിലാക്കിക്കൊടുക്കുക.

V 12

ടൂറിസം

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഗ്രാമമാണ് തലനാട്. നയനമോഹനമായ പ്രകൃതി ഭംഗി. പ്രകൃതിയുടെ വരദാനമായ ശുദ്ധവായു, ശുദ്ധജലം ഒപ്പം മിതശീതോഷ്ണ കാലാവസ്ഥയും. അന്യം നിന്നുകൊണ്ടിരിക്കുന്ന അപൂർവ്വയിനം പക്ഷികൾ, ചെറു മൃഗങ്ങൾ (ജൈവ വൈവിധ്യം എന്ന അദ്ധ്യായം കാണുക) ഒരുകാലത്തും ഹരിതാഭ നഷ്ടമാകാത്ത മലഞ്ചെരിവുകളിൽ നിന്ന് പതഞ്ഞൊഴുകുന്ന കാട്ടരുവികൾ ഇവയൊക്കെ ഗ്രാമഭംഗി അളവറ്റതാക്കിതീർക്കുന്നു. കാലഭേദമില്ലാതെ സഞ്ചാരികളെ ആകർഷിക്കുന്ന സൗന്ദര്യഭൂമിയാണു തലനാട്.

അയ്യമ്പാറ

പഞ്ചപാണ്ഡവന്മാർ വനവാസകാലത്ത് ഇവിടെ ഗുഹകളിൽ താമസിച്ചിരുന്നു എന്നാണ് ഐതീഹ്യം. അഞ്ചുപേർ താമസിച്ചതുകൊണ്ടു അയ്യമ്പാറ എന്നുപേരുകിട്ടി. ഇവിടെ അയ്യപ്പക്ഷേത്രവും സ്ഥിതിചെയ്യുന്നുണ്ട്. അയ്യപ്പൻ വസിക്കുന്ന മലയായതുകൊണ്ട് അയ്യമ്പാറ എന്ന പേരുവന്നെന്നും പറയപ്പെടുന്നു. ഇരുപതോളം ഏക്കറുകളിൽ വ്യാപിച്ചുകിടക്കുന്ന ഈ പാറക്കൂട്ടം സമുദ്രനിരപ്പിൽ നിന്നു രണ്ടായിരത്തോളം അടി ഉയരത്തിലാണ്

അനന്തമായി വ്യാപിച്ചുകിടക്കുന്ന നീലച്ച മലനിരകളും, ആലക്തികപ്രഭയിൽ കുളിച്ചുനിൽക്കുന്ന നഗരസമൂഹങ്ങളുടെ നിശാദൃശ്യവും, വർഷകാലങ്ങളിൽ മലമുടികളിൽ നിന്നു പതഞ്ഞൊഴുകുന്ന അരുവികളും, അയ്യമ്പാറയുടെ ഭംഗി അനുപമമാക്കുന്നു. ഇവിടുത്തെ അസ്തമയക്കാഴ്ച പ്രസിദ്ധമാണ്. ചക്രവാളസീമവരെ കാണാൻ കഴിയുന്നതിനാൽ പടിഞ്ഞാറു കപ്പൽ ചാലുകാണിക്കുന്ന ദീപവും വിളക്കുമരവും കാണാം. പ്രകൃതിയുടെ സ്നേഹപ്രവാഹം പോലെ സദാ തഴുകിത്തലോടുന്ന കുളിർകാറ്റ് നല്ലയൊരനുഭൂതിയുണർത്തും. ജൂൺ ജൂലൈ മാസങ്ങളിലെ മഴയോടൊപ്പം അതിഥികളായെത്തുന്ന മൂടൽമഞ്ഞാണ് മറ്റൊരാകർഷണം.

ഇല്ലിക്കക്കല്ല്

സമുദ്രനിരപ്പിൽനിന്നും ഉദ്ദേശം അയ്യായിരത്തോളം അടിഉയരത്തിൽ സ്ഥിതിചെയ്യുന്നു. സാഹസികരായ സഞ്ചാരികൾക്ക് എന്നും ഒരുവെല്ലുവിളിയാണ്, മഴമേഘങ്ങളോടു സല്ലപിക്കുന്ന ഈ കൊടുമുടി പ്രപഞ്ചസൗന്ദര്യത്തിന്റെ അപാരത, വിശാല ദൃശ്യങ്ങളിലൂടെ വെളിവാക്കിത്തരാൻ കഴിയുന്ന മറ്റൊരു കൊടുമുടി കിഴക്കൻ പ്രദേശത്തില്ലതന്നെ.

ഇല്ലിക്കൽകല്ല്

ഇതു സമുദ്രനിരപ്പിൽ നിന്നും ഏകദേശം അയ്യായിരത്തോളം അടി ഉയരത്തിൽ തല ഉയർത്തി നിൽക്കുന്നതും വളരെയേറെ മനോഹരവുമായ ഒരു കൊടുമുടിയാണ്. മങ്കൊമ്പ് ഭാഗത്തുനിന്നും പഴുക്കാക്കാനം ഭാഗത്തുനിന്നും അടുക്കം ഭാഗത്തുനിന്നും തലനാടുഭാഗത്തുനിന്നും ഇവിടേയ്ക്ക് എത്തിച്ചേരാം. വളരെയധികം മനോഹരമായ മറ്റനേകം കാഴ്ചകളും ഈ മലനിരകളിലുണ്ട്. പുള്ളിക്കാനം തോട്ടത്തിൻറേയും, പഴുക്കാക്കാനത്തിൻറെയും, ഇലവീഴാ പൂഞ്ചിറയുടേയും വിദൂര ദൃശ്യങ്ങളും ആരെയും ആകർഷിക്കും. ഇല്ലിക്കൽമലയിലെ നീലകൊടുവേലി ഐശ്വര്യവും സമ്പത്തും നൽകുന്നു എന്ന കെട്ടുകഥ നമ്മുടെ താലൂക്കിലാകെ പ്രചരിച്ചിരുന്നു. ദുർഗ്ഗമമായ പാറക്കെട്ടുകൾക്കിടയിലൂടെ മേഘങ്ങളെ മുട്ടിയുരുമ്മി തലയുയർത്തി നിൽക്കുന്ന ഇല്ലിക്കൽ മലമുകളിൽ നിന്നാൽ അറബിക്കടൽ, ആച്ചപ്പുഴയിലെ ലൈറ്റ്ഹൗസ് തുടങ്ങിയവ കാണാനാവും. മലമുകളിൽ കൂനൻകല്ല്, കുടക്കല്ല് എന്നീ ഉയർന്ന പാറകൾ കാണപ്പെടുന്നു. കുടക്കല്ലിൻ മുകളിൽ കയറിപറ്റിയവർ രണ്ടോ, മൂന്നോ പേർ മാത്രമേയുള്ളൂ. കുടം പോലെ ഇല്ലിക്കൽ കല്ലിന് മുകളിൽ യന്ത്രസഹായത്താൽ എടുത്തുവച്ചതു പോലെ കാണപ്പെടുന്ന കുടക്കല്ല് സാഹസികർക്കു മുന്നിൽ വെല്ലുവിളിയുയർത്തി നിൽക്കുന്നു.

മാർമല അരുവി

തലനാട് പഞ്ചായത്തിൻറെ കിഴക്ക് ഭാഗത്ത് വെള്ളാനിയോടു ചേർന്നു കിടക്കുന്ന ഒരു വലിയ വെള്ളച്ചാട്ടമാണ് "മാർമല അരുവി" ഇത് വളരെയേറെ പ്രസിദ്ധമാണ്. ഈ അരുവിയിൽ തീക്കോയിൽ കൂടിയും വെള്ളാനി റോഡിൽ കൂടിയും എത്തിച്ചേരാം. മനോഹാരിതയിൽ പൂന്തേനരുവി, വാളറ വെള്ളച്ചാട്ടം എന്നിവയുടെയൊക്കെ ഒപ്പം നിൽക്കുന്നതാണ് ഈ ജലപാതം. മാർമലവരെ മേൽപ്പറഞ്ഞ ഇല്ലിക്കൽ അയ്യമ്പാറ എന്നീ സ്ഥലങ്ങളുമായി കൂട്ടിയിണക്കുന്ന റോഡ് ഉള്ളതിനാൽ ടൂറിസ്റ്റുകൾക്ക് ഇവിടെ എത്തി തിരികെ പോകാൻ വളരെയേറെ സൗകര്യമാണ്.

വർഷംതോറും എത്തുന്ന ടൂറിസ്റ്റുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ഇല്ലെങ്കിലും ഏകദേശ കണക്കുകൾ ഉണ്ട്. യഥാർത്ഥ കണക്കുകളെക്കാൾ കുറവാണെന്നു വേണം പറയാൻ.

കോളേജുകൾ, ഹൈസ്ക്കൂളുകൾ എന്നിവിടങ്ങളിൽ നിന്നുമാണ് അധികം ടൂറിസ്റ്റുകളും എത്തുക. ഈ പ്രദേശത്തുള്ള സൗകര്യങ്ങൾ നോക്കാം. വഴികൾ ഉള്ളതിനാൽ യാത്ര എളുപ്പമാണ്. വാഹനം എത്തുന്ന സ്ഥലങ്ങളാണ് മാർമലയും, അയ്യമ്പാറയും. ഇല്ലിക്കൽകല്ലിൻറെ താഴെ 3 കി. മീ. അകലെ വരെ ആളുകൾക്ക് വാഹനത്തിൽ എത്തിച്ചേരാം.

സാധ്യതകൾ


1 കോട്ടേജുകൾ നിർമ്മിക്കാൻ അയ്യമ്പാറയിലും മാർമലയിലും സൗകര്യമുണ്ട്.

2 ടൂറിസം ഇൻഫൊർമേഷൻ സെൻറിൽ ഈ സ്ഥലങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകിയാൽ അവിടെയെത്തുന്ന നൂറൊരു ശതമാനം ടൂറിസ്റ്റുകൾക്ക് ഈ പ്രദേശങ്ങൾ കണ്ട് പോകാവുന്നതാണ്. ഇത്തരത്തിൽ എത്തുന്ന ടൂറിസ്റ്റുകളെ സഹായിക്കാൻ

ഗൈഡുകളുടെ സഹായം നേടാവുന്നതാണ്. ട്രക്കിംഗിന് സൗകര്യം ഉള്ളതിനാൽ ഈ മൂന്ന് പ്രധാന സ്ഥലങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇൻഫൊർമേഷൻ സെൻററിൽ കൊടുക്കേണ്ടതാണ്. പ്രവേശന നികുതി കൂടി ഏർപ്പെടുത്തുക.

പ്രശ്നങ്ങൾ

ജലം, വൈദ്യുതി എന്നിവ ഈ പ്രദേശങ്ങളിൽ ഇല്ല. ഇത് ഏറെ അസൗകര്യങ്ങൾ ഉണ്ടാക്കും. ഗൈഡുകൾ ഉണ്ടാകണം. താമസ സൗകര്യം ഉണ്ടാക്കണം. വിളിക്കല്ല്, പക്ഷിപാതാളം, പുള്ളിക്കാനം, പഴുക്കാക്കാനം എന്നീ സ്ഥലത്തേയ്ക്ക് ടൂറിസ്റ്റുകളെ തിരിച്ചുവിടാനും ടൂറിസ്റ്റുകൾക്ക് എത്താനും സൗകര്യം ഉണ്ടാക്കണം. ഭക്ഷണം, വിശ്രമസൗകര്യം എന്നിവ ടൂറിസ്റ്റു സീസണിലെങ്കിലും മേൽപറഞ്ഞ സ്ഥലത്ത് ലഭ്യമാക്കണം. മൂലമറ്റത്തു നിന്നും ഒരു നാഷണൽ ഹൈവേ ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടിയാണ് കടന്നുപോകുന്നത്. ഈ റോഡ് പൂർത്തിയായാൽ ടൂറിസ്റ്റുകൾക്ക് ഇവിടെ എത്തിച്ചേരാൻ വളരെ സൗകര്യമാണ്.



വിഭവ സമാഹരണം

കോട്ടയം ജില്ലയിലെ വരുമാനം ഏറ്റവും കുറഞ്ഞ പഞ്ചായത്താണ് തലനാട് ഗ്രാമപഞ്ചായത്ത്. പഞ്ചായത്തിന്റെ വിസ്തീർണ്ണം 32 24 ച.കി.മീ. ആണെങ്കിലും ജനസംഖ്യ 7442 മാത്രമാണ്. ഇവരിൽ 47% ൽ കൂടുതൽ ആളുകളും ദാരിദ്രരേഖയ്ക്കു താഴെയുള്ളവരുമാണ്. ജനങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരാണ്.

കെട്ടിട നികുതിയും തൊഴിൽ നികുതിയുമാണ് പഞ്ചായത്തിന്റെ പ്രധാന വരുമാനം. പഞ്ചായത്തിന്റെ ഒരു വർഷത്തെ തനതു വരുമാനം (സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റ് ഒഴികെ) 197014 രൂപയാണ്. ഒരു വർഷത്തെ ഭരണച്ചിലവ് 293645 രൂപയും. എസ്സ്സ്റ്റാബ്ലിഷ്മെന്റ്ഗ്രാന്റായി ഒരു വർഷം ലഭിക്കുന്നത് 100574 രൂപയാണ്.

കഴിഞ്ഞ വർഷത്തെ ഗ്രാന്റ് തനതുവരുമാനം ഇവയെ സംബന്ധിച്ച പട്ടിക കാണുക.

വർഷം	Est. Grant	വർഷം	തനതുവരുമാനം
1986–87	25318.00	1986–87	176047.00
87–88	15823 00	87–88	18418.00
88–89	36658.00	88–89	19215.00
89–90	19334 00	89–90	19609.00
90–91	36645.00	90–91	151407 00
91–92	59060 00	91–92	263556.00
92–93	68608.00	92–93	24635.00
93–94	67203.00	93–94	189515.00
94–95	99189.00	94–95	257077.00
95–96	100574.00	95–95	197014.00

പ്രതിവർഷ വരുമാനത്തിന്റെ സ്ഥിതി മേൽപ്പട്ടികയിൽ നിന്നു തന്നെ വ്യക്തം ഗ്രാന്റും തനതു വരുമാനവും ഉൾപ്പെടുത്തിയാൽപ്പോലും ഭരണച്ചിലവ് വഹിക്കാൻ കഴിയാത്ത അവസ്ഥ പഞ്ചായത്തിനുണ്ടെന്നത് നിസ്തർക്കമാണ്. പുതിയ വരുമാന മാർഗ്ഗങ്ങളും ഇല്ല. ഇനി ചിലവിനങ്ങളും നോക്കാം.

ചിലവേറെ വരവ് തുച്ഛം അതുപോലെതന്നെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ഇല്ല. മാർക്കറ്റ് സിനിമാശാലകളും കടത്തുകടവ് ഷോപ്പിങ്ങ് കോംപ്ലക്സ് എന്നിങ്ങനെയുള്ള സ്ഥാപനങ്ങളും മറ്റും ഇല്ലെന്നുള്ള കാര്യം പ്രത്യേകം ഓർക്കേണ്ടതാണ്. എന്നുമാത്രമല്ല അവയ്ക്കുള്ള സാദ്ധ്യതയും തീരെ കുറവാണു താനും. 1986-ലെ കെട്ടിടനികുതിയിനത്തിൽ പിരിഞ്ഞ തുക 36858 95 രൂപയാണ്. 1996-ൽ 62816.00 പത്തുവർഷം കൊണ്ട് ഈ ഇനത്തിൽപ്പോലും വലിയമാറ്റം വന്നിട്ടില്ല. ഇതേ രീതിയിൽത്തന്നെയാണ് തൊഴിൽ നികുതിയിനത്തിലും വന്നിരിക്കുന്നത്.

ഭരണച്ചിലവ്	293945	42.75%
തെരുവുവിളക്ക്		
കറൻറുചാർജ്	13535	
വിദ്യാഭ്യാസആവശ്യത്തിന്	5137.80	50%
പഞ്ചായത്തിൽനിന്ന് ലൈബ്രറി	984.00	0.16%
പൊതുജനാരോഗ്യം	678.00	0 11%

ഈ കണക്കുകളും വസ്തുതകളും വിരൽ ചൂണ്ടുന്ന ചില കാര്യങ്ങളും ഉണ്ട്. ഈ ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നുമാത്രമല്ല ഇന്നത്തെ അവസ്ഥയാൽ മുൻപോട്ട പോകുന്നെങ്കിൽ നിത്യനിദാന ചെലവുകളും കൂടി ശരിയായ രീതിയിൽ നിർവ്വഹിക്കാൻ സമീപഭാവിയാൽ പഞ്ചായത്തിനു കഴിയില്ലെന്നു വരും. ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാരുടെ എണ്ണത്തിൽ വരുന്ന കുറവുമൂലം ഭരണ ചെലവ് കുറഞ്ഞിരിക്കുന്നു. എന്നാൽ ആവശ്യത്തിന് സ്റ്റാഫ് എത്തുന്നുവെങ്കിൽ ഇന്നത്തേതിനേക്കാളും ഭരണച്ചിലവ് കൂടിയിരിക്കും.

തനതു വരുമാനത്തിൽ ഗണ്യമായ വർദ്ധനവിനുള്ള സാദ്ധ്യത അതുകൊണ്ടുതന്നെ ആരായേണ്ടിയിരിക്കുന്നു. അതിനാൽ സാദ്ധ്യതകളെക്കുറിച്ചുതന്നെ ചിന്തിക്കാം.

1 പഞ്ചായത്തിൽ നിന്നു തന്നെ സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച് ഷോപ്പിങ്ങ് കോംപ്ലക്സ് പണിയുന്നുവെങ്കിൽ അത് ഒരു സ്ഥിരവരുമാനമാണ്.

2 ഒരു ഹെക്ടറിൽ കൂടുതലുള്ള റബ്ബർത്തോട്ടം ഉടമകളിൽ നിന്നും പ്ലാന്റേഷൻ നികുതി

ഈടാക്കുന്നതു വരുമാനം വർദ്ധിപ്പിക്കാൻ ഇടയാക്കും.

3 തോട്ടം തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഇനത്തിൽ ഒരു തുക അവരുടെ തൊഴിലിന്റെ സ്വഭാവമനുസരിച്ച് ഈടാക്കാവുന്നതാണ്.

4 കെട്ടിട നികുതി ഇനത്തിൽ ഇപ്പോൾ ചുമത്തിയിരിക്കുന്ന തുകയും പര്യാപ്തമാണോ എന്ന് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ നികുതി ഇനത്തിൽ വർദ്ധന ഉണ്ടാകും.

5 ടൂറിസ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ പ്രവേശന നികുതി ഇനത്തിൽ വരുമാനം ഉണ്ടാകും.

6 കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതു മൂലം അതിൽനിന്ന് നികുതി ലഭിക്കും.

7 വ്യാവസായ സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ വർദ്ധിപ്പിക്കാൻ പറ്റിയ സാഹചര്യം ഉണ്ടായാൽ അത്തരത്തിലും വരുമാന വർദ്ധനവ് ഉണ്ടാകും.

8 പല പദ്ധതികളും നടപ്പാക്കുന്നതിന് ധാരാളം തൊഴിലാളികളും ആവശ്യമാണ്. അതിന് പണച്ചിലവും ആവശ്യമാണ്. എന്നാൽ ആളുകളുടെ നിസ്വാർത്ഥമായ സഹകരണം ഉണ്ടായാൽ പല പദ്ധതികളും ഉദ്ദേശിക്കുന്ന തുകയേക്കാൾ കുറഞ്ഞ നിരക്കിൽ പൂർത്തിയാക്കാം അതുവഴി ചിലവു കുറയ്ക്കാനും കഴിയും.
പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ടന്ന സ്ഥലങ്ങളിൽ നിന്ന് രാജ്യത്തിനു പുറത്ത് ജോലി ചെയ്യുന്നവരിൽ നിന്നും സഹായം പ്രതീക്ഷിക്കാവുന്നതാണ്.

സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്ന് ആരംഭിക്കണം.
ഓരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങ
ളുള്ള ഓരോ റിപ്പബ്ലിക്കോ, പഞ്ചായത്തോ
ആകണം. ഓരോ ഗ്രാമവും പ്രതി
രോധമുൾപ്പെടെ എല്ലാ കാര്യ
ങ്ങളും നടത്തത്തക്ക വിധം
സ്വയം പര്യാപ്തമാ
യിരിക്കണം.

മഹാത്മാഗാന്ധി

VI

ഉപസംഹാരം

പൈതൃക സങ്കൽപത്തിന്റെ മറവിൽനിന്നുകൊണ്ട് സാങ്കല്പിക ഭൂതത്തെ ആശ്ലേഷിക്കുന്ന പുനരുജ്ജീവനവാദത്തോടും, സാങ്കേതിക വിദ്യയും മൂലധനവും കൊണ്ടുമാത്രം ഒരു ജനതയുടെ ജീവിതത്തെ വികസിപ്പിക്കുവാൻ കഴിയുമെന്ന ശാസ്ത്രവാദത്തോടും കണക്കു തീർക്കാതെ, വികസനവും സംസ്കാരവും സംബന്ധിച്ച അന്വേഷണം അസാധ്യമാണ്. ജനങ്ങളുടെ ഇച്ഛാശക്തിയെ കെട്ടഴിച്ചു വിടുന്നതായ ഒരു വികസന ന്യായത്തിനാണ് ഇന്ന് ഊന്നൽ കൊടുക്കേണ്ടത്. ഉദ്പാദനരംഗം 'മാനവികവത്കരണത്തിന്' വിധേയമാക്കി വളർത്തുക എന്നതും ഇന്ന് അവശ്യംവേണ്ട ഒന്നാണ്.

മേൽപറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ വികസനരംഗത്ത് ഒട്ടേറെ കാര്യങ്ങളം ചെയ്യേണ്ടതുണ്ട്. സ്വന്തം സ്മരണകളെപ്പോലും കയ്യൊഴിക്കുന്ന തിരക്കിലാണ് നാമിപ്പോൾ. എന്തിന്റെയും പരസ്യമായി മാറാൻ കഴിയുന്ന സംസ്കാരത്തിന്റെ വേഗത്തിലുള്ള രൂപവത്കരണമാണ് നടന്നുകൊണ്ടിരിക്കുന്നത്. സർവ്വ ജനവിരുദ്ധതകളെയും ജീവിതത്തിന്റെ പതിവുകളായി അംഗീകരിക്കാനും, ഒന്ന് ഒച്ചവയ്ക്കുകപോലും ചെയ്യാതെ എല്ലാ കെട്ടുകാഴ്ചകളെയും വാരിപ്പുണരാനും വേഗത്തിൽ പരിശീലിച്ചുകൊണ്ടിരിക്കുകയാണ് നാം.

'ഒന്നും ഒരിക്കലും ശരിയാവില്ല', 'എന്തു സംഭവിച്ചാലും എനിക്കൊന്നുമില്ല' തുടങ്ങിയ വിശ്വാസങ്ങളും പ്രഖ്യാപനങ്ങളും പതിവായി വളർത്തിയെടുത്തിരിക്കുന്നു. തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരിൽ ഭാവിയെക്കുറിച്ചുള്ള ആശങ്ക ചൂഴ്ന്നു നിൽക്കുന്നു.

ഇവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി. ജനങ്ങളുടെ കർമ്മശേഷിയെ ഉൽപാദന മേഖലയിലേയ്ക്ക് തിരിച്ചുവിടുന്നതിന് ആസൂത്രണ പ്രസ്ഥാനത്തിന് കഴിയണം.

വിദ്യാഭ്യാസ–ആരോഗ്യ രംഗത്തും സാമൂഹിക ക്ഷേമ രംഗത്തും കേരളം ഏറെ പുരോഗതി കൈവരിച്ചുവെങ്കിലും, ഉൽപാദന മേഖലകളായ കാർഷിക വ്യാവസായിക രംഗത്ത് കാര്യമായ പുരോഗതി നേടാൻ സാധിച്ചിട്ടില്ല. ചെറുകിട–ഇടത്തരം വ്യവസായങ്ങളം വളർത്തേണ്ടിയിരിക്കുന്നു. ഇതിനെല്ലാം സഹായമാവും വിധം പൊതുവിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ചേർന്ന് ഒരു വിദ്യാഭ്യാസരീതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനും, രോഗബാധിതരായ എല്ലാവരുടെയും അടുത്തേയ്ക്ക് ചികിൽസാസൗകര്യം എത്തിക്കുന്നതിനും നാം സ്വയം സമർപ്പിക്കണം.

വികസനപ്രവർത്തനത്തിൽ എല്ലാ രാഷ്ട്രീയ കക്ഷികളിലുംപെട്ടവർക്ക് ഒന്നിച്ചു നിൽക്കാൻ കഴിയുമെന്ന്, നമ്മുടെ ഗവൺമെൻറ് ആവിഷ്കരിച്ചു നടപ്പിലാക്കാൻ തുടങ്ങിയ ജനകീയ ആസൂത്രണ പ്രക്രിയയിൽ ദൃശ്യമായ ഐക്യം നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഇക്കാര്യത്തിൽ സ്ത്രീകളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ കഴിഞ്ഞു എന്നതും വലിയ നേട്ടമാണ്

സർക്കാർ പഞ്ചായത്തുകൾക്കു നൽകുമെന്നു പ്രഖ്യാപിച്ച 40% പദ്ധതി വിഹിതം മുൻകാലങ്ങളിലെ സാമ്പത്തിക നിലയുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ വലുതാണ്. വികസനരംഗത്ത് വൻനേട്ടങ്ങൾ കൊയ്യാൻ ഇതുകാരണമാകും. ഉല്പാദനവും ഉല്പാദനക്ഷമതയും ഉയർത്തേണ്ടിയിരിക്കുന്നു. സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും ദാരിദ്ര്യം തുടച്ചു നീക്കുകയും വേണം.

ജനകീയ ആസൂത്രണപ്രസ്ഥാനത്തിൽ പങ്കെടുക്കുന്ന ജനങ്ങളിൽ എല്ലാ കക്ഷികളിലും മതത്തിലും ജാതിയിലും പെട്ടവർ ഉണ്ട്. സ്ത്രീകളും പുരുഷന്മാരുമുണ്ട്. എല്ലാ ഭിന്നതകൾക്കും അതീതമായി ഉരുത്തിരിഞ്ഞുവരുന്ന വികസനത്തിനായുള്ള ഈ പ്രസ്ഥാനം മാറ്റത്തിന്റെ നാന്ദിയാണ്.

ഇന്നലെയുടെ നേട്ടങ്ങളുടെ സൃഷ്ടാക്കളായ ബഹുജനങ്ങൾ, ഇന്നിന്റെ വെല്ലുവിളികളെ ഏറ്റെടുക്കുന്ന മുഹൂർത്തം സമാഗതമായിരിക്കുന്നു. സ്ത്രീകളോടുള്ള അവഗണന അവസാനിപ്പിക്കുന്നതിനും സ്ഥായിയായ വികസനം ഉറപ്പു വരുത്തുന്നതിനും നമുക്കു മുന്നിട്ടിറങ്ങാം.

കെ. എച്ച്. ഇബ്രാഹിം
പ്രസിഡൻറ്
തലനാട് ഗ്രാമപഞ്ചായത്ത്



വികസന രേഖ തയ്യാറാക്കിയവർ

കെ. എച്ച് ഇബ്രാഹിം
രോഹിണിഭായ് ഉണ്ണികൃഷ്ണൻ
പി. വി. തോമസ്
അബ്ദുൽ റഹിം
ഫിലോ രാജൻ
വിനോദ് ചന്ദ്രൻ
സുരേഷ് ഇ. കെ.
ഷൈല മുട്ടത്ത്
നോബി നാരായണൻ
കെ. ഡി. കുര്യൻ
കെ. എസ്. രമണൻ
കെ. രാജു
മുഹമ്മദ് അസ്‌ലം
ലിസമ്മ ജെയിംസ്
ഐസക് മാത്യു
എം. എച്ച്. സുബൈർ
സി. കെ. കുമാരൻ
ഹംസ പാലേരി
ഇന്ദിരാ ശിവദാസ്
ജോർജ് ലാസർ
മേരിക്കുട്ടി മാത്യു
സിനി പി. ആർ
ഇന്ദിരാ ഗോപാലകൃഷ്ണൻ
ഉഷ പുളിയ്ക്കപ്പറമ്പിൽ
ചാക്കോ പെരിയപ്പുറം
ഡി. താരാനാഥൻ
ശോഭന കമലാസനൻ

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി



അധികാരം ജനങ്ങൾക്ക്